UNION CHRISTIAN COLLEGE MAGAZINE 2007-08



# ഗാന്ധിമാവിൻ ചുവട്ടിൽ...





# ഗാന്ധിമാവിൻ ചുവട്ടിൽ.....



Delighted with the ideal location

M K Gandhi

18 3/25

UNION CHRISTIAN COLLEGE, ALUVA 2007-08






നമുക്ക് മേലെ വാക്കുകളുടെ
തിരമാലകളുണ്ടെങ്കിലും
നമ്മുടെ ആഴം മൗനത്തിലാണ്.
ആഴമേറിയ മുറിവിൽ നിന്നോ
സ്വാനുഭവങ്ങളുടെ തീച്ചൂടിൽനിന്നോ
കിനിഞ്ഞിറങ്ങുന്ന
മൗനം
മെല്ലെ കനത്തുവന്ന്
ഒരു മഴയായ് പെയ്തൊഴിയും
പുൽക്കൊടി തുമ്പിൽ ഒരു
തുള്ളി ശേഷിക്കും വരെ.......



# ഗാന്ധിമാവിൻ ചുവട്ടിൽ

ശാന്തി മന്ത്രങ്ങളുരുവിടുന്ന
മഹാഗണിത്തണലിൽ സ്നേഹനിർഭരമായ
ഗാന്ധിമാവ്...!!
കലാലയ മുറ്റത്തേക്ക് നടന്നടുത്തപ്പോൾ
സഹിഷ്ണുതയുടെ ആദ്യപാഠങ്ങൾ
പകർന്നുതന്ന ഗാന്ധിമാവ്..!!
എതിർക്കുന്നവരേകൂടി
ഉൾക്കൊള്ളുവാനുള്ള ആർജ്ജവം
നിർലോഭം ചൊരിയുന്ന
മൗനമരത്തണലിൽ...
നമുക്കന്യമായ ഭാഷയിൽ
ഈ മഹത് വൃക്ഷം
വിളംബരം ചെയ്യുകയാണ്-
ഒരു ദേശത്തിന്റെ കഥ
ഒരു സംസ്ക്കാരത്തിന്റെ- അതിന്റെ
സഹനത്തിന്റെ, ആർദ്രതയുടെ
സ്നേഹത്തിന്റെ (Truth shall make you free)
അഹിംസയുടെ കഥ
നൂറ്റാണ്ടുകളോളം പഴക്കമുള്ള
സത്യത്തിന്റേയും അഹിംസയുടേയും
ആദ്യപാഠങ്ങൾ പകർന്നുതരുന്ന
ഈ ഗാന്ധിമാവിൻ ചുവട്ടിൽ
നിന്നുതന്നെയാകട്ടെ തുടക്കം.
എന്നിൽ നിക്ഷിപ്തമായ കർത്തവ്യത്തിൽ
സ്വമേധയാ ഉള്ള - തികച്ചും
വ്യക്തിപരമായ അലച്ചിലുകളുടേയും
കഷ്ടപ്പാടുകളുടേയും കഥപറയുന്നതി-
നേക്കാൾ ഉചിതം-
ആശയങ്ങളുടെ ആഴക്കടലായ
സ്വാതന്ത്ര്യത്തെ ഉൽഘോഷിക്കുന്ന
സഹിഷ്ണുതയേയും സഹനത്തേയും
കാതിൽ ചൊരിയുന്ന ഗാന്ധിമാവിന്റെ
കഥപറയുന്നതാണ്.
പ്രിയപ്പെട്ട കലാലയമേ ഈ
സ്നേഹോപഹാരം സ്വീകരിച്ചാലും

**ജിനോ ജോൺ**
എഡിറ്റർ





## Editorial Board


| | | |
|---|---|---|
| Chief Editor | : | Dr. Varghese John |
| Staff Advisor | : | Muse Mary George |
| Student Editor | : | Jino John |
| Staff Editors | : | Ms. Usha Rani<br>Sri. V.P. Markose<br>Dr. Sonia Chacko<br>Ms. Rekha Nair |
| Sub Editors | : | Vineeth Vijayan<br>Thasni M.K.<br>Allen |
| Committee Members: | : | Eldhose<br>Midhun Murali<br>Bibin Raj<br>Rahul Raj<br>Mariya<br>Ibrahim<br>Amruthraj<br>Midhun<br>Binil M.V.<br>Tajo<br>Thahir<br>Majeed<br>Syamkumar L.S.<br>Milson Francis |
| Layout | : | Jino John |
| D.T.P. | : | Varnam, N.Paravur |
| Printing | : | M.S. Offset, N.Paravur |


## Statement of Ownership


*Statement of Ownership and other particulars*

| | | |
|---|---|---|
| Place of publication | : | Aluva |
| Periodicity of publication | : | Annually |
| Printer's Name | : | Dr. Varghese John |
| Nationality | : | Indian |
| Address | : | Principal, U.C. College, Aluva |
| Publisher's Name | : | -do- |
| Editor's name | : | Jino John |
| Nationality | : | Indian |
| Address | : | Editor, U.C. College, ALuva |
| Printed at | : | MS Offset, N.Paravur |

I, Varghese John hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Principal

## Principal's Message



The academic year we have just left behind has been another year of commendable achievements for the College. I congratulate everyone who has contributed in different ways to make this possible. We go on, and enter another year in our lives, as individuals, as an institution.

Let us try to have the best plans and dreams for the year, both for those who are leaving the college this year, and those who continue here. Let us make good use of all the opportunities we have, constantly reviewing everything we do, and deciding to do better.

My best wishes!

Dr. Varghese John



# താളുകളിലൂടെ



## കഥ


കുഷിവള 59
ഒടുവിലായ് ഒരു വാക്ക് 28
അഗ്നിനാളം 55
കണ്ണടകൾ 61
പ്രണയം 71




## കവിത


ദക്ഷിണ 10
പുസ്തകപുരാണം 14
തിരയുന്ന വാക്കുകൾ 18
അകലുമോ നീ 21
കണ്ണാടിക്കാഴ്ചകൾ 22
നിലാവ് 27
എന്റെ സ്നേഹം നിനക്കു മാത്രം 31
മുൾക്കിരീടം 37
ഒടുവിൽ 38
പ്രയാണം 49
ഗുരുദക്ഷിണ 53
നൊസ്റ്റാൾജിയ 54
വിരഹം 57
വീണ്ടും 65
ശൂന്യത 70
കലാലയം 73
കവിതയിൽ ഞാനലിഞ്ഞിട്ട് 74
You 83
Time is precious 82
To my little girl 86
Thank you dear friend 85

अरमान 113
नैना तेरे नैना 114
लहरे दोस्ती कि 115




## പഠനം


വിനയ ചന്ദ്രിക 15




## നൊസ്റ്റാൾജിയ


ചരിത്രത്തിന്റെ ആൽബത്തിൽ ക്യാമ്പസ്സിന്റെ ചിത്രങ്ങൾ 11




## രാഷ്ട്രീയം


കലാലയങ്ങളിൽ രാഷ്ട്രീയം അനിവാര്യമോ? 19
India of his views - A critical appreciation 84


## ഓട്ടോഗ്രാഫ്




എന്റെ ഓർമ്മത്താളിലെ മഴച്ചീളുകൾ 32



## ഫീച്ചർ

ആലുവ പുഴയോരത്തെ ചരിത്രസ്മൃതികൾ 39

## ലേഖനം



മതമൈത്രി രാജ്യപുരോഗതിക്ക് 50
വിശ്വസംഗീതത്തിന് ഭാരതത്തിന്റെ സംഭാവന 23



മൂല്യാധിഷ്ഠിത വിദ്യാഭ്യാസം 66



Women empowerment, the need of the hour 93



## ഓർമ്മക്കുറിപ്പ്

ഒരു അദ്ധ്യാപകന്റെ ഓർമ്മക്കുറിപ്പ് 76
Burning light 87



## ശാസ്ത്രം

Organ Transplantation 95
Sorption and diffusion....... 99



## റിപ്പോർട്ടുകൾ

Principal's Report 102
Union Report 78
N.C.C. Report 109
N.S.S. Report 110



# EDITORIAL BOARD

**STAFF ADVISOR**



Muse Mary George

**SUB EDITORS**



Vineeth Vijayan



Thasni M.K.



Allen

## COMMITTEE MEMBERS



Thahir



Binil M.V.



Milson Francis



Majeed



Rahul Raj



Midhun



Bibin Raj



Tajo



Midhun Murali



Eldhose



Mariya Johny



Ibrahim



Amruthraj



Syamkumar L.S.



കലാലയ മുറ്റത്തെ
ചൈത്രനിലാവിന്റെ നിറഭേദങ്ങൾ
പകർന്നു നൽകുന്ന ഒറ്റയടിപ്പാതയിലെ
കുറെ നിഴലുകളെ
നിലാവെളിച്ചത്തിൽ മങ്ങിയ
"ഫ്രെയ്മിലൂടെ സൂം" ചെയ്യുകയാണിവിടെ





# ദക്ഷിണ

സനിൽകുമാർ എം.എസ്.
IInd BA Malayalam

ഒരു നാൽക്കവല
ദിക്കറിയാതെ ഞാൻ നിൽക്കുമ്പോൾ
ഒരാൾ നടന്നുവരുന്നു
വഴിപറഞ്ഞുതരാൻ പ്രതിഫലം ചോദിച്ചില്ല
ഒന്നുമറിയാത്ത ഞാൻ പരുങ്ങുമ്പോൾ
കുറെ അക്ഷരങ്ങൾ എനിക്കു തന്ന് അയാൾ പോയി
ഒന്ന് അമ്മയായി, അച്ഛനായ്
പലരും വന്നക്ഷരങ്ങൾ തന്ന് മടങ്ങി
ഒടുവിൽ തനിച്ച്, ചുറ്റും നോക്കി.
എല്ലാവഴിയും പരിചിതം
ഓർമ്മകൾ, നന്ദിവാക്ക് ചൊല്ലി
ഇനി ജീവിതത്തിലേക്ക്
ഒരിക്കൽ പറയാൻ മറന്നത് ഓർത്ത്
അരിമണികളിലോടുന്ന വിരലോർത്ത്
ഒന്നു പുളഞ്ഞിറങ്ങിയ മോതിരത്തെ ഓർത്ത്
ദൈവമേ ഗുരുവേ നന്ദി.



# ചരിത്രത്തിന്റെ ആൽബത്തിൽ ക്യാംപസിന്റെ ചിത്രങ്ങൾ



സജു മാത്യു
മലയാള വിഭാഗം

ആധുനിക കേരളചരിത്രത്തെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ ക്യാംപസുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. മലയാളിയുടെ സമസ്ത ജീവിത മണ്ഡലങ്ങളിലും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ മാറ്റങ്ങൾക്ക് അടിത്തറയൊരുക്കിയത് കാലാലയങ്ങൾ ആയിരുന്നു. അവിടെ നിന്നും ലഭിച്ച ശാസ്ത്രാവബോധവും യുക്തി ചിന്തയും കേരളീയ സമൂഹത്തെ നവീകരിക്കുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. ജാതി ചിന്തയുടേയും മതഭേദങ്ങളുടെയും അന്ധകാരത്തിൽ നിന്ന് പുറത്തു കടന്ന് ഒരു നവലോകം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത മലയാളി മനസ്സിലാക്കാനും അത് വഴിയൊരുക്കി. പാശ്ചാത്യവിദ്യാഭ്യാസ പ്രചാരണത്തിന്റെ ഭാഗമായി ക്രിസ്ത്യൻ മിഷണറിമാരാണ് ആധുനിക രീതിയിലുള്ള കലാലയങ്ങൾ ആരംഭിക്കുന്നത്. 1817ൽ സി.എം.എസ്. മിഷണറിമാർ സ്ഥാപിച്ച കോട്ടയത്തെ സി.എം.എസ്. ആണ് കേരളത്തിലെ ആദ്യ കലാലയം. പിന്നെയും വർഷങ്ങൾകഴിഞ്ഞാണ് തിരുവനന്തപുരത്ത് ഗവൺമെന്റ് കോളേജ് സ്ഥാപിതമാകുന്നത്. ആലുവ യു.സി. കോളേജ് ഉൾപ്പെടെ, സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പ് തന്നെ നിരവധി വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി നിരവധി കലാലയങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നു. സാമൂഹിക നീതി ഉറപ്പുവരുത്തുന്ന ഒരു വിദ്യാഭ്യാസ സംവിധാനം രൂപപ്പെട്ടുവരാൻ ഈ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ വളരെ വലുതാണ്.

സ്വാതന്ത്ര്യ സമരകാലത്ത് ചരിത്രത്തിലെ ഒട്ടനവധി തീവ്ര സമരങ്ങളുടെ തട്ടകമായി മാറാൻ കേരളത്തിലെ ക്യാംപസുകൾക്ക് കഴിഞ്ഞിട്ടുണ്ട്. പിൽക്കാലത്ത് കേരള രാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിച്ച നേതാക്കളിൽ പലരും അന്ന് വിദ്യാർത്ഥികൾ ആയിരുന്നു. വിദേശ ആധിപത്യത്തിന് എതിരെ അവർ നയിച്ച സമരങ്ങൾ ചരിത്രത്തിൽ ഇടം നേടി. 1947 ആഗസ്റ്റ് 14ന് അർദ്ധരാത്രി ദേശീയ പതാക ഉയർത്താൻ തയ്യാറായി വന്ന മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളെ സാമ്രാജ്യഭക്തരായ ഒരു സംഘം ക്രൂരമായി ആക്രമിച്ചു. മർദ്ദനമേറ്റ് ചോരയൊലിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾ 12 മണിക്ക്



തന്നെ പതാക ഉയർത്തി. ഈസംഭവത്തെ തുടർന്നുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭം കേരള മൊട്ടാകെ ചലനങ്ങൾ സൃഷ്ടിച്ചു. ഐക്യകേരളത്തിന് അനുകൂലമായ ഒരു രാഷ്ട്രീയ കാലാവസ്ഥ രൂപപ്പെട്ടുവന്നത് ഈ വിദ്യാർത്ഥി സമരങ്ങളിലൂടെ ആയിരുന്നു.

ഐക്യ കേരള രൂപീകരണത്തിനുശേഷം വിമോചന സമരം, അടിയന്തിരാവസ്ഥ, നക്സൽ പ്രസ്ഥാനം എന്നിവയ്ക്ക് വേദി ഒരുക്കിയതും ക്യാംപസുകൾ ആയിരുന്നു. വിമോചന സമരത്തോടെയാണ് വിദ്യാർത്ഥികൾ സാമൂഹിക ജിവിതത്തിലെ ഒരു സജീവ സാന്നിദ്ധ്യമായി മാറുന്നത്. അമ്പതുകളുടെ അന്ത്യത്തോടെ ഒരു തിരുത്തൽ ശക്തിയായി അവർ വളർന്നുവന്നു. അന്നു നടന്ന ഇത്തരം സാമൂഹിക ഇടപെടലുകൾ കേരള രാഷ്ട്രീയത്തിൽ യുവാക്കളുടെ നേതൃത്വം വളർന്നുവരാൻ സഹായിച്ചു. അന്നത്തെ വിദ്യാർത്ഥി സംഘടനകൾ എല്ലാം ഉദാത്തമായ സംസ്ക്കാരിക പ്രവർത്തനത്തിന്റെ പാതയിലൂടെയാണ് തങ്ങളുടെ രാഷ്ട്രീയത്തെ മുന്നോട്ടു കൊണ്ടുപോയിരുന്നത്. അതുകൊണ്ടു തന്നെ അവരുടെ കർമ്മ പരിപാടികൾ കാലത്തെയും സമൂഹത്തെയും ഏറെ സർഗ്ഗാത്മകമാക്കാൻ സഹായകമായി തീർന്നു.

അറുപതുകളും എഴുപതുകളും ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത് ക്യാംപസുകളുടെ കാലം എന്ന നിലയിൽ ആയിരുന്നു.

കാലത്തോടും ജീവിതത്തോടും കലഹിച്ച ഒരു തലമുറയാണ് അന്ന് ഉണ്ടായിരുന്നത്. സകല വിധ എസ്റ്റാബ്ലിഷ്മെന്റുകൾക്കും എതിരെ അവർ സമരം ചെയ്തു. എഴുത്തും വായനയും പ്രാഥമികാവശ്യമായി മാറിയ ആ കാലത്തെ യൗവ്വനം ഏറെ സമരതീഷ്ണമായിരുന്നു. നെരുദയും ചെഗുവേരയും അന്നത്തെ വിദ്യാർത്ഥികളുടെ ആവേശമായി മാറി. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനവും വിയറ്റ്നാം ജനതയുടെ ദേശീയ വിമോചന സമരവും അന്ന് ക്യാംപസുകളിലെ സജീവ ചർച്ചാവിഷയമായിരുന്നു. ലിറ്റിൽ മാഗസിനുകൾ, ഫിലിം സൊസൈറ്റികൾ, നാടക സംഘങ്ങൾ എന്നിവ ക്യാംപസിനെ ഏറെ ചലനാത്മകമാക്കി. ബാലചന്ദ്രൻചുള്ളിക്കാട്, സച്ചിദാനന്ദൻ, ജോൺ എബ്രഹാം, അരവിന്ദൻ, ഗ്രേസി, വിജയലക്ഷ്മി എന്നിങ്ങനെ പ്രശസ്തരായ നിരവധി പ്രതിഭകളുടെ കടന്നുവരവിന് ഇത് വഴിയൊരുക്കി.

എഴുപതുകളിൽ അടിയന്തരാവസ്ഥയുടെ അമാവാസികളിൽ ആണ് ക്യാംപസുകളിലെ സംസ്ക്കാര പ്രവർത്തനം മൂർദ്ധന്യത്തിലെത്തുന്നത്. സാംസ്ക്കാരിക വേദിയുടെ ലേബലിൽ കേരളത്തിൽ നക്സൽ പ്രസ്ഥാനം സ്വാധീനം ഉറപ്പിച്ചതും ഇതേ കാലയളവിൽ ആയിരുന്നു. തെരുവുനാടകങ്ങളിലൂടെയും ചൊൽക്കാഴ്ചകളിലൂടെയും ഭരണകൂടവിരുദ്ധ വികാരത്തെ പൊതുജനമനസാക്ഷിക്കു മുന്നിൽ എത്തിക്കാൻ



അവർക്ക് കഴിഞ്ഞു. രാജന്റെ തിരോധാനത്തെ തുടർന്നു നടന്ന സമരങ്ങൾ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾക്ക് വളക്കൂറുള്ള മണ്ണായി കേരളത്തിലെ ക്യാംപസുകളെ മാറ്റി തീർത്തു. ഹിപ്പിസവും ആധുനികതയും വന്നു പോയതും ഇതേ കാലയളവിൽ ആയിരുന്നു.

എൺപതുകൾ മുതൽ അക്രമരാഷ്ട്രീയത്തിന്റെ പേരിൽ ആണ് കേരളത്തിലെ കലാലയങ്ങൾ പത്രമാധ്യമങ്ങളിൽ ഇടം നേടുന്നത്. വിദ്യാർത്ഥികൾക്ക് നേരെയുള്ള ക്രൂരമായ പോലീസ് മർദ്ദനങ്ങൾ തുടർക്കഥകൾ ആയി മാറി. തൊണ്ണൂറുകളിലും വിദ്യാർത്ഥികളുടെ രാഷ്ട്രീയപ്രവർത്തനം തടയാൻ കോളേജധികൃതർക്ക് അധികാരമുണ്ടെന്ന കോടതിവിധി വന്നതോടെ ഇലക്ഷനും നടക്കാതെ ആയി. സമീപ വർഷമാണ് ചിലനിയന്ത്രണങ്ങൾക്ക് വിധേയമായിട്ട് വീണ്ടും ഇലക്ഷൻ നടക്കുന്നത്.

രണ്ടായിരത്തിനുശേഷം ക്യാംപസ് എന്ന സങ്കൽപത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. കൂണുപോലെ മുളച്ചുപൊന്തിയ സ്വാശ്രയ കോളേജുകൾ സാമൂഹികനീതിക്ക് തുരങ്കം വെച്ചു. കൺസ്യൂമറിസത്തിന്റെ വ്യാപനവും കരിയറിസത്തിന്റെ ആധിപത്യവും ക്യാംപസിന്റെ മനോഭാവത്തിൽ തന്നെ മാറ്റം വരുത്തി. മുഖസൗന്ദര്യവും ഗ്ലാമറും ഫാഷൻഷോയും പുതിയ ക്യാപസിന്റെ മുഖമുദ്രകൾ ആയി മാറി. പഴയ തലമുറയുടെ പവിത്രമായ സങ്കല്പങ്ങൾക്ക് എല്ലാം പുതിയ തലമുറ പാരഡി ചമയ്ക്കുന്നു. നൊസ്റ്റാൾജിയ വിറ്റു പോകുന്ന ഇടങ്ങളായി മാത്രം മാധ്യമങ്ങൾ ക്യാംപസുകളെ സമൂഹത്തിനുമുന്നിൽ ചിത്രീകരിക്കുന്നു. ഇങ്ങിനെ നമ്മുടെ ക്യാമ്പസുകളുടെ വർത്തമാനം ശൂന്യവും വികലവുമായി അവശേഷിക്കുന്നു.

കഴിഞ്ഞ 50 വർഷങ്ങൾക്കിടയിൽ നമ്മുടെ ക്യാമ്പസ്സുകളുടെ രൂപ ഭാവങ്ങൾ തന്നെ മാറിക്കഴിഞ്ഞിരിക്കുന്നു. ഗുണമേന്മയിലും സാമൂഹിക നീതിയിലുമെല്ലാം പിന്നോക്കം പോകുന്ന കേരളത്തിലെ കലാലയങ്ങൾ ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ചരിത്രത്തിന്റെ ഭാരം പേറുന്ന നമ്മുടെ ക്യാമ്പസ്സുകൾ പുതിയ നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടാൻ ഒരുങ്ങേണ്ടതുണ്ട്.

# പുസ്തക പുരാണം

ഹരിത 94
(താര കെ. സൈമൺ
ബോട്ടണി ഡിപ്പാർട്ട്മെന്റ് )



പുസ്തകം
തുറന്നു വായിക്കേണ്ടതാണെന്നറിവില്ലാത്ത
ഒരു പാവമാണ്
അതിന്റെ ഇതളുകൾ തുന്നിച്ചേർത്തത്
തുറക്കാത്ത താളുകൾ
വായനക്കാരനെ അലോസരപ്പെടുത്തി
പൊടുന്നനെ
പുത്തൻ ബ്ളേഡുകൊണ്ട്
അവൻ വരികളെ സ്വതന്ത്രരാക്കി.
കുത്തഴിഞ്ഞ പുത്തൻ പുസ്തകം
വയ്യ
ചടുലമായ വിരലുകളാൽ
വരികൾക്കിപ്പുറം അവൻ
പുതിയ സൂചിമുനകൾ ഇറക്കി
പുത്തൻ നാടകളാൽ
ഹൃദയം വരിഞ്ഞു മുറുക്കി
കുളിർക്കെ ഫെവിക്കോൾ തേച്ച്
ആദ്യന്തങ്ങളുടെ മുറിവുണക്കി

ഇപ്പോൾ
സൗകര്യാർത്ഥം വായിക്കപ്പെടാവുന്ന
പുസ്തകം.............
എങ്കിലും
നാടകളില്ലാത്ത പഴയ സുഷിരങ്ങൾ
ഇടക്കിടെ അവനെ
അസ്വസ്ഥനാക്കുന്നുണ്ട്
വായനക്കാരനെന്നും
വരികളത്രേ വലുത്
ഒരിക്കൽ ഈ പുസ്തകവും
എന്റെ ജീവിതവും
രണ്ടല്ലാതാകുമെന്നറികായ്കയല്ല
അന്ന്
ഈ വരികളും മനസ്സും എവിടെയായിരിക്കും



ഡി.ദിവ്യ
ഗവേഷണ വിദ്യാർത്ഥി
മലയാള വിഭാഗം



# വിനയചന്ദ്രിക

(കവിയും അദ്ധ്യാപകനുമായ ഡി.വിനയചന്ദ്രനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പ്)

"ഒരു രാഷ്ട്രത്തെ നിർവ്വചിക്കുന്നതും, നയിക്കുന്നതും ആസുരതയിൽ നിന്ന് ദേവത്വത്തിലേക്ക് ഉയർത്തുന്നതും അവിടത്തെ അദ്ധ്യാപകരാണെന്ന വിനയത്തോടെ ഉണർന്നിരുന്നു. ശരീരങ്ങളുടെ ഹാജരല്ല, സംവദിക്കുന്ന ആത്മാവുകളുടെ അനുഭവമാണ് ക്ലാസ്സ് മുറികൾ എന്ന് എപ്പോഴും ഓർത്തിരുന്നു. ഇടമുറിയാതെ ഒഴുകുന്ന യൗവ്വനത്തിന്റെ അനവധി വർത്തമാനങ്ങളുമായി ഇടപഴകിയത് പാഠ്യപദ്ധതികൾക്കും മുറികൾക്കും വെളിയിലായിരുന്നു. ഞാൻ യൗവ്വനത്തെ ചൊടിപ്പിച്ചു,സംഘടിപ്പിച്ചു, പ്രണയപ്രചോദിതരും, ആദർശപ്രതിജ്ഞാബദ്ധരുമാക്കാൻ പ്രേരിപ്പിച്ചു.
( ഡി. വിനയചന്ദ്രൻ"ശ്രീ" ജൂൺ 6,2004)
വെയിൽ തിളയ്ക്കുന്ന ഒരു പകൽ, മഞ്ഞ കോളാമ്പി പൂക്കളും,ചുവന്ന അരളിപ്പൂക്കളും,, രാജമല്ലിയും തലയാട്ടി നിൽക്കുന്നു. ഇഞ്ചിപ്പുല്ലിന്റെയും കൃഷ്ണതുളസിയുടെയും ഗന്ധം കലർന്ന ഇളംകാറ്റ്, മന്ദാരച്ചോട്ടിൽ വട്ടമിട്ടിരുന്ന കണ്ണുകളെല്ലാം ഒരേ ശബ്ദത്തിന്റെ മാന്ത്രികതയിൽ..... ഇടിമുഴക്കത്തിന്റെ പ്രചണ്ഡതയോടെ, എന്നാൽ താളാത്മകമായി കവിത ഒഴുകുന്നു.

"നിർഹേതുക പ്രേമത്തെ ചൊല്ലി
നൂറാവർത്തി ചാവുകിൽ"
ആശാൻ കവിതയിലെ നായികമാരുടെയെല്ലാം ജീവിതം നായക സാന്നിധ്യം ഇല്ലെങ്കിലും നായകോന്മുഖമാണ്, നായികമാരുടെ സ്നേഹവിഷാദ സംഘർഷങ്ങളാണ്, വൈകാരിക വേലിയേറ്റങ്ങളാണ്, ആശാൻ കവിതയുടെ ഉയിർ. പരമാത്മതുല്യരായ പുരുഷകഥാപാത്രങ്ങൾക്കു വേണ്ടി ദുരന്തങ്ങൾ ഏറ്റുവാങ്ങുന്ന നായികമാർ ഒരർത്ഥത്തിൽ വിപ്ലവകാരികളാണ്. അവരുടെ പ്രണയം മൃത്യുഞ്ജയങ്ങളാണ്...." ആത്മാവിൽ കത്തിജ്വലിക്കുന്ന പ്രണയം ഉള്ളവനിൽ നിന്നെന്നപോലെ ജന്മം കൊള്ളുന്ന വാക്കുകൾക്ക് തീവ്രതയേറി വരുന്നു.

ഷേക്സ്പിയർ, നെരൂദ, ഒക്ടോവിയോ പാസ്, ഇടപ്പള്ളി, ചങ്ങമ്പുഴ എന്നിവരുടെ പ്രണയത്തെക്കുറിച്ചുള്ള വരികളിൽ കൂടി പറന്ന് കഴിഞ്ഞിട്ടും മാഷിന്റെ കണ്ണുകളിലെ തിളക്കമോ, അനുഭൂതികളുടെ തിരയിളക്കമോ അൽപം പോലും കുറഞ്ഞില്ല.

" ഇക്കൊച്ചുമക്കളും പൂഴിയും പൂക്കളും
പച്ചിലക്കുമ്പിളും മേഘനിശ്വാസവും
എന്റെയെന്നുള്ളോരലിവിലും അഗാധത്തി-
ലെന്റെയെന്നില്ലെന്ന നിർലോഭദീപ്തിയാം
(വീട്ടിലേക്കുള്ള വഴി)

കർക്കിടകമാസത്തിലെ ഒരു പ്രഭാതം. ക്ലാസ്സിലെ കൊച്ചുവർത്തമാനങ്ങൾക്കിടയിൽ നിന്ന് രാമായണം വായനയിലേക്കും, എഴുത്തച്ഛനിലേക്കും സംസാരം നീണ്ടപ്പോൾ പൊടുന്നനെ എവിടെ നിന്നോ ഒരു കൊടുങ്കാറ്റ് പോലെ വിനയൻമാഷ് വന്നു.

"ഭാഗവതം കിളിപ്പാട്ടിലെ കരളിൽ വിവേകം" എന്ന ഭാഗം പഠിച്ച് നാളെ തന്നെ എന്നെ ചൊല്ലി കേൾപ്പിക്കണം"
കർക്കിടകമാസത്തിലെ രാമായണപാരായണത്തിന്റെ ഭക്തി ക്ലാസ്സിൽ നിറഞ്ഞു. രാമായണം കിളിപ്പാട്ടിലെയും, മഹാഭാരതം കിളിപ്പാട്ടിലെയും വരികൾ സ്വയം മറന്നെന്ന പോലെ മാഷ് ഞങ്ങൾക്ക് ചൊല്ലിത്തന്നു. എഴുത്തച്ഛൻ തന്നെ വന്ന് ചൊല്ലുന്നതാണോ എന്ന പ്രതീതി ഉളവാക്കുന്നതായിരുന്നു. ഭാവപൂർണ്ണതയും, സന്ദർഭാനുസാരം ആരോഹണാവരോഹണങ്ങളും മാറി മാറി വരുന്നതുമായ ആ ആലാപനം. എഴുത്തച്ഛനെക്കുറിച്ച് പറയുമ്പോഴെല്ലാം" വാരിധി തന്നിൽ തിരമാലകൾ എന്ന പോലെ' പദങ്ങൾ വിനയൻമാഷിന്റെ നാവിൽ നൃത്തമാടി. പിന്നീട് എഴുത്തച്ഛൻ കവിത വായിക്കുമ്പോഴെല്ലാം വിനയൻമാഷിന്റെ ആലാപനമാണ് മനസ്സിൽ നിറയുന്നത്.

II

"ഞങ്ങൾ സ്ഥലം വിടുകയാണ്. നിങ്ങൾ വേഗം ലൈബ്രറിയിൽ പൊയ്ക്കോ. ഇവിടിരുന്നാൽ വിനയൻ മാഷ് ഇനിയും ക്ലാസ്സെടുക്കും"പറഞ്ഞു തീരുംമുമ്പേ ആൺകുട്ടികൾ പുറത്തേക്കോടി പെൺകുട്ടികൾ ക്ലാസ്സിൽ തന്നെയിരുന്നു. പെട്ടെന്ന് വിനയൻമാഷ് കയറി വന്നു. രാവിലെ തുടർച്ചയായി മൂന്ന് മണിക്കൂർ പഠിപ്പിച്ചതാണ്. മൂന്ന് നാല് അവധിദിനങ്ങൾ അടുപ്പിച്ചുള്ളതിനാൽ മിക്ക അദ്ധ്യാപകരും അന്ന് വന്നിരുന്നില്ല.

"നമുക്ക് തുടരാം....

ക്ലാസ് വൈകുന്നേരം വരെ തുടർന്നു. അമ്മിണി ചേച്ചി വന്ന് മുറി പൂട്ടാറായെന്ന് പറഞ്ഞപ്പോഴാണ് മാഷ് ക്ലാസ് നിർത്തി പോയത്.

" പഠിപ്പിക്കാൻ ഇത്രയും ആക്രാന്തമുള്ള ഒരു സാറിനെ ഞാനിതേവരെ കണ്ടിട്ടില്ല" ചേച്ചിയുടെ കമന്റ് കേട്ട് ഞങ്ങൾ പൊട്ടിച്ചിരിച്ചെങ്കിലും ആലോചിച്ചപ്പോൾ നൂറുശതമാനവും ശരിയാണെന്ന് തോന്നി.

III

ഒരു യാത്രയും വെറുതെയല്ല ഓരോന്നും മനസ്സുകളിലേക്കും സംസ്ക്കാരങ്ങളിലേക്കുമുള്ള യാത്രകളാണ്. ഓരോ യാത്രയും ചിലത് അനുഭവിപ്പിക്കുന്നു. അങ്ങനെ അനുഭവങ്ങളുടെ സാന്ദ്രതയേറുന്നു.

"യാത്രപ്പാട്ടിന്റെ" കവിയ്ക്ക് യാത്രകൾ എന്നും ഹരമാണ്. കന്യാകുമാരിയിലെ സാഗരസ്നാനവും, ഹിമവാനിലൂടെയുള്ള ഏകാന്തയാത്രയുമെല്ലാം മാഷിന്റെ കവിതകളിലും കടന്നുവന്നു. യാത്രകളിലൂടെ അറിഞ്ഞതിൽ പാതി കവിതകളായി പിറന്നു. കവിതയെ എന്നപോലെ യാത്രകളെയും മാഷ് പ്രണയിക്കുന്നു. പി. കുഞ്ഞിരാമൻ നായരെ പോലെ ഒരു അവധൂതൻ ആണ് വിനയൻമാഷും. ചിലപ്പോൾ ജുബ്ബയുടെ പോക്കറ്റിൽ മിഠായിയുമായി പ്രത്യക്ഷപ്പെടും. അത് കുട്ടികളായ ഞങ്ങൾക്കുള്ളതാണ്. തീർത്ഥാടനം കഴിഞ്ഞാണ് വരുന്നതെങ്കിൽ ശബരിമലയിലെ അപ്പം, മൂകാംബികയുടെ കുങ്കുമം, തിരുവില്വാമലയിലെ ചന്ദനം എല്ലാം ഞങ്ങൾക്ക് തരും.

മാഷിനോടൊപ്പമുള്ള ഞങ്ങളുടെ രണ്ട് യാത്രകൾ മറക്കാനാവാത്തതാണ്. ഏകദിന യാത്രയിൽ വെള്ളച്ചാട്ടത്തിനു സമീപം ഞങ്ങൾ നിന്നപ്പോൾ ആ വെള്ളക്കൊലുസിന്റെ സൗന്ദര്യത്തെപ്പറ്റി, സൃഷ്ടിരഹസ്യത്തിന്റെ നിഗൂഢതകളെപ്പറ്റി മാഷ് വാചാലനായി. മറ്റൊരിക്കൽ ഒരു തീവണ്ടിയാത്രയിൽ നാടൻപാട്ടുകളും, കവിതകളുമായി മാഷ് നിറഞ്ഞുനിന്നു. കലാമണ്ഡലത്തിൽ എത്തിയപ്പോൾ അവിടെ അന്ന് അരങ്ങേറാൻ പോകുന്ന ചില കലാരൂപങ്ങളെ കുറിച്ച് ആധികാരികമായി പറഞ്ഞു തന്നതും ഒരിക്കലും മറക്കാനാവില്ല.

IV

"അക്ഷരപ്പള്ളിക്കൂട"ത്തിൽ നടുമുറ്റത്ത് നിന്ന് ആർപ്പുവിളികൾ ആരവം നിലച്ചപ്പോൾ ഒരു ഗാനം.

"ആ കൊമ്പത്തമ്മാനം- ഈകൊമ്പത്തമ്മാനം... വിനയൻമാഷ് പാടുന്നത് ഞങ്ങൾ ഏറ്റു പാടുന്നു. പാട്ടിന്റെ വേഗത കൂടികൂടി വന്നപ്പോൾ പെൺകുട്ടികൾ പിൻവാങ്ങി. ആൺകുട്ടികൾ മാത്രം ഏറ്റുപാടി. ഒടുവിൽ അവരും മാഷിന്റെ താളത്തിനൊപ്പം എത്താനാവാതെ തോറ്റുപോയി.

ഇത് ' അക്ഷരപള്ളിക്കൂട'ത്തിലെ ഒരു 'വ്യാഴവട്ടക്കാഴ്ച' നാടൻപാട്ടുകളും കവിതകളും എല്ലാ വ്യാഴാഴ്ചകളിലും ഉച്ചനേരത്ത് മാഷും കുട്ടികളും ചേർന്ന് അവതരിപ്പിക്കുന്നു. ലോകത്തിലെ വിവിധ ഭാഷകളിലുള്ള കവിതകളുടെ ഇംഗ്ലീഷ് വിവർത്തനങ്ങൾ വിനയൻമാഷ് ഞങ്ങളെക്കൊണ്ട് വായിപ്പിക്കും. സ്വന്തം സൃഷ്ടികളും വിദ്യാർത്ഥികൾക്ക് വായിക്കാം. ചില 'വ്യാഴവട്ട' നേരങ്ങളിൽ വിനയൻമാഷിനെ കാണാൻ വരുന്ന കലാകാരന്മാരും, സാഹിത്യകാരൻമാരും, പൂർവ്വ വിദ്യാർത്ഥികളും എല്ലാം നടുമുറ്റത്ത് അതിഥികളായി വരാറുണ്ട്. ഈ കൂട്ടായ്മയുടെ അമരക്കാരനായി വിനയൻമാഷും ഉണ്ടാകും.

V

"കാണുന്നു കാണുന്നു കാണാത്ത വർണ്ണങ്ങൾ
കേൾക്കുന്നു കേൾക്കുന്നു കേൾക്കാത്ത ശബ്ദങ്ങൾ
രാപകലെണ്ണിയടങ്ങാത്ത ഗന്ധങ്ങൾ
മാരിവെയിലെണ്ണി മാറാത്ത കാറ്റുകൾ
പൂർണ്ണവിരക്തമാം ധ്യാന ഖണ്ഡങ്ങൾ
സമ്പൂർണ്ണമാകാത്ത രതി പ്രകാണ്ഡങ്ങളും..."
(കാട്)

'കാടി'ന്റെ കവി ലെറ്റേഴ്സിലെ കാടുപിടിച്ചുകിടക്കുന്ന ചെടികൾക്കിടയിലേക്ക്.....
കൂടെ ഞങ്ങളും.

"പുല്ല് പറിക്കുന്നതും ചെടി വയ്ക്കുന്നതുമൊക്കെ കൊള്ളാം, ഞാൻ നട്ട ചെടികൾ പിഴുതെറിയരുത്.
ഓരോ ചെറിയ ചെടിയെക്കുറിച്ച് പോലും മാഷ് വിവരണങ്ങൾ നൽകി.

"ഉഴിഞ്ഞ കണ്ടാൽ നിങ്ങൾ ആരെങ്കിലും തിരിച്ചറിയുമോ?
ഇതാണ് ഉഴിഞ്ഞ ദശപുഷ്പങ്ങളിലൊന്നാണ്. അത് തോണ്ടി എറിയരുത്"
അൽപ നേരം കഴിഞ്ഞ് കുറച്ചുപേർ പതുക്കെ വലിയാൻ തുടങ്ങിയപ്പോൾ മാഷ് വെടിപൊട്ടിച്ചു.
" ചെറുപ്പക്കാരായ നിങ്ങൾ ഇപ്പഴേ വയസ്സന്മാരായോ?
കൂട്ടച്ചിരികൾക്കിടയിൽ അവർ വീണ്ടും വന്നു.

" ഇത് മാങ്കോസ്റ്റിൽ ആണ്. ബഷീറിന്റെ സ്മരണയ്ക്കായി നമുക്ക് ഇത് ഇവിടെത്തന്നെ നടാം"
മാഷ് മാങ്കോസ്റ്റിൻ തൈ നട്ട്, വെള്ളമൊഴിച്ചു. ഒടുവിൽ എല്ലാവരെയും കൂട്ടി കാപ്പിക്കടയിലേക്ക്...

V

"സ്നേഹം സമുദ്രമെന്നറിയുക മനസ്വിനി
സ്നേഹിപ്പവർക്കില്ല സ്വാസ്ഥ്യവും ശാന്തിയും"
(പോകു പ്രിയംവദേ)

അനിവാര്യമായ പിരിഞ്ഞുപോകലിന്റെ നാളുകൾ. വല്ലപ്പോഴും ഒരു കത്തിടണം എന്ന് മാഷ് പറഞ്ഞപ്പോൾ വെറും ഭംഗിവാക്കായേ എനിക്ക് തോന്നിയുള്ളൂ.
പുതിയ ലോകം, പുതിയ മുഖങ്ങൾ. അദ്ധ്യാപികയാവാൻ ഉള്ള മുന്നൊരുക്കങ്ങൾ. ഏറെ തിരക്കുള്ള ഒരു കവിയിൽ നിന്ന് മറുപടി പ്രതീക്ഷിക്കാത്തതിനാൽ മേൽവിലാസം വയ്ക്കാതെ ഞാൻ മാഷിന് എഴുതി. എന്നാൽ കോളേജ് മേൽവിലാസത്തിൽ വന്ന മറുപടി വായിച്ചപ്പോൾ എന്റെ കണ്ണുകളിൽ നനവ് പടർന്നിരുന്നോ?



# തിരയുന്ന വാക്കുകൾ

വിഷ്ണുരാജ് എൻ.ആർ.
IIndBSc. ഫിസിക്സ്

അതൊരു വാടകമുറിയായിരുന്നു
അവിടെ എന്നോടൊപ്പം പാർത്തവർ
അവരാരെന്നെനിക്ക് നിശ്ചയമില്ല
സ്വപ്നങ്ങളുടെ തീവണ്ടിയാത്രയിൽ
പലരും അവിടേക്ക് കടന്നുവന്നു
അവരുടെയൊക്കെ എച്ചിൽ പാത്രമായിരുന്നു
എന്റെ ഹൃദയം
ആകാശത്തിലെ കറുത്ത നക്ഷത്രങ്ങളെയും
ഭൂമിയിലെ തമോഗർത്തങ്ങളെയും
എണ്ണിയിരുന്ന കാലത്താണ്
എനിക്ക് നിന്നെ ലഭിച്ചത്
യുഗങ്ങളുടെ കാത്തിരിപ്പിനുശേഷം
മലമുഴക്കി ആസ്വദിക്കുന്ന പുതുമഴ പോലെ
കണ്ണടച്ചിരുട്ടാക്കി ആളുകളൊഴിഞ്ഞപ്പോൾ
നനഞ്ഞ പുതുമണ്ണുമെഴുകിയ തളത്തിൽ
കുന്തിച്ചിരുന്ന് ബലിയിടുമ്പോൾ
എള്ളുപറ്റിയ മോതിര വിരലിൽ
ഉരുണ്ടു തിരയുന്ന ബ്രഹ്മാണ്ഡത്തിൽ
ഞാൻ കണ്ട പ്രകാശം നീയായിരുന്നു.
വീതിച്ചു നൽകാൻ രക്തവും മാംസവുമില്ലാതെ
കാലിയായ കാസപ്പാത്രങ്ങൾ
ദാഹവും വിശപ്പുംകൊണ്ട് മുരണ്ടിരുന്നപ്പോഴും
എന്റെ കണ്ണുകൾ നിന്നിലായിരുന്നു.
എന്റെ ഉദയാസ്തമയങ്ങൾ
നിന്റെ കാൽച്ചുവട്ടിലായിരുന്നു
ചുവന്ന ചട്ടയിട്ട പുസ്തകങ്ങളൊക്കെ
വിപ്ലവ ചരിത്രം വിഴുങ്ങിയപ്പോഴും
ഞാൻ തിരഞ്ഞത് നിന്റെ വാക്കുകളെയായിരുന്നു
കാരണം...
നീയറിഞ്ഞില്ലെങ്കിലും
എന്നിലെ ചേതനകളെ ഉണർത്തിയത്
എന്നെ ഞാനാക്കിയത് നീയായിരുന്നു



# കലാലയങ്ങളിൽ രാഷ്ട്രീയം അനിവാര്യമോ?



വി.ആർ. ധരണീന്ദ്രൻ
ഓഫീസ് സ്റ്റാഫ്

എവിടെയും രാഷ്ട്രീയ ചുവയുള്ള ഈ കാലഘട്ടത്തിൽ ഇതെന്ത് ചോദ്യമെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ ഏതൊരു ചോദ്യത്തിനും വ്യക്തമായൊരു ഉത്തരം കണ്ടെത്താൻ ശ്രമിക്കണമല്ലോ? രാഷ്ട്രീയത്തെ നമുക്ക് രണ്ട് കോണിൽ കൂടി നോക്കിക്കാണുവാൻ സാധിക്കും. ഒരു കോണിൽ കൂടി നോക്കുമ്പോൾ രാഷ്ട്രീയം ജീവിതത്തിൽ പ്രവേശിക്കുന്ന പ്രശ്നമേ ഇല്ല എന്നുള്ള ഒരു നിഗമനത്തിൽ നാം എത്തിച്ചേരും. കാരണം ഇന്ന് ഈ ലോകം അങ്ങിനെയാണ്. നിത്യേന നമ്മുടെ പത്രങ്ങളിലൂടെയും റേഡിയോവിലൂടേയും അവിടവിടെയായി നടക്കുന്ന കൊലപാതകങ്ങളുടെയും വാർത്തകൾ നമുക്ക് സുപരിചിതമാണ്. ഒരു നിത്യ സംഭവമായതുകൊണ്ട് ആരും ഈ വാർത്തകൾക്ക് അത്ര വില കൽപ്പിക്കുന്നില്ല. ഒരു പരിധിവരെ ഇതിനെല്ലാം ഉത്തരവാദി ഇന്നത്തെ ഈ ദുഷിച്ച് നാറിയ രാഷ്ട്രീയമാണ്. അധികാര കസേരകൾക്ക് വേണ്ടി മനുഷ്യൻ മൃഗങ്ങളെക്കാൾ അധമനാകുന്നത് ചിലപ്പോഴൊക്കെ നമുക്ക് കാണുവാൻ സാധിക്കും. ഒരു ഉറുമ്പിനെ കൊല്ലുന്ന ലാഘവത്തോടെ മനുഷ്യൻ മനുഷ്യനെ തന്നെ വേട്ടയാടുന്നു. ഒരു ചെറിയ പുഴുവിനുപോലും ജീവൻ നൽകുവാൻ സാധിക്കാത്ത ഈ മനുഷ്യൻ മുൻപറഞ്ഞ അതേ ലാഘവത്തോടെ രാഷ്ട്രീയത്തിന്റെ മറയിലൂടെ രക്ഷപ്പെടുന്നു. ശിക്ഷിക്കപ്പെടുന്നത് നിരപരാധികൾ. ഈ വിരോധാഭാസം ഇപ്പോഴും നിർബാധം തുടരുകയാണ്. ലക്കുംലഗാനുമില്ലാതെ പോകുന്ന ഈ രാഷ്ട്രീയ ലോകം എവിടെയാണ് ചെന്ന് അവസാനിക്കുന്നതെന്ന് ഓർക്കുന്നതിനേക്കാൾ ഭേദം കടലോരത്തെ മണൽത്തരികൾ എണ്ണുകയാണ്. രാഷ്ട്രത്തിന്റെ ന്മയ്ക്കും ജനങ്ങളുടെ നന്മയ്ക്കും വേണ്ടി അടരാടിയിരുന്ന മഹാത്മാ ഗാന്ധിയേപ്പോലുള്ള നമ്മുടെ പ്രിയപ്പെട്ട നേതാക്കന്മാർ അകാലചരമമടഞ്ഞത് ചിലരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയാണെന്ന് നമ്മൾ ഓർക്കണം.

ഇങ്ങിനെയുള്ള ഒരു ലോകത്തേയ്ക്കാണോ നിങ്ങൾ മഹാവിദ്യാലയങ്ങളിൽ വിദ്യ അഭ്യസിക്കുന്നവർ പ്രവേശിക്കേണ്ടത് എന്നാണ് ചോദ്യം. പക്ഷെ വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾ എങ്ങിനെയാണ് പരിഹരിക്കപ്പെ

ടുക? അതിന് അവർ സംഘടിക്കണം. സംഘടിച്ചേതീരൂ. സംഘടനകൾ രാഷ്ട്രീയാടിസ്ഥാനത്തിൽ വേണമെന്നില്ല. മറിച്ച് അത് രാഷ്ട്രീയാടിസ്ഥാനത്തിലാണെങ്കിലും പുറം ലോകത്തെ കൊലപാതകരാഷ്ട്രീയ സംഘടനകളെപ്പോലെ നാമെന്തിന് അധഃപതിക്കണം. ന്യായമായ ആവശ്യങ്ങളാണെങ്കിൽ ന്യായമായ രീതിയിൽ നേടിയെടുക്കാൻ ശ്രമിക്കുക അല്ലാതെ ആവശ്യങ്ങളെ സംരക്ഷിക്കുവാൻ മഴപെയ്യുമ്പോൾ പറമ്പുകളിൽ തകരകൾ പൊട്ടിമുളയ്ക്കുന്നതുപോലെ കലാലയങ്ങളിൽ രാഷ്ട്രീയ കക്ഷികൾ രൂപം കൊണ്ട് തുടങ്ങിയാൽ ഇന്നത്തെ വിദ്യാർത്ഥി തലമുറയുടെ ഭാവി അന്ധകാരത്തിലാണ്ടു പോകുവാൻ അധികം താമസിക്കേണ്ടി വരികയില്ല. ഇങ്ങിനെയുള്ള ചെറു സംഘടനകൾ അവരവരുടെ അധികാരത്തിനും പ്രശസ്തിക്കും വേണ്ടി പലതും കാട്ടിക്കൂട്ടുന്നു. ബലിയാടുകളാകുന്നത് ഭൂരിപക്ഷം വരുന്ന മറ്റ് വിദ്യാർത്ഥികൾ. ആധുനിക യുഗത്തിന്റെ മുഖമുദ്രയാണ് ക്ഷോഭിക്കുന്ന യുവാക്കൾ എന്ന് കേട്ടിട്ടുണ്ട്. എന്നാൽ അറിവും, സംസ്ക്കാരവും അഭ്യസിക്കുവാൻ വരുന്ന വിദ്യാർത്ഥി അവന്റെ നിലപാട് അപ്പപ്പോൾ സ്വീകരിക്കേണ്ടതുണ്ട്. അനാവശ്യമായി ക്ഷോഭിച്ചതുകൊണ്ടോ, പ്രക്ഷോഭണങ്ങൾ അഴിച്ചുവിട്ടതുകൊണ്ടോ ഒരു കാര്യത്തിനും ശാശ്വതമായ പരിഹാരം കാണുവാൻ സാധിക്കുകയില്ല. ഇപ്രകാരം അനാവശ്യമായ രാഷ്ട്രീയ സംഘടനകൾ കലാലയങ്ങളിൽ ഒഴിവാക്കി" അന്യജീവനുതകി സ്വജീവിതം ധന്യമാക്കൂ" എന്ന കവിവാക്യം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ കലാലയ ജീവിതം എത്ര സുന്ദരമായിരിക്കും!!

അക്രമരഹിതമായ ഒരു കലാലയം വാർത്തെടുത്ത യു.സി. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ

# അകലുമ്പോൾ നീ

വിജിത പി.വി.
Ist MSc ഫിസിക്സ്

**അ**റിയില്ലെനിക്കെൻ പ്രണയസഖീ,
അകലുവതെന്തേ നീയെന്നിൽ നിന്നും
അടുക്കുന്തോറും അകലുന്നുവെന്നും നീ, എങ്കിലും
മമ ദേഹിയായ് നീ തേങ്ങിടുന്നൂ

നിൻ തേങ്ങലിൻ താളത്തിലൊരു മൗന-
ബിന്ദുവായറിയാതെ ഞാനുമുരുകിടുന്നു.
എൻ മോഹബിന്ദുവിൽ മോഹിപ്പിക്കുന്നോ-
രു പാൽനിലാവായ് നീ കേഴുന്നുവോ...
പാൽ നിലാവായ് നീ കേഴുന്നുവോ..
പാതിരാക്കാറ്റിന്റെ സ്നിഗ്ദമാം ഗന്ധത്തിൽ,
ഒരു നൂറു സുന്ദരസ്വപ്നമായിന്നുമീ,
കിളിവാതിൽ ചാരിയൊരു മന്ദസ്മിതം തൂകി
ഒരു നിലാവിൻ പ്രഭ ചൊരിയുന്നുവോ..?
നിൻ മൃദുമാധുര്യമെഴും മന്ദഹാസത്തിലെന്നു-
മെൻ കിനാക്കളാ, വാഗ്ദത്തഭൂമിയിൽ
ഒരു തലോടലായെന്നും മരുവിടുന്നു.
ഒരു നിശ്വാസത്തോടൊരു ഗദ്ഗദമായി-
യെന്നുമെൻ ദേവനന്ദിനീ നീയകന്നിടുന്നൂ...



# കണ്ണാടിക്കാഴ്ചകൾ

മാർട്ടിൻ ജോർജ്ജ്
IInd MA മലയാളം

1

**ഒരില**

ചെടിയുടെ കണ്ണറിയാതെ
മണ്ണിന്റെ മാറിലേക്ക്
നീർവറ്റിയ ഹൃദയ ഞരമ്പുകൾ
കൂമ്പിയ മിഴികൾ
ജീവന്റെ നിശ്ചലത
മങ്ങിയ കാഴ്ചകളിൽ
വെളിച്ചം മരിക്കുന്നു
ബോധം സൂര്യാസ്തമയം

2

**അകലെ**

ചെടിയുടെ നെറുകയിൽ ഒരു പൂ
കണ്ണാടിയിതളുകൾ
ഇലത്തണലില്ലാതെ
അഭയസാന്ദ്രമായ്
കാറ്റിൻശ്വാസ-
വേഗങ്ങളറിയിക്കുവതാർ?
ഒരു കുടന്ന മേഘമായ്
കുളിരേകുവതാർ?
ഒരു മഴപ്പേച്ചായ്
ഒരു മഴപ്പാറ്റയുടെ ചിറകൊച്ചയറിയിക്കുവതാർ?
പുൽ നാമ്പിലൊരു കണ്ണാടി സൂര്യനായ്
കണ്ണിൽ വെളിച്ചമാകുവതാർ?
ഭൂമിതൻ നെഞ്ചിലെ ചൂടായ്
പുൽകിയുറക്കുവതാർ?
നീ ശേഷിക്കുവോളം....

3

വിട്ടിറങ്ങുകീ
കണ്ണാടി ജീവിതം
വാടകവീടിൻ
സ്ഫടിക ജാലകം തഴുതിടുക
കണ്ണുനീർ തുടയ്ക്കാതിരിക്കുക
രസബിന്ദുക്കളായി
നമുക്കിടയിൽ ഉരുണ്ടുകളിക്കു-
മവയെണ്ണുക
കാഴ്ച മരിക്കുന്നില്ല
അകമേ തെളിയും
കണ്ണാടിയിൽ
നാം കണ്ടുകൊണ്ടേയിരിക്കുന്നു



# വിശ്വസംഗീതത്തിന് ഭാരതത്തിന്റെ സംഭാവന



മിഥുൻ മുരളി
IInd BA മലയാളം

വിശ്വസംഗീതത്തിന് ഭാരത സംസ്കൃതിയുടെ അമൂല്യമായ സവിശേഷ സംഭാവനയാണ് രാഗസംഗീതം. രാഗം ഭാരതീയമായൊരു അടിസ്ഥാന സംഗീത ശില്പമാണ്. രാഗാലാപനത്തിന് യോജിച്ച വിധത്തിലുള്ള ആരോഹണാവരോഹണങ്ങളോടുകൂടിയ ഒരു പ്രത്യേക സ്വരവിന്യാസമാണിത്. ഒരു സ്വരഭേദം( മൂർച്ഛനം) ഉൾക്കൊള്ളുന്നതും ആരോഹണത്തിലും അവരോഹണത്തിലും ഏഴു സ്വരങ്ങളുടേയും ശ്രുതിഭേദങ്ങൾ ഉൾക്കൊള്ളുന്നവയും അഞ്ചോ ആറോ സ്വരങ്ങൾ മാത്രം ഉൾക്കൊള്ളുന്നവയും സ്വരക്രമം മാറിവരുന്നവയുമായി അനേകരാഗങ്ങളുണ്ട്. രാഗങ്ങളെ ജനകരാഗങ്ങളെന്നും ജന്യരാഗങ്ങളെന്നും വേർതിരിക്കുന്ന ജനകജന്യ പദ്ധതിയാണിത്. മേളകർത്താക്കളായ ജനകരാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്ന് ജനിപ്പിക്കാവുന്ന തരത്തിലുള്ള സ്വരവിന്യാസത്തോടുകൂടിയ രാഗമാണ് ജന്യരാഗം. ജന്യരാഗങ്ങളെല്ലാം ജനകരാഗത്തിൽ നിന്നുണ്ടായതല്ല. ചില ജന്യരാഗങ്ങൾ അവയുടെ ജനകരാഗങ്ങളെക്കാൾ വളരെക്കാലം പഴക്കമുള്ളവയാണ്. ഉദാഹരണത്തിന് ശങ്കരാഭരണമെന്ന മേള കർത്താ രാഗത്തിന്റെ ജന്യരാഗമാണ് ബിലഹരി.

സംഗീതോപകരണങ്ങളുടെ ശബ്ദം താളാനുസാരിയായി ഒത്തുചേരുന്നതുമൂലമുണ്ടാകുന്ന ശ്രവണസുഖമാണ് മേളകർത്താ രാഗം. എണ്ണമറ്റ സൂക്ഷ്മ ശ്രുതികൾകൊണ്ട് ഊടും പാവുമായി ചേർത്തെടുത്ത സ്വരനൂലുമാലകൾ മനുഷ്യനെ അവന്റെ ഐഹികതലങ്ങൾക്ക് അപ്പുറമായി സ്പർശിക്കുന്നു. സംഗീതത്തിലെ മെലഡി അഥവാ സ്വരങ്ങളുടെ താളാനുഗതമായ ആരോഹണാവരോഹണശ്രേണി ഇത്ര വിദഗ്ദ്ധമായി വിന്യസിച്ച മറ്റൊരു സംഗീത ശാഖ ലോകത്തിൽ ഇതുവരെ ആവിർഭവിച്ചിട്ടില്ല. സപ്തസ്വരങ്ങളുടെ ഏതെല്ലാം രീതിയിലുള്ള ഒത്തുമാറ്റങ്ങളും കീഴ്മേൽ മറിച്ചിലുകളും സംയോഗങ്ങളും സാദ്ധ്യമാണെന്നുമുള്ളതിന് ഉത്തമോദാഹരണങ്ങളാണ് നമ്മുടെ 72 മേളകർത്താതാളങ്ങളും അസംഖ്യം ജന്യരാഗങ്ങളും. ഏതു നാടോടി ഈണത്തേയും രാഗങ്ങൾകൊണ്ട് അപഗ്രഥിക്കുവാൻ നമ്മുടെ മെലഡി സംഗീതത്തിന്റെ സാർവ്വ ലൗകിക സ്വഭാവത്തിന് പ്രകടമായ ഉദാഹരണമാണ് ഭാരതീയ സംഗീതം. ഗായകന്റെ മനോധർമ്മ ശക്തിമൂലം ഒരു രാഗത്തിന്റെ നിശ്ചിതമായ ആരോഹണാവരോഹണങ്ങൾ കൊണ്ടു

തന്നെ പുതുമയുള്ള ഒരു സംഗീത പ്രപഞ്ചം നെയ്തെടുക്കാൻ സാധിക്കും. ഗായകന്റെ സർഗ്ഗചേതനയ്ക്ക് സോല്ലാസം വിഹരിക്കാനുള്ള രംഗമായി മാറുന്നു മനോധർമ്മ പ്രകടനമെന്ന് ചുരുക്കം. സ്ഥിരരൂപവും യാന്ത്രികവുമായ പഴയതിന്റെ കേവലാവർത്തനം വന്ധ്യമായ വിരസതയേ സൃഷ്ടിക്കുകയുള്ളൂ. സംഗീത ദൃഷ്ടാക്കൾ കർണ്ണാടക സംഗീതത്തിന്റെ അനാസ്വാദ്യതയ്ക്കു ഉപോൽബലകമായ ഒരു പ്രധാന കാരണമിതാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

നാടോടി സംഗീതത്തോടുള്ള കർണ്ണാടക സംഗീതത്തിന്റെ ജൈവബന്ധവും അറ്റുപോയതായി സൂക്ഷ്മ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. സംഗീതം തികച്ചും ആദ്ധ്യാത്മിക ഭാവത്തിന്റെ ബഹിർസ്ഫുരണമാണെന്നുള്ള അടിയുറച്ച മിഥ്യാബോധവും ഇതിന് മറ്റൊരു ഹേതുവായി സൂചിപ്പിക്കുന്നുണ്ട്. ഗോത്ര വർഗ്ഗഗാനരൂപങ്ങളിൽ നിന്നും പുതിയ ഊർജ്ജം വലിച്ചെടുക്കാനുള്ള "ഹൃദയ വിശാലത" ഔന്നത്യങ്ങളിലെത്തി എന്ന ധാരണ മൂലം മലീമസമായിരിക്കുന്നു. സംഗീത സാമ്രാട്ടായിരുന്ന ത്യാഗരാജൻ എണ്ണമറ്റ നാടൻശീലുകളെ ഉപജീവിച്ചാണ് അദ്ദേഹത്തിന്റെ ദിവ്യനാമകീർത്തനങ്ങളും ഉത്സവ സമ്പ്രദായ കീർത്തനങ്ങളും സംവേദന ക്ഷമമാക്കിയതെന്നുള്ള ചരിത്രസത്യത്തോടുള്ള പരാങ്മുഖത്വം ഇവിടെ പ്രസക്തമാണ്. വംശീയ സംഗീത വിജ്ഞാനീയം ഒരു പ്രധാനപ്പെട്ട ഉപാധിയാണ്. പക്ഷെ സാമവേദത്തിന്റെ പിക നാദമാണ് കർണ്ണാടക സംഗീതമെന്ന ആഢ്യത്വസ്വത്വ ഭാവത്തിന് അപചയം സംഭവിക്കുമെന്ന ഭയം ആസ്വാദകരെ അകറ്റിനിർത്തുന്നു. പദാർഭാടവും ശബ്ദധോരണിയും നിറഞ്ഞ ശൈലിയിൽ ആലപിച്ചാലേ തനിമ നിലനിർത്താനാകൂ എന്ന ധാരണ ചരിത്ര നിഷേധമാണ്.ദേവകുല്യയിൽ നിന്നുമുള്ള ചീറിയാർക്കലിന്റെ പതനം ഭയപ്പെടുന്ന കർണ്ണാടക സംഗീതജ്ഞർ മോഹൻജോദാരോയുടേയും ഹാരപ്പയുടേയും സംഗീത സംസ്കൃതിയെപ്പറ്റി അജ്ഞരാണെന്നു വേണം പറയാൻ. ഫെർട്ടിലിറ്റികൾക്കും റ്റോട്ടോമിസവുമായി ബന്ധപ്പെട്ട വൈദിക സ്വരനാമങ്ങളായ ഷഡ്ജവും ഋഷഭവും ഗാന്ധാരവും നിഷാദവും മറ്റും എങ്ങനെ ആര്യ സംഗീതത്തിൽ സ്ഥാനം പിടിച്ചു എന്ന് ഈ സംഗീതജ്ഞർ വിശദീകരിക്കുമോ?. വേദാലാപനങ്ങളെ കുറുനരിയുടെ ഓരിയിടലിനോടും തവളചിലപ്പിനോടും വേദപണ്ഡിതന്മാർ ഉപമിച്ചിട്ടുള്ള വസ്തുത ഇവിടെ ഓർക്കുക. അപ്പോൾ സാമവേദത്തിൽനിന്നും ജന്യമായ സംഗീതത്തിന്റെ അപചയമല്ലേ ഇത് വരച്ചുകാട്ടുന്നത്? ചാതുർവർണ്ണ്യ വ്യവസ്ഥയുടെ ദുർവ്വഹമായ ഭാരം പേറുന്ന അതിഭാവുകത്വം അഴിച്ചുവച്ചെങ്കിലേ കർണ്ണാടക സംഗീതത്തിന് മോചനത്തിന്റെ വഴി തുറന്നുകിട്ടുകയുള്ളൂ.

ദേശ്യമെന്നു വിശേഷിപ്പിക്കപ്പെടുന്ന കർണ്ണാടക സംഗീതത്തിന്റെ ആവിർഭാവചരിത്രം പരിശോധിച്ചുനോക്കിയാൽ അടിസ്ഥാനപരമായി അത് ഒരു പ്രത്യേക സമ്പ്രദായമോ പ്രസ്ഥാനമോ ആയി പരിഗണിക്കുന്നത് ശരിയല്ല. പ്രാചീന ദ്രാവിഡ സംഗീതത്തിന്റെ ഒരു പരിഷ്കൃത രൂപമായിട്ടേ കർണ്ണാടക സംഗീത്തെ വിലയിരുത്താൻ കഴിയുകയുള്ളൂ. ആര്യൻ സംഗീതം ദക്ഷിണേന്ത്യയിലേക്ക് പ്രവഹിക്കുമ്പോൾ ഇവിടെ പൂർണ്ണ വികാസം പ്രാപിച്ച ഒരു ദ്രാവിഡ സംഗീത ഭൂമിക നിലവിലിരുന്നു. സമന്വയത്തിനും വിലയനത്തിനും വഴങ്ങാതെ അവരണ്ടും ഏറെക്കാലം സ്വതന്ത്രമായി നിലനിന്നിരിക്കണം. അവയുടെ സ്വഭാവവും വൈപുല്യവും ഇപ്പോൾ നിർണ്ണയിച്ചുപറയുക ദുഷ്ക്കരമാണെങ്കിലും കാലത്തിന്റെ നീരൊഴുക്കിൽ ചില കൊടുക്കൽ വാങ്ങലുകൾ സംഭവിച്ചിരിക്കാം. ആര്യൻസംഗീതത്തിന്റെ ചിട്ടപ്പെടുത്തലിലേക്കാണ് അത് നയിച്ചത്. ആര്യൻസംഗീതത്തിന്റെ ചിട്ടപ്പെടുത്തിയ സമ്പ്രദായത്തിൽ അമൂർത്തമായി പ്രത്യക്ഷപ്പെടുന്നത് കൂടുതലും ദ്രാവിഡ സംഗീതത്തിലെ നിയതവും ഗണനീയങ്ങളുമായ

ശൈലിക്കുള്ള പ്രത്യേകതകൾ വേർതിരിച്ചു കാട്ടുന്ന വരകളും ഇടകളും സ്വരങ്ങളുമാണ്. ഉദാഹരണത്തിന് തനി ദ്രാവിഡരാഗങ്ങളായ കുറിഞ്ഞി,ചുരുടി എന്നിവ നാട്ടുക്കുറിഞ്ചി, ചെഞ്ചുരുട്ടി എന്നിങ്ങനെയുള്ള പേരുകളിലാണ് ആര്യസംഗീതത്തിൽ അറിയപ്പെടുന്നത്.പൂർവ്വപദം സംസ്കൃതവും ഉത്തരപദം തമിഴും ചേർത്തുള്ള സമസ്തപദസ്വീകരണം കൊണ്ടുംമാത്രം സാധൂകരിക്കപ്പെടുന്നതല്ലിതെന്ന് വ്യക്തം. അതുപോലെ സംസ്കൃത പദ സ്വീകരണംകൊണ്ട് അറിയപ്പെടുന്നവയാണ് ആര്യ സംഗീതത്തിലെ കനകക്കുറിഞ്ചി, മേഘരാഗ കുറിഞ്ചി തുടങ്ങിയ രാഗങ്ങളെന്ന് വ്യക്തം.

സംഘകാല തമിഴകം സുകുമാരകലകളിൽ അത്ഭുതകരമായ പാടവം നേടിയിരുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മുത്തമിഴ് (ഇശൈ, ഇയൽ, നാടകം എന്നിവ മൂന്നുമടങ്ങിയ തമിഴ് സാഹിത്യം) സംഘകാലത്ത് തന്നെ ഉടലെടുത്തതായി ഗവേഷകന്മാർ ചൂണ്ടിക്കാണിക്കുന്നു. തമിഴ് ഭാഷയിലെ ആദിവ്യാകരണത്തിന്റെ കർത്താവും ദക്ഷിണഭാരതത്തിൽ പ്രചരിപ്പിച്ചിരുന്ന പല പാരമ്പര്യ ശാസ്ത്രങ്ങളുടേയും പരമാചാര്യനുമായി കരുതുന്ന അഗസ്ത്യമഹർഷിയാണ് സുകുമാരകലകളെ സാഹിത്യം, സംഗീതം, നാടകം എന്നീ മൂന്നു വിഭാഗങ്ങളായി പിരിച്ചെഴുതിയതെന്ന് വിശ്വസിക്കപ്പെടുന്നു.ഇശൈ മിനുക്കം, ഇന്ദിരകല്യം, ഭരതസേനാപതീയം തുടങ്ങിയ ശാസ്ത്രീയ സംഗീതഗ്രന്ഥങ്ങൾ ക്രിസ്തുവർഷാരംഭത്തിന് മുമ്പ്തന്നെ രചിക്കപ്പെട്ടവയാണ്. ഗൃഹ ജീവിതത്തിന്റെ വിഹ്വലതകളിൽ നിന്നുള്ള മോചനത്തിനും സ്വച്ഛതയ്ക്കും വേണ്ടി കണ്ണൻ(Referance: സ്വാതികോളേജിലെ പ്രൊഫസറായ ഡോ. ആർ. ഭാസ്ക്കരൻ നായരുടെ പ്രസംഗത്തിൽ നിന്ന്) എന്ന ദൈവത്തിന് പ്രീതിപ്പെടുത്തുന്നതിന് അദ്ദേഹത്തിന്റെ ശിഷ്യകളായ ഏഴുബാലികമാർ പാടുന്നുഎന്ന മധുര മനോഹരമായ ഉദാത്ത സങ്കൽപ്പത്തിൽ നിന്നുമാണ് സപ്തസ്വരങ്ങൾ ആവിർഭവിച്ചതെന്നാണ് ദ്രാവിഡ ഭാഷയും അത്യുന്നത സൃഷ്ടിയായി കരുതുന്ന ചിലപ്പതികാര കർത്താവായ ഇളങ്കോവടികൾ പ്രസ്ഥാവിക്കുന്നത്. തുലാം രാശിയിൽ നിന്ന് "സസ്ജമ" എന്ന ബാലികയും ധനുവിൽ"രിഷഭ" എന്ന ബാലികയും കുംഭത്തിൽ"ഗ", മീനത്തിൽ"മ" ഇടവത്തിൽ"വ" കർക്കിടകത്തിൽ"ധ" ചിങ്ങത്തിൽ"നി" എന്നീ ബാലികമാരുംപാടുമ്പോൾ സപ്തസ്വരങ്ങളായി. ഇവർ സ്വസ്ഥാനങ്ങളിൽ നിന്ന് മാറിനിൽക്കുമ്പോൾ രാഗങ്ങളാകുന്നു. ആദ്യരാഗമായ "ഹരികാംബോജി" "രിഷഭ" സ്വസ്ഥാനം മാറി തുലാം രാശിയിൽ നിൽക്കുമ്പോൾ ആലപിക്കുന്നതാണ് സപ്തസ്വരങ്ങൾ. ക്രമത്തിൽ കുറൽ, തുത്തം, കൈക്കിളൈ, ഉഴൈ, ഉള്ളി, വിളറി, താരം എന്നീ പേരുകളിലാണ് ഇവ അറിയപ്പെട്ടിരുന്നത്. ദ്രാവിഡരുടെ ഇടയിൽ സംപൂർണ്ണങ്ങളും അല്ലാത്തവയുമായ അനവധി രാഗങ്ങൾ നിലവിലിരുന്നു. ഉദാഹരണത്തിന് ഇന്ദിര (തമിഴിലെ ഇനിശ) എന്ന രാഗം പരിശോധിച്ചാൽ ആ രാഗം തമിഴ്നാടിന്റെ പൂർവ്വ ഭാഗങ്ങളിൽ നിലവിലിരിക്കുന്ന തെൻമാങ്കു എന്ന രാഗത്തിന്റെ സ്വരഗ്രാമത്തിനോട് ചേർന്നു നിൽക്കുന്നവയാണ് എന്ന് മനസ്സിലാക്കണം.

ജീർണ്ണതകളെ മനസ്സിൽ നിന്നകറ്റി ശാന്തനായിരിക്കുന്ന ഒരു വ്യക്തിയുടെ ആത്മാവുമായി സംവദിക്കുന്നതിലൂടെ വികാരസമീകരണം സാധ്യമാക്കുകയാണ് സംഗീതത്തിന്റെ മൗലികമായ ലക്ഷ്യം. സംഗീതം, ദൈവികമായൊരു സൃഷ്ടിയാണ്. രവം-സൗമ്യവും, ലളിതവുമായ സംഗീതം ഭാരതത്തിലെ സങ്കൽപ്പപ്രകാരം പ്രാണവായുവും ("ന") അഗ്നിയും("ദം") ചേർന്നുണ്ടായത ണ്. ആദിവാസികളുടേയും ഗിരിവർഗ്ഗക്കാരുടേയും നാടോടി സംഗീതം അഥവാ പ്രാകൃത സംഗീതത്തിലാണ് ആധുനിക സംഗീതത്തിന്റെ അടിവേരുകൾ ആണ്ടുറച്ചിരിക്കുന്നത്. ഈശ്വരപ്രീതിക്കുവേണ്ടി ആദിമനുഷ്യർ നടത്തിയിരുന്ന പൂജാകർമ്മാദികളുടെ അടിസ്ഥാനത്തിലാണ് നാടോടി സംഗീതം വളർന്നത്. താളനിബദ്ധമായാണ് സംഗീതം ലോകത്തെല്ലായിടത്തും പുഷ്പിച്ചത്. വിവിധ തരം

സംഗീതോപകരണങ്ങൾ അനാദികാലം മുതലേ നിലവിലുണ്ടായിരുന്നു. സ്വരവും രാഗവും മറ്റുമായി താളനിബദ്ധ സംഗീതത്തെ ചിട്ടപ്പെടുത്തിയെടുത്തത് ഒരു പിൽക്കാലപ്രക്രിയയാണ്.

വേദകാലം മുതലേ ഭാരതീയ സംഗീതം ആരംഭിച്ചു എന്നാണ് വിശ്വാസം. സാമവേദം, സംഗീതപ്രധാനമാണല്ലോ. വേദകാലത്തിനുമുൻപ് ഉർവരതയും ടോട്ടമിസവുമായി ബന്ധപ്പെട്ട ഹാരപ്പൻ, മോഹൻജദാരോ സംസ്ക്കാരങ്ങളിൽ പരിപുഷ്ടമായൊരു സംഗീത സംസ്കൃതി ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ സിദ്ധാന്തിക്കുന്നുണ്ട്. പക്ഷെ അതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അതിനാൽ സംഗീതത്തെ വേദകാലപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ " മാർഗ്ഗം""ദേശി" എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. യാഗകാര്യങ്ങളിൽ പ്രയോഗിക്കപ്പെടുന്ന വൈദിക സംഗീതത്തെ "മാർഗ്ഗ" മെന്നും ലൗകിക കാര്യങ്ങൾക്കുവേണ്ടി ഗായകരാൽ പ്രയോഗിക്കപ്പെടുന്ന സംഗീതത്തെ ദേശിയെന്നും വ്യവഹരിച്ചുവന്നു. ശ്രുതി, സ്വരം, ഗ്രാമം, ജാതി മുതലായവ ചില വ്യവസ്ഥകളെ അനുസരിച്ച് ആലപിക്കപ്പെട്ടവ മാർഗ്ഗവും വ്യവസ്ഥകളൊന്നും ഇല്ലാതെ ഓരോ ദേശത്തും അവിടവിടുത്തെ ചില പ്രത്യേകതകളെ കണക്കിലെടുത്ത് ആലപിക്കുന്നവ ദേശിയുമെന്ന് അറിയപ്പെട്ടിരുന്നു. എന്തായിരുന്നു "മാർഗ്ഗവും, ദേശിയും"? പ്രാചീനമായ ഒരു വിഭജമെന്നല്ലാതെ അവയ്ക്ക് ഇപ്പോൾ പ്രസക്തിയില്ല. എന്തായാലും ആദ്യം ഉദാത്തം, അനുദാത്തം എന്നു രണ്ടു വ്യത്യസ്ത സ്വരങ്ങൾക്കു മാത്രമേ പ്രസക്തിയുണ്ടായിരുന്നുള്ളൂ. പിന്നീടാണ് ഉദാത്തനുദാത്തങ്ങൾക്കിടയിൽ ഒരു സ്വരം കൂടി (സ്വരിതം) വന്നത്. വേദോച്ചാരണത്തിന് സമാനമായി വിധിച്ചിട്ടുള്ളത് മൂന്നു സ്വരങ്ങൾ മാത്രമാണ്. ഉദാത്തം മേൽ സ്ഥാനത്തേയും, അനുദാത്തം കീഴ്സ്ഥാനത്തേയും കുറിക്കുന്നു. സ്വരിതം ഫലത്തിൽ ഇവ രണ്ടിനും മധ്യത്തിലുള്ള സ്ഥാനത്തേയും സൂചിപ്പിക്കുന്നു. ഒരു സ്വരംമാത്രം പ്രയോഗിച്ചുകൊണ്ടുള്ളതിന് " ഏക ശ്രുതി" യെന്നും രണ്ട് സ്വരങ്ങൾ മാത്രം പ്രയോഗിച്ചുകൊണ്ടുള്ളതിന് "ഗാഥികം" എന്നും പറയുന്നു. മൂന്ന് സ്വരങ്ങൾ ഉള്ളതിനെ " സാമികം" എന്നാണ് പറയുന്നത്. ഇത് ഇതിന് സാമവേദവുമായിട്ടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. എന്തായാലും ഇടക്കിടെ പുതിയ സ്വരങ്ങൾ രൂപം പ്രാപിച്ചിട്ടാണ് അവസാനം സപ്തസ്വരങ്ങൾ ഉണ്ടായതും സപ്തസ്വരങ്ങളിൽ അധിഷ്ഠിതമായ ഭാരതീയ സംഗീതം ആവിഷ്കൃതമായതും നാദം, ശ്രുതി, സ്വരം, രാഗം എന്ന ക്രമത്തിൽ അവതരിപ്പിക്കപ്പെടുന്ന ശാസ്ത്രീയ സംഗീതത്തിന്റെ ഉത്ഭവവും വളർച്ചയും യഥാർത്ഥത്തിൽ രാഗം, സ്വരം, ശ്രുതി, നാദം എന്നീ ക്രമത്തിലാണ്. എന്തായാലും സംഗീതത്തിലെ മുഴുവൻ സ്വരങ്ങളും വേർതിരിച്ച് രേഖപ്പെടുത്താനുള്ള വരകളും ഇടകളും അപുഷ്ടമായി മൂലതത്വങ്ങളിൽ ബന്ധപ്പെട്ടു കിടക്കുന്നുവെന്നത് ഭാരതീയ സംഗീതത്തിന്റെ കാര്യത്തിൽ നിസ്തർക്കമാണ്.

# നിലാവ്

റിയ ജോയ്
Ist BA ഇംഗ്ലീഷ്



നിള നിവർന്നൊഴുകിയ മണൽപ്പുറത്തെങ്ങും
നിലാവൊളിത്തുമ്പപ്പൂ കണ്ടില്ല ഞാൻ
ഒരു കുയിൽ പാടിയൊരു ഹിന്ദോളരാഗത്തി-
നൊരു മറുവിളിപ്പാട്ടു കേട്ടില്ല ഞാൻ
പൂപ്പൊലിപ്പാട്ടിന്റെ പുല്ലാങ്കുഴൽ തേടി
പൂമരത്തണൽ തോറുമലയുന്നു ഞാൻ
അത്തം പിറന്നതുമറിഞ്ഞില്ല,ചിത്തത്തി-
ലോർമകൾ പൂക്കളമൊരുക്കിയില്ല.

മാറാല തൂങ്ങിയൊരു കൽച്ചുമരിൽ കാണാം
മാവേലി വാണ നാടിന്റെ ചിത്രം!
ചിതലുകൾ വിഴുങ്ങിയൊരു പൂവട്ടിയിൽ,ശ്രാദ്ധ-
മാടുന്നൊരോണ നിലാവുകാണാം.
കുടമണി കിലുങ്ങുമൊരു പുലരിയിൽ, മാവേലി-
മന്നനെപ്പിൻവിളി വിളിച്ചില്ലയോ?
ഇരുളിൽ പതുങ്ങുന്നൊരരളിക്കു കുളിരുമായ്
ഉത്രാട ചന്ദ്രികയുദിച്ചില്ലയോ?

തുടികൊട്ടിയുണരുന്ന കമ്പോളപ്പൊലിമയിൽ
നിന്നിളം കണ്ണുകൾ മഞ്ഞളിച്ചോ?
പെരുമ്പറ മുഴക്കും പരസ്യവാക്യം കേട്ടു
നിൻ പിഞ്ചു കാതുകളടഞ്ഞുപോയോ?
പഴമണമുതിർക്കുന്ന പുത്തൻപണം കൊണ്ടു
പാഴ്മുള്ളുവേലി നീ പണിയുന്നുവോ?
നിന്നെ നീയല്ലാതാക്കുമീ ലോകത്തു
നിയെന്ന സത്യമില്ലാതെയായോ???



# ഒടുവിലായ്... ഒരു വാക്കുകൂടി...

രമ്യരാമചന്ദ്രൻ
II BA സൈക്കോളജി

ഡിസംബറിലെ ഒരു സായാഹ്നം. പതിവിലും നേരത്തെ അവൻ ഓഫീസിൽ നിന്നും ഇറങ്ങി. മനസ്സ് വളരെയധികം ചടുലം; ചിന്തകൾ, ഒരു സായാഹ്നം പങ്കുവയ്ക്കാൻ തന്റെ ക്ഷണം സ്വീകരിച്ച് കാത്തിരിക്കുന്ന പഴയ സുഹൃത്തിനെക്കുറിച്ച് മാത്രം; സ്ഥലം അവൾ നിശ്ചയിച്ചതാണ്.യാദൃച്ഛികമായി ഈ വലിയ നഗരത്തിന്റെ ഒരു കോണിൽ വച്ചു വീണ്ടും കാണാനിടയായപ്പോൾ ആണ് കഴിഞ്ഞ കുറെ നാളുകളായി അവൾ ഈ നഗരത്തിലുണ്ട് എന്നറിയാൻ സാധിച്ചത്. താൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമെ ഈ നഗരത്തിലുണ്ടാകൂ. ചെയ്യാനെത്തിയ ജോലികൾ ഏതാണ്ട് കഴിഞ്ഞു തുടങ്ങി. പോകുന്നതിന് മുമ്പായി ഒരിക്കൽകൂടി ഒന്നുകാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ എന്തുകൊണ്ടോ അവൾ നിരസിച്ചില്ല.

അവന്റെ മനസ്സിൽ വീണ്ടും വീണ്ടും അവളുടെ വാക്കുകൾ തികട്ടി തികട്ടി വന്നുകൊണ്ടേയിരുന്നു. ഇന്ന് താൻ അവളെ കാണാൻ പോകുന്ന സ്ഥലം ഒറ്റപ്പെട്ടു പോകുന്ന സായാഹ്നങ്ങളിൽ ശാന്തത തേടി അവൾ പോകാറുള്ളതാണത്രെ. അവൾ ജോലിചെയ്യുന്ന സ്ഥലത്തു നിന്നും ഏതാനും നിമിഷങ്ങൾ മാത്രം നടക്കാനുള്ള ദൂരം. ഈ നടത്തത്തിനിടയിൽ അവളുടെ മനസ്സിൽ സുന്ദരമായ ഗാനങ്ങളും പിന്നെ കുറച്ച് എഴുത്തുകാരും അവരുടെ പുസ്തകങ്ങളുമൊക്കെ ആയിരിക്കുമത്രെ.

ഇന്ന് ഒരുപക്ഷെ അവൾ തന്നെക്കുറിച്ചും ചിന്തിക്കുമായിരിക്കും.? ഇല്ല! അവൾ പറഞ്ഞതല്ലേ! ഓർക്കാൻ സുഖമുള്ള കാര്യങ്ങൾ, ഓർമ്മയിൽ തങ്ങിനിൽക്കുന്നകാര്യങ്ങൾ മാത്രമേ അവൾ ചിന്തിക്കാറുള്ളൂ എന്ന്. ചിന്തകൾ ദൂരം കുറക്കുന്നതുകൊണ്ടായിരിക്കാം അവന് വളരെപെട്ടെന്ന് അവിടെ എത്താൻ സാധിച്ചത്.

ആളൊഴിഞ്ഞ ഒരു ഇടവഴി. അവിടെ കാലപ്പഴക്കമുള്ള ഒരു ഇരുമ്പുബഞ്ച്. അതിൽ സാരിത്തുമ്പുകൊണ്ട് പുതച്ച്, തലമുടി അഴിച്ചിട്ട്, ഇരിക്കുന്ന അവളെ കണ്ടപ്പോൾ പണ്ടുപണ്ട് തങ്ങളുടെ ഇടയിൽ കുട്ടിത്തം മാറാത്തമുഖവുമായി ഓടി നടന്നിരുന്ന, വാ തോരാതെ സംസാരിച്ചിരുന്ന, തങ്ങളുടെ ഇടയിൽ ഏറ്റവും പ്രായംകുറഞ്ഞ ആ ചെറിയ പെൺകുട്ടി തന്നെയാണോ ഇവൾ എന്നവൻ സംശയിച്ചു. അവൻ അടുത്തെത്തിയപ്പോൾ ഒരു ചിരിയോടുകൂടി അവൾ അവനെ സ്വീകരിച്ചു.

"ഇല്ല, ആ ചിരിയിലെ നിഷ്കളങ്കത്വം മാത്രം നഷ്ടപ്പെട്ടിട്ടില്ല. പിന്നെ അവളോടൊപ്പം ഇരുന്ന് അവളെ തുറിച്ചുനോക്കിക്കൊണ്ട് അവൻ ചോദിച്ചു." എന്താണ് ഇങ്ങനെയൊക്കെ?" യാതൊരു ഭാവമാറ്റങ്ങളുമില്ലാതെ ദൂരേയ്ക്ക് നോക്കിക്കൊണ്ടിരുന്ന മിഴിയിണകൾ ചലിപ്പിക്കാതെ അവൾ മറുപടി പറഞ്ഞുതുടങ്ങി." ഇത് ജീവിതത്തിൽ നിന്നുമുള്ള ഒരു ഒളിച്ചോട്ടം ഒന്നുമല്ല. ഇവിടെ ഞാൻ ജീവിക്കുന്നുണ്ട്, എന്തൊക്കയോ ചെയ്യുന്നുമുണ്ട്, എനിക്ക് നിരാശയില്ല. നീ അങ്ങനെ ഒന്നും കരുതരുത്. പിന്നെ നീ തന്നെയല്ലേ പറഞ്ഞിട്ടുള്ളത് സന്തോഷവും സുഖവുമെല്ലാം മനുഷ്യൻ അവനവനിൽതന്നെ കണ്ടെത്തേണ്ടതാണ്."

ഇത്രയും പറഞ്ഞ് അവസാനിപ്പിച്ച് അവൾ അവനെ കുറച്ചുദൂരം നടക്കാൻ ക്ഷണിച്ചു. ഒരു റസ്റ്റോറന്റിലേക്കായിരുന്നു അവൾ അവനെ കൂട്ടിക്കൊണ്ടുപോയത്. അവിടെ പരിചയഭാവത്തിൽ ആരൊക്കെയോ അവളെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. ഒരു പനിനീർ പൂ വിരിഞ്ഞ പ്രസന്നത അവളുടെ മുഖത്തുണ്ടായിരുന്നു. അവൾക്ക് ഇഷ്ടമുള്ള എന്തൊക്കെയോ വിഭവങ്ങൾ അവൾ

അവനായി വാങ്ങിക്കൊടുത്തു. പശ്ചാത്തലത്തിൽ സുന്ദരമായ ഒരു ഹിന്ദിഗാനം.
ഭക്ഷണവും സംഗീതവും ഒരുപോലെ ആസ്വദിച്ച് മറ്റേതോ ലോകത്തെന്നപോലെ ഇരിക്കുന്ന അവളെ നോക്കിക്കൊണ്ടിരുന്നപ്പോൾ അവന്റെ മനസ്സ് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു." പണ്ടും ഞങ്ങൾ ഇങ്ങനെ ഒരു മേശയ്ക്ക് അപ്പുറവും ഇപ്പുറവും ഇരുന്ന് ഭക്ഷണം കഴിച്ചിട്ടുണ്ട്. അന്നൊക്കെ ഉള്ളിലെ സങ്കടങ്ങൾ മറച്ചുവയ്ക്കാൻ അവൾ ഉണ്ടാക്കിയെടുത്ത ഒരു കുട്ടിത്തം മാത്രമേ ആ മുഖത്ത് ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് തീക്ഷ്ണമായ ഒരു വ്യക്തിത്വം അവളുടെ കണ്ണുകളിൽ മിണ്ടാതെ കിടക്കുന്നു. ഞങ്ങൾക്ക് നടുവിലായി കത്തിച്ചുവച്ചിരിക്കുന്ന മെഴുകുതിരിയുടെ പ്രകാശമാണോ അതോ കാലം നെയ്തുകൊടുത്ത മുഖം മൂടിയാണോ താൻ അവളുടെ മുഖത്ത് കാണുന്നത് എന്നവൻ സംശയിച്ചു. അവന്റെ ചിന്തകളെ മുറിപ്പെടുത്തിക്കൊണ്ടവൻ ചോദിച്ചു. " നീ എന്താ ചിന്തിക്കുന്നേ? കഴിച്ചു കഴിഞ്ഞില്ലേ? എന്റതു കഴിഞ്ഞു." പിന്നെ ബില്ലുമായ് വന്ന പയ്യനോട് അവളെന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ഭാഷ ഹിന്ദി തന്നെ. മനസ്സിലാവാഞ്ഞിട്ടല്ല, അവളുടെ സംസാരഭംഗി ആസ്വദിക്കാനായിരുന്നു അവനിഷ്ടം.

അവിടെ നിന്നു പുറത്തേക്കിറങ്ങിയപ്പോൾ മറ്റൊരിടത്തേക്കു പോകാൻ അവശ്യപ്പെട്ടു. ഒരു ഗസൽ സദസ്സിലേക്ക്. അധികം തിരക്കില്ലാത്ത മേട. കൂടിയതു നൂറു പേരെങ്കിലും ഉണ്ടാകും. മുന്നിലും പിന്നിലുമായി ഒരുപാടു കസേരകൾ ഒഴിഞ്ഞുകിടക്കുന്നു. നടുക്കൊരിടത്തായി അവൾ ഇരുന്നു. ജീവിതത്തിലിന്നോളം ഗസൽ ആസ്വദിച്ചിട്ടില്ലാത്ത അവന് മേടയിലെ പാട്ടുകാരന്റെ ശബ്ദത്തെ ഒരു കുയിൽ നാദത്തോടുപമിക്കാൻ തോന്നി. അവളോടൊപ്പം ആയതുകൊണ്ടാകാം ആ ഗാനമാധുര്യം അവന് മതിയാകുവോളം ആസ്വദിക്കാൻ സാധിച്ചത്. തീരുന്നതിന് മുൻപായി അവൾ ആവശ്യപ്പെട്ടു "പോകാം" . സമയം ഒരുപാടായി.ദില്ലി നഗരത്തിലെ രാത്രികാലങ്ങളിലെ തണുപ്പ് നീ ഒരുപക്ഷെ താങ്ങില്ല."

തിരിച്ച് നടക്കുന്നതിനിടയിൽ പരസ്പര ബന്ധമില്ലാത്ത എന്തൊക്കെയോ കാര്യങ്ങൾ അവൾ പറഞ്ഞു കൊണ്ടേയിരുന്നു. കൂട്ടത്തിലിതും "നിനക്ക് എന്ത് തോന്നി ഗസൽ ഇഷ്ടപ്പെട്ടോ?" "നമുക്ക് ചുറ്റും ആരുമില്ലാത്തതുപോലെ തോന്നി". അവന്റെ ഉത്തരം അവളെ പൊട്ടിച്ചിരിപ്പിച്ചു. "അപ്പോൾ നിന്നെ ഭരിക്കുന്നത് നിർവ്വികാരതയല്ല. അല്ലേ?"

അവന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. വീണ്ടും ആ പഴയ സ്ഥലത്ത് എത്തിയപ്പോൾ ആ ബഞ്ചിലിരുന്ന് തളർന്ന സ്വരത്തിൽ അവൻ ആവശ്യപ്പെട്ടു "നിനക്ക് ധൃതിയില്ലായെങ്കിൽ കുറച്ച് കഴിഞ്ഞ്....
അവന്റെ വാക്കുകളെ മുഴുവിപ്പിക്കാൻ അനുവദിക്കാതെ അവനോടൊപ്പം ഇരുന്ന് അവന്റെ ചോദ്യത്തിന് ഉത്തരമെന്നോണം അവൾ പറഞ്ഞു തുടങ്ങി.

"നിനക്ക് എന്തൊക്കെയോ അറിയണം അല്ലേ? ഞാനിവിടെ എങ്ങനെ ജീവിക്കുന്നു എന്ന് നീ കണ്ടു കഴിഞ്ഞു. എന്റെ ജീവിതം യാന്ത്രികമല്ല. എനിക്ക് സന്തോഷം ഉണ്ട്, മനസ്സ് ശൂന്യമാണ്. നിറഞ്ഞ സങ്കടം ഉള്ളിൽ ഒതുക്കിയല്ലാതെ നീ എന്നെ കണ്ടിട്ടുണ്ടോ? പണ്ട് തമാശയ്ക്ക് നാം പറയാറില്ല. "ഈ ലോകം വളരെ ക്രൂരമാണ്, ഇവിടെ ആരും ആരേയും മനസ്സിലാക്കുന്നില്ല എന്നൊക്കെ; ശരിയാണ്, ഈ ലോകത്തിന്റെ പോക്ക് നാശത്തിലേക്കാണ്. ഇവിടെ ബന്ധങ്ങൾ ബന്ധനങ്ങളാകുന്നു. ഏകാന്തത വരദാനമാകുന്നു. എന്റെ ജീവിതത്തിന്റെ നല്ല കാലം. മുഴുവൻ ഞാൻ എന്തൊക്കെയോ ഓർത്ത് ഉരുകി ആരൊക്കെയോ ചെയ്ത തെറ്റിന് ഞാനും ബലിയാടായി. ഇനിയൊരു കുടുംബ ജീവിതം, എനിക്ക് വയ്യ, എനിക്കു വേണ്ട."
അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു, അവളുടെ കണ്ണുനീരിനു മുന്നിൽ ഒരു കുറ്റവാളിയെപ്പോലെ നോക്കി നിൽക്കാനേ അവന് കഴിഞ്ഞുള്ളൂ. മുഖത്ത് ഒട്ടിച്ചിരുന്ന മുഖം മൂടിയിളകി വീഴാൻ പോകുന്നു എന്നുതോന്നിയതു കൊണ്ടാകാം കൈകൾ മുഖത്ത് അമർത്തി അവൾ പൊട്ടിക്കരഞ്ഞ് തുടങ്ങിയത്.



അവളുടെ വിരലുകളെ തന്റെ വിരലുകൾ കൊണ്ട് തട്ടി അവൻ പറഞ്ഞു. "കരയരുത്, നീ തന്നെയാണ് ശരി."

പിന്നെ എഴുന്നേറ്റ് നടക്കാൻ തുടങ്ങിയ അവളോടായി അവൻ ചോദിച്ചു." ഞാൻ വീണ്ടും അവിടെ വരുമ്പോൾ"

"അന്വേഷിക്കരുത്, ഒരുപക്ഷെ ഞാൻ ഇവിടെ ഉണ്ടാവില്ല. മറ്റെവിടെയെങ്കിലും വച്ച് വീണ്ടും കാണാം" ഇത്രയും ധൃതിയിൽ പറഞ്ഞ് അവസാനിപ്പിച്ച് അവൾ നടന്നു നീങ്ങി. അവൾ കണ്ണിൽ നിന്ന് മറയുന്നതുവരെ അവൻ അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവൾ മറഞ്ഞപ്പോൾ ആ രൂപം ഒരു കുറ്റബോധത്തോടൊപ്പം അവന്റെ ഉള്ളിൽ പതിഞ്ഞു. താനൊരിക്കലും അവളെ പ്രണയിച്ചിട്ടില്ല. പക്ഷെ വല്ലാത്തൊരു സ്നേഹം, പ്രണയത്തോട് ഉപമിക്കാവുന്ന എന്തോ ഒരു ഇഷ്ടം ഇന്ന് ആദ്യമായി തനിക്ക് അവളോട് തോന്നുന്നുണ്ടോ എന്നവൻ സംശയിച്ചു. പിന്നെ ഒരു ക്യാമ്പസ് മാഗസിനിൽ അവൾ എഴുതിയ കുറെ വരികൾ അവന്റെ ഉള്ളിലേക്കോടിയെത്തി.

" പ്രണയം ഹൃദയത്തിൽ ഒരു മഴയായി പൊഴിയുമ്പോഴും അവൾ ഉറങ്ങുകയായിരുന്നു. അന്ന് ആ തുലാവർഷപുലരിയിൽ,

ആളൊഴിഞ്ഞ ഇടനാഴിയിലൂടെ നടക്കുമ്പോഴും, പുറത്ത് ആർത്തിരമ്പുന്ന മഴയെ നെഞ്ചോട് ഏറ്റ് വാങ്ങി ഹൃദയത്തോട് ചേർത്ത് പുണരുമ്പോഴും അവൾ അറിഞ്ഞിരുന്നില്ല...
അവൾ പ്രണയിച്ചിരുന്നു....."





സൗമ്യ സി.എസ്.
IInd BA ഇംഗ്ലീഷ്

എൻ പ്രണയ മുറിപ്പാടിൽ നിന്നൊഴുകുന്ന വേദനയിൽ
നിൻ ഓർമകളെ ഞാൻ തഴുകിടട്ടെ
നിൻ നിഴലായ് ഞാൻ നടന്നോട്ടെ
നിൻ കാലടിയെ ഞാൻ പുണർന്നോട്ടെ
നീയറിയാതെ ഞാൻ നിന്നെ പ്രണയിച്ചോട്ടെ!
മറക്കാൻ കഴിയില്ല! എനിക്കൊട്ടുമേ
നിന്നെ കാണുന്ന മാത്രയിൽ
പുളകമണിയുന്നു ഹൃത്തടമത്രയും
അറിയുന്നോ പ്രാണേശ്വരാ എൻ
ഓരോ ജീവസ്പന്ദനവും നിനക്കായ്
നിനക്കുമാത്രമായിട്ടാണെന്ന്
അറിയണമെന്നില്ല ഒന്നും അറിയണമെന്നില്ല
എന്റെയീ മൂക പ്രണയം
നിനക്കുമാത്രം സ്വന്തമായിരിക്കട്ടെയെന്നും.

# എന്റെ ഓർമ്മത്തുമ്പിലെ മഴച്ചീളുകൾ



ജിന്റോ ജോൺ
IInd M.A. ഇക്കണോമിക്സ്

"വിടപറയും വരെ സ്നേഹം അതിന്റെ ആഴം അറിയുന്നില്ല"
ലബനോനിലെ പ്രണയത്തിന്റെ പ്രവാചകൻ ഖലീൽ ജിബ്രാന്റെ കുറിപ്പ് പ്രിയപ്പെട്ട കലാലയത്തിന്റെ പഴയ പടവുകൾ ഇറങ്ങുമ്പോൾ ഓർമ്മയിൽ തളംകെട്ടി നിൽക്കുന്നു. 'ദുഃഖമില്ലാത്തവർക്ക് സുന്ദരമായ ഓർമ്മകളില്ല' എന്നാരോ സ്വകാര്യം പറയുന്നതായി തോന്നി. നോവും സ്നേഹവും ഇടകലർന്ന് ദുഃഖങ്ങളിൽ പങ്കുചേർന്ന് സ്നേഹ സൗഹൃദത്തിന്റെ പടവുകൾ കയറിയവർക്കേ പടിയിറങ്ങുമ്പോൾ മധുരതരമായ ഓർമ്മകളുണ്ടാകൂ...

കലാലയ വർണ്ണങ്ങളുടെ അകമ്പടിയോടെ ഒരുപാട് സ്വപ്നങ്ങളും പേറിയാണ് ഹരിതാഭയാർന്ന ഈ തണലിലേക്ക് വർഷങ്ങൾക്ക് മുമ്പ് നടന്നടുത്തത്. ഇവിടെ സ്നേഹവും സൗഹൃദവും പ്രണയവും വിരഹവും വേദനയും ജനിയ്ക്കുന്നു. ഉണങ്ങിപ്പോയവ കിളിർക്കുന്നു....ഉറവ വറ്റിയത്... നീർചാലുകളാകുന്നു...അവ ഒന്നായി ചേർന്ന്....കരകവിഞ്ഞൊഴുകുന്നു.

പുതിയ മണ്ണിന്റെ ഊർവരതയും തണലും തേനും നിലാവും തേടിയെത്തിയപ്പോൾ, നെഞ്ചോടടുപ്പിച്ച് പിടിയ്ക്കുവാൻ നിശബ്ദ ദുഃഖങ്ങളും..പറന്നുയരാൻ വേണ്ടിയുള്ള സ്വപ്നങ്ങളും മാത്രമായിരുന്നു കൈമുതൽ. ഇവിടെ ആദർശങ്ങളും സ്വപ്നങ്ങളും അറിവും ഉയിർക്കൊള്ളുന്നു അക്ഷരങ്ങളുടെ ആത്മാവ് തൊട്ടറിഞ്ഞ വിരസമായ പകലുകൾ... ഇടവേളകളിലെ പരിചയപ്പെടലുകൾ. മഴനനഞ്ഞിറങ്ങുന്ന വൈകുന്നേരങ്ങൾ... സർക്കാർ വണ്ടിയിലെ തിങ്ങിനിറഞ്ഞ സദസ്സിൽ മഴയിൽ കുതിർന്ന വിയർപ്പിന്റെ നാസികാ വിസ്ഫോടനങ്ങൾ..., മൈഗ്രെയ്നിലൂടെ കടന്നെത്തുന്ന കാഴ്ച മങ്ങിയ ഉറക്കച്ചടവ്... മഹാഗണിത്തണലിലെ ആദ്യ ക്യാമ്പസ്ദിനങ്ങൾ ഇങ്ങനെയൊക്കെയായിരുന്നു. കൺസഷൻ കാർഡും ഫീസാനുകൂല്യവും സാധിച്ചെടുക്കാൻ ഓഫീസിലേയ്ക്കെത്തുമ്പോൾ.. മനസ്സിൽ ഒരുപാട് ആരാധിയ്ക്കുന്ന "ഗാന്ധിമാവിനെ" ആദരവോടെ ആരും കാണാതെ തൊട്ടുനോക്കുന്നു....

"18.3.1925" ഒരു ജനതയുടെ സഹനത്തിന്റെ ആത്മാഭിമാനത്തിന്റെ സത്യത്തിന്റെ ശാന്തിമന്ത്രവുമായി നിൽക്കുന്ന ഗാന്ധിമാവ്...!!



ഈ ഗാന്ധിമരത്തണലിൽ നിന്ന് ചർക്ക നൂലിന്റെ ഗംഭീരതയും സഹിഷ്ണുതയുടെ ആദ്യപാഠങ്ങളും അത്ഭുതം കൂറി നഖം കടിച്ചു..! പുഴുക്കുത്തുവീണ മാങ്ങകളെ പലരും പരിഹസിച്ചപ്പോൾ നല്ല മാങ്ങകളെ എണ്ണുവാൻ അറിയാതെ തിടുക്കം വച്ചതും.. ആദർശത്തിന്റെ അവിചാരിത കടന്നുകയറ്റം..(ഇത്തരം കടന്നുകയറ്റങ്ങൾ പലപ്പോഴും നല്ല മറുപടികൾ(?) വാങ്ങിത്തന്നിട്ടുണ്ട്!.)

ഒന്ന് രണ്ട് മാസങ്ങൾക്കുശേഷം പഴയ ശീലങ്ങളിലേക്ക് തിരിച്ചുവന്നു. യു.പി. ബ്ലോക്കിൽ ഉഷാറാണി ടീച്ചറുടെ ഹിന്ദി ക്ലാസ്സിൽ വൈകിച്ചെല്ലുന്നു.. ദേശീയ ഭാഷയുടെ അന്തരാളങ്ങളിൽ ഊഴിയിടുമ്പോഴുണ്ടാകുന്ന വിരസത മാറ്റാൻ ആരും കാണാതെ ക്ലാസ്സ് മുറിയുടെ ജനലയിലൂടെ പുറത്തേയ്ക്ക് നോക്കുന്നു. (പച്ച തട്ടികയിട്ട യു.പി. ബ്ലോക്കിന്റെ മട്ടുപ്പാവിന് വശ്യമായൊരു മനോഹാരിതയുണ്ട്...!) കൊള്ളാം..! പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന മരത്തലപ്പുകൾക്കിടയിൽ ദേവാലയ ഗോപുരങ്ങൾ... വെണ്മയുള്ള നീലാകാശം... പറന്നു നീങ്ങുന്ന പക്ഷിക്കൂട്ടങ്ങൾ... ലയിച്ചിരുന്നുറങ്ങുമ്പോൾ അറ്റന്റൻസ് വിളിക്കുന്നു.(ഞങ്ങളെപ്പോലുള്ളവർക്ക് ഓഫറായി അന്നൊക്കെ അവസാനമാണ് ഹാജർവിളിക്കുന്നത്) "പ്രസന്റ്" പറയുന്നതിന് പകരം "ഗുഡ് മോണിംഗ്" പറയുന്നതോടെ കാര്യങ്ങൾ as usual. ഉപദേശങ്ങളും വഴക്കുകളും ശ്രുതിമധുരമായി നുണഞ്ഞ് തുടങ്ങുന്നതോടെ ആദ്യകലാലയദിനങ്ങളിൽ എടുത്ത തീരുമാനങ്ങൾ മാറുന്നു." ക്യാഹുവാ തേരാവാദാ..."

പെരിയാറിന്റെ നിറമണിഞ്ഞ സുകൃതം നേരിട്ടനുഭവിയ്ക്കുന്നു. ശിവരാത്രി ആഘോഷത്തിന് പോകുന്ന മണപ്പുറം..... എൻ.എസ്.എസ്. ക്യാമ്പുകൾ....,വീടുപണി.... പാർട്ടിചർച്ചകൾ.... മുസ്ലീംയുവതികളോട് ആദ്യമായി സംസാരിക്കുന്നത് ഇവിടെ വച്ചാണ്. മധ്യതിരുവിതാംകൂറുകാരിൽ നിന്നെത്ര വ്യത്യസ്തമാണ് അവരുടെ ഭാഷ.. വേഷവിധാനങ്ങൾ.....! ഇതിനിടയിലെപ്പോഴോ കായികതാരമാകാം എന്ന തോന്നലുകൾ..... ഓടിത്തളർന്ന് ബോധം കെട്ടുവീഴുന്നതോടെ മരിച്ച് വീഴുന്ന "സ്പോർട്ട്മാൻസ്പിരിറ്റ്". എങ്കിലും തണൽ മരങ്ങൾ നിറഞ്ഞ ക്യാമ്പസിലെ കളിസ്ഥലങ്ങൾ ഞാനേറെ ഇഷ്ടപ്പെട്ടിരുന്നു... ഹോക്കി കോർട്ടിനടുത്തുള്ള മഞ്ചാടിമരങ്ങൾ..(ഒരു റിപ്പബ്ലിക് ഡേയിൽ മഞ്ചാടിക്കുരുക്കൾ പെറുക്കിയെടുക്കാൻ ഞാനും അനൂപും മത്സരിച്ചതും...) മറക്കില്ലൊരിക്കലും.

മൗനമായി പ്രാർത്ഥന പൊഴിക്കുമ്പോഴും മഹാഗണി മുത്തശ്ശിമാർ എല്ലാറ്റിനും മൂകസാക്ഷികളായിരുന്നു.(ആണി തറയ്ക്കപ്പെടുമ്പോഴും ക്ഷമയോടെ ജീവിക്കുന്നവർ...) ക്ലാസ് കട്ട് ചെയ്ത് പതുങ്ങി നടന്ന് വിസ്തൃതമായ ക്യാമ്പസ് തണലുകൾ കണ്ടപ്പോഴെന്നോ ഒരു വിചിത്രമായ കണ്ടുപിടുത്തം." മഹാഗണിയുടെ പൊട്ടാത്ത കായ് പ്രസംഗിക്കാൻ മൈക്കായി ഉപയോഗിക്കാം.. (അതിന് നല്ല കയ്പ്പുണ്ട്) ദിഗ്വിജയം നേടിയെന്ന മട്ടിൽ പരവശത്തോടെ ചെല്ലുമ്പോൾ തരാനായി നല്ല കൊഴുപ്പുള്ള ഉപ്പിട്ട കഞ്ഞിവെള്ളം മാറ്റിവയ്ക്കുന്ന കാന്റീനിലെ രാജൻ ചേട്ടൻ... ഓർമ്മകൾക്കെത്ര വാചാ



ലതയും സുഗന്ധവുമാണ്...!

നിറങ്ങളുണ്ടെങ്കിൽ ജീവനുണ്ട് ജീവനുണ്ടെങ്കിൽ നിഴലുകളുമുണ്ട്.... നിറങ്ങളേയും നിഴലുകളേയും സ്നേഹിക്കുന്ന യുവഹൃദയങ്ങൾ (ചിലർ സ്നേഹിക്കാനായി ശ്രമിക്കുന്നു) ഇതിനിടയിൽ ചില പൊട്ടിച്ചിരികളും വളകിലുക്കങ്ങളും അല്പം കൂടിയേക്കാം... മരത്തണലുകളിൽ... ഇണക്കങ്ങളും പിണക്കങ്ങളും വളകിലുക്കങ്ങളുമായി പ്രണയത്തിന്റെ താഴ്വരയായി മാറുന്ന ബി.ബി. സി.യും.... സി.സി.യും...

സ്വപ്നങ്ങൾ വ്യാഖ്യാനിയ്ക്കുന്ന ബി.ബി.സി.യിലെ പടവുകൾ... വൈകുന്നേരങ്ങളിൽ ആ പടവുകളിൽ മലർന്നു കിടക്കുമ്പോൾ സ്നേഹത്തേയും പ്രണയത്തേയും സൗഹൃദത്തേയും കുറിച്ചുള്ള ചിലരുടെ സംശയങ്ങൾ.... ചൂടേറിയ ചർച്ചകൾ...(ചില നമ്പരുകൾ വെറുതെ പറ്റിക്കാൻ) പലപ്പോഴും അരുണും എൽദോസും അനൂപുമൊക്കെയാവും കൂട്ടത്തിൽ... ചിലപ്പോഴൊക്കെ ചാപ്പലിന്റെ മുകളിൽ നിന്ന് പ്രാവുകൾ കുറുകുന്നത് കേൾക്കാറുണ്ട്.. നമുക്ക് അന്യമായ ഭാഷയിൽ അവർ പ്രവചിക്കുകയാവും....!!

സാമ്പത്തിക ശാസ്ത്രവും ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയും തീവ്രമായി പഠിക്കുമ്പോൾ ക്ലാസ്സിൽ ചിലപ്പോൾ അനാഥമായ കൂർക്കം വലികൾ...(ദേഷ്യം വരും..പഠിയ്ക്കേണ്ടേ?) അവയ്ക്കുടമകൾ പലപ്പോഴും ഉന്നതവിജയികളുമാകാറുണ്ട്...

മഴ- മഴയെക്കുറിച്ചാണേറെ ഓർമ്മകൾ... മഴ എപ്പോഴും മൗനം പോലെയാണ് മെല്ലെ കനത്ത് വരും... പതുക്കെ കറുത്ത് കൂടി ആകാശം വികൃതമാക്കി ക്ലാസ്സ് മുറികളിലേക്ക് കാറ്റായി പടർന്ന് തണുപ്പിച്ച്....നിറഞ്ഞ് പെയ്തങ്ങനെ.. ഈ സമയത്താണ് ഒരിക്കലും നിവർത്താത്ത വളഞ്ഞ കാലൻ "കുടകൾ" പ്രത്യക്ഷപ്പെടുന്നത് (അയ്യേ അത് ചൂടാനല്ല കുത്തിപ്പിടിക്കാനാണ്...!) മഴയത്ത് സമരം ചെയ്യാൻ നല്ല രസമാണ് (ഹയ്യോ കോളേജിന്റെ മോട്ടോ...?)

ക്യാമ്പസ് ജീവിതത്തിൽ ഏറ്റവും സന്തോഷം എന്തെന്ന് ചോദിച്ചാൽ സമരമാണ്. (പട്ടിണിയായാലും വേണ്ടില്ല) ഉച്ചത്തിൽ നാല് മുദ്രാവാക്യം വിളിക്കണം... വിദ്യാർത്ഥിപ്രളയമായി ഒരു ജാഥയും...(15 പേർ കഷ്ടി) ക്ലാസ്സുകളിൽ വമ്പൻ പ്രസംഗങ്ങൾ..( പലരുടേയും "പെർഫോമൻസ്" ഉറക്ക പ്രചോദിതം...!)

വിക്ടർ ജോർജ്ജിന്റെ പ്രശസ്തമായ ഒരു ഫോട്ടോയുണ്ട്, "പെങ്ങളെ ഒരു വോട്ട്..." തെരഞ്ഞെടുപ്പിന്റെ കാലമായി.... വെളുക്കെ ചിരിച്ച മുഖവും....കൂടിയ രക്തസമ്മർദ്ദവുമൊക്കെയായി... കുറെ ദിവസങ്ങൾ...പലരുടേയും സ്നേഹവും സൗഹൃദവും സൗന്ദര്യവും അപ്പോഴാണ് കാണേണ്ടത്... ഒരിക്കൽപോലും ചിരിക്കാത്തവർ ചിരിക്കും, മുണ്ടുടുക്കും...മൊത്തിൽ ഒന്ന് മിനുങ്ങും..(?) (പ്രത്യയശാസ്ത്രം...ഹൊ ഭയങ്കരം തന്നെ...!) പിന്നെ നിറങ്ങളുടെ ഘോഷയാത്രയാണ്. നീല, മഞ്ഞ, ചുവപ്പ്, പച്ച... എന്നുവേണ്ട ഒരിക്കലും കാണാത്ത നിറങ്ങൾവരെ കണ്ട് കണ്ണ് മഞ്ഞളിപ്പിക്കാനൊരു ഉഗ്രൻ അവസരം. വിജയാഹ്ലാദപ്രകടനങ്ങൾക്കിടയിൽ കൂടി കടന്നുപോകുന്ന പരാജിതർ, അവരുടെ ഗതി അധോഗതി... (അനുഭവം ഗുരു) പരീക്ഷാകാലമാകുന്നതോടെ ലൈബ്രറിയിലേക്കായി പിന്നെ



യാത്ര. എത്ര ചീത്തപറഞ്ഞാലും കൊതിതീരാത്ത രാജു ചേട്ടനും പാവം റീത്ത ചേച്ചിയും (പറ്റിക്കാൻ) ഒന്നും മിണ്ടാത്ത ചെറിയാൻ സാറുമൊക്കെയായി അവിടെയാണൊരു പൂരം... ലൈബ്രറിയിലിരുന്നുറങ്ങാൻ സുഖമാണ്... ശല്യം ചെയ്യാൻ ആരുമില്ലാതെ.. വിഖ്യാതമായ ആശയങ്ങളോടൊപ്പം സ്വപ്നംകണ്ടങ്ങനെ..... ഇടയ്ക്ക് ചായകുടിക്കാൻ പോകണം. അല്ലെങ്കിൽ ദിനചര്യ തെറ്റും..!

ആരും അറിയാതെ (ആരോടും പ്രത്യേകിച്ച് പറയാറുമില്ല) വീട്ടിൽ പോയി പഠിച്ച് പരീക്ഷയെഴുതി.അഹങ്കാരത്തോടെ തലയുയർത്തിപ്പിടിക്കുന്ന "ഓപ്പൺ ഹൗസും"(അതിനു ശേഷം പലർക്കും 'ക്ലോസ്ഡ് ഹൗസ്') ഈ യാത്രയിൽ പലപ്പോഴും കണ്ടുമുട്ടിയ മുഖങ്ങൾ ഷെല്ലി, മാർക്സ്, ആഡംസ്മിത്ത്, കെയ്ൻസ്, ചെ-ഗുവേര, രാജലക്ഷ്മി, അഴീക്കോട് (എനിയ്ക്കയാളെ ഇഷ്ടമല്ല) ചങ്ങമ്പുഴ, എം.ടി. സ്വന്തം..... ഖലീൽ ജിബ്രാൻ... നീണ്ട നിരകളിൽ കഥകളും കവിതകളും നോവലുമൊക്കെയുണ്ട് -"   ഒരുവഴിയും കുറെ നിഴലുകളും.." (കടപ്പാട്: രാജലക്ഷ്മി)

ഈ ആൽബത്തിൽ ചില ചിത്രങ്ങൾ കൂടിയുണ്ട്. പലപ്പോഴും ഉറങ്ങാനും ചിലപ്പോഴൊക്കെ വിശപ്പടക്കാനും പ്രണയത്തിന്റെ കവിതകൾ വായിക്കാനും...ഇരുന്ന ലൈബ്രറിയിലെ പഴയ മരക്കസേരകൾ...... മറക്കില്ല അന്നെന്റെ ഒതുക്കിപ്പിടിച്ച ശബ്ദത്തിനും നിശ്വാസങ്ങൾക്കുമുത്തരം അവർ മാത്രമായിരുന്നു....

എല്ലാം നഷ്ടമാകുകയാണ്. മഹാഗണികൾ ഇലപൊഴിച്ചു തുടങ്ങിയിരിക്കുന്നു. ഒരിക്കൽ കൂടി ക്യാമ്പസിന്റെ  പടവുകൾ കയറിയിറങ്ങാൻ തോന്നുന്നു. കാരണം ഇതെല്ലാം നഷ്ടമാവുകയാണ്. ഈ യാത്രയിൽ എപ്പോഴാണ് ഈ ക്യാമ്പസിലെ പടവുകൾ ശ്രദ്ധിച്ചത്. ഇതിലൂടെ കയറി ഇറങ്ങിയപ്പോൾ കാലുകൾക്ക് ഗതിവേഗം കൂടുകയായിരുന്നോ....? ഓർമ്മയിൽ ഗൃഹാതുരത്വം തുളുമ്പുന്ന ക്ലാസ് മുറികൾ....

മനസ്സിലിപ്പോൾ സ്നേഹം സമൃദ്ധമാണ്. അതുമുഴുവൻ കൊടുത്തുതീർക്കാനാവാത്ത നദിയുടെ നിറകുടമാണ്. ഒരിക്കൽ കൂടി സൗഹൃദത്തിന്റെ ഈ പൂമരത്തണലിൽ വെറുതെയിരിയ്ക്കാൻ കൊതിയാവുന്നു. ജനാലയിലൂടെ ഇന്നലെ കണ്ടതെല്ലാം നോക്കാനായെങ്കിൽ.... വിടപറയുന്ന വേളയിൽ ക്യാമ്പസ് കൂടുതൽ സുന്ദരിയാണ്. കൊഴിഞ്ഞ മഹാഗണികളിൽ തളിരുകളുടെ പെരുമ.

ജീവിതത്തിൽ ഇനി ഒരിയ്ക്കലും സ്വന്തമാക്കാൻ കഴിയാത്ത ഒരു നല്ല വസന്തത്തിന്റെ നിറവിൽ ആടിത്തിമിർത്ത ഓഡിറ്റോറിയം.. വി.എം.എച്ച്. എന്തേ ഞാനറിഞ്ഞീല... ഇത്രവേഗം ആ ദിനങ്ങൾ കടന്നുവരുമെന്ന്. വിടപറയൽ അനിവാര്യതയാണെന്നറിയാം.  എങ്കിലും വിടപറയലിന്റെ ഈ അവസാന നാൾവരെയും ഞാനറിഞ്ഞില്ലല്ലോ ഈ കലാലയത്തെ... ഇവിടുത്തെ ജീവിതത്തെ ഞാനിത്രമേൽ സ്നേഹിച്ചിരുന്നെന്ന്...! ഒരുവട്ടം കൂടി കിട്ടിയാൽ പൊന്നായി ഞാൻ സൂക്ഷിച്ചേനെ... പളുങ്കുപോലെ കാത്തുവച്ചേനെ..... വേർപെടുന്ന ഈ വേളയിലാണ് ആ നഗ്ന സത്യം മനസ്സിലായത്. ഈ കലാലയ



ത്തേയും ഇവിടുത്തെ ജീവിതത്തെയും ഞാനേറെ സ്നേഹിച്ചിരുന്നെന്ന്. അതെ, എനിക്ക് പ്രണയമായിരുന്നു- ഒരു കലാലയ പ്രണയം..!

"ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം
ഇന്ദ്രധനുസിൻ പൂക്കൾ പൊഴിയും തീരം
ഈ മനോഹര തീരത്തുതരുമോ
ഇനിയൊരു ജന്മം കൂടി....!

ഗെയ്റ്റ് കടന്ന് തിരിഞ്ഞുനോക്കി... Zero Waste Campus!! മുഖം തിരിച്ചപ്പോൾ ഒരു പരസ്യബോർഡ് 'ഒരു ചെയ്ഞ്ച് ആരാണ് ഇഷ്ടപ്പെടാത്തത്..!!' ഞാനിഷ്ടപ്പെടുന്നില്ല കാരണം, പൊട്ടിത്തകർന്നയീ ജാലക ചില്ലിൽ പെയ്തൊഴിയാത്ത ഒരായിരം വിഷാദ ഭാവങ്ങൾ ഉണ്ടായിരുന്നു. നീയും ഞാനും തമ്മിൽ ധ്രുവങ്ങളുടെ ദൂരമുണ്ടിപ്പോൾ. മണ്ണും മാനവും തമ്മിലുള്ള അകലം..... അതലിഞ്ഞില്ലാതാകാൻ നിമിഷാർദ്ധങ്ങൾ മതി... എന്നിട്ടും... കഴിയുന്നില്ല. അകലങ്ങളിൽ... ചിറകടികൾ കേട്ടു മറയുന്നു... പഴയ കൂടിനോട് വിടപറയാനാവാതെ... ഒഴിഞ്ഞ കൂട് തിരിഞ്ഞുനോക്കാനാവാതെ.... തുറന്നിട്ട വാതിലിനായി കാത്തിരിപ്പ് തുടരുന്നു.....

എനിയ്ക്കെന്നും തോന്നലുകളായിരുന്നു.. ഏതോ ഓഡിറ്റോറിയത്തിൽ...എന്നെ കാത്തിരിക്കുന്ന കൈയ്യടികൾ.. രാത്രിമഴയും... സർപ്പക്കാവും, ചുറ്റമ്പലവും... തളിരും... തേനും... വേനൽമഴയും.... എന്റെ സ്വപ്നത്തിന്റെ ഇരുണ്ട ഇടനാഴികളിൽ എന്നും മൗനമായിരുന്നു... പിന്നിട്ടതെല്ലാം ഏതോ കണ്ണീർ പുരണ്ട വഴികൾ.. ഏകാന്തതയുടെ വിജനമായ വിരസതകൾ.... കാടുകയറിയ ഈ ചുറ്റമ്പലത്തിൽ എന്നും മഴയായിരുന്നു. നിശബ്ദമായ മൺപാതയിൽ നിന്റെ ഓർമ്മകളുടെ ഘോഷയാത്രയാണ്....നിനയ്ക്കാതെയീ ദീർഘ സ്വപ്നഭംഗം....?! ഈണം പോയയീ ഗാനം പ്രവഹിയ്ക്കുന്നതാർക്കായ്....!! ഏകാന്തതയുടെ നിറമുള്ള.. മരണത്തിന്റെ മൗനമുള്ള നിനക്കായ്.... പ്രിയപ്പെട്ട കലാലയമേ നിന്നോടായ്..... കരഞ്ഞുകൊണ്ടിറങ്ങുന്ന ദേശാടനപക്ഷി പുതിയൊരു കൂടു തേടി പറന്നകലുന്നു....!! വൈകിയെങ്കിലും യാത്രാമംഗളങ്ങൾ തന്നവരോട്...

അന്നും ഈ മഴച്ചീളുകളുണ്ടായിരുന്നു. ആ ചെമ്മൺ വഴിയരികിൽ നിന്റെ നിശ്വാസങ്ങൾ എന്നെ കാത്തുനിന്നപ്പോൾ നിന്റെ കവിളിലൂടെ ഒലിച്ചിറങ്ങിയ മഴത്തുള്ളികൾ ചുണ്ടിൽ തുളുമ്പി നിന്നു. മഴയിൽ കുതിർന്ന നിന്നിൽ നിന്ന് വിജനമായ രാത്രിയിലെ കാപ്പിച്ചെടികൾ പൂക്കുന്നത് ഞാനറിഞ്ഞു..! നനഞ്ഞുനിന്ന രോമാഞ്ചങ്ങളിൽ ജനിമൃതികളുടെ തുടികൊട്ടുകൾ കേട്ടിരുന്നു. ഇന്ന്....

ഞാൻ നിന്നെ കാത്തുനിൽക്കുന്നീയിടവഴിയിൽ
ഞാൻ മാത്രം
പിന്നെയീ മഴച്ചീളുകളും...
ജനിമൃതിയുടെ മൂകസാക്ഷിയായി
ചെറുതേങ്ങലോടെയീ മഴച്ചീളുകൾ....!!

എന്റെ ഓർമ്മത്താളിലെ മഴച്ചീളുകൾ....!!

# മുൾക്കിരീടം

സുധി സി.ജെ
Ist BA ഹിസ്റ്ററി



**അ**വൾ എനിക്കൊരു മുൾക്കിരീടം സമ്മാനിച്ചു മടങ്ങി.
ഞാൻ അത് ആ കുറ്റിക്കാട്ടിലേക്ക് വലിച്ചെറിഞ്ഞു.
എവിടെയോ നഷ്ടബോധത്തിന്റെ കൂർത്ത
മുള്ളുകൾ തറയുന്നതുപോലെ എനിക്കുതോന്നി.
മുൾക്കിരീടം തേടി ഞാൻ അലഞ്ഞു
ഒടുവിൽ ഞാൻ അത് വീണ്ടെടുത്തു
ഞാൻ എന്റെ തലയിലേക്ക് അമർത്തി
ഞരമ്പുകൾ പിടഞ്ഞു ചോര പൊടിഞ്ഞു
ഓരോ തുള്ളികളും അവൾക്കായി ചൊരിഞ്ഞു
ഓരോ കണ്ണുനീർത്തുള്ളിയിലും അവൾ എനിക്കായ് നിറഞ്ഞു
വർണ്ണമഴകൾ പെയ്തുകൊണ്ടിരുന്നു
ഞാൻ ആ മുൾക്കിരീടം ഊരിമാറ്റി
പക്ഷേ മുള്ളുകൾ ഒരിക്കലും പറിച്ചെടുക്കാനാവാത്തത്ര
ആഴത്തിൽ തറഞ്ഞുപോയിരുന്നു
അത് എന്റെ നെഞ്ചിലേക്ക് ആഴ്ന്നിറങ്ങി.

# ഒടുവിൽ

സിമിത കെ.എസ്.
Ist MA മലയാളം



വെറുപ്പിന്റെ കുമ്പസാരക്കൂട്ടിൽ നിന്നും
ഞാനിറങ്ങി നടക്കുമ്പോൾ
മനസ്സിൽ ബാക്കിയായത്
വെറും നഷ്ടബോധമായിരുന്നു
ആർക്കും ആരേയും അറിയാൻ
കഴിഞ്ഞില്ലല്ലോ.
വിദ്വേഷത്തിന്റെ നാമ്പുകളെ
മറക്കാൻ ശ്രമിക്കുമ്പോഴും
സ്നേഹത്തിന്റെ നിലാമഴ
ഇനി പെയ്യില്ലെന്നറിയാം
തിമിർത്തുപെയ്യുന്ന മഴയ്ക്ക്
തനിയാവർത്തനങ്ങളില്ല.
അത് ഒരിക്കൽ പെയ്ത് തോരുന്നു
പിന്നീട് വരുന്നത് മറ്റൊരു മഴ
ആ മഴയ്ക്ക് ആദ്യം പെയ്ത
മഴയെ ഓർമ്മിപ്പിക്കാനേ കഴിയൂ
ആദ്യമായറിഞ്ഞ മഴയാകാൻ കഴിയില്ല
ആദ്യമായറിഞ്ഞ മഴയ്ക്ക്
ഒരിക്കലേ പെയ്യാനാകൂ
ഒരിക്കലേ തോരാനാകൂ.



# ആലുവാപുഴയോരത്തെ ചരിത്രസ്മൃതികൾ

തയ്യാറാക്കിയവർ: ജിനോജോൺ, മിഥുൻ(CME), ജിന്റോജോൺ, ബിബിൻ രാജ്

ഒരു ക്യാമ്പസ്, അതിന്റെ ചുറ്റുമതിൽകെട്ടിൽ നിന്നും അതിനെ ഉൾക്കൊള്ളുന്ന ദേശത്തിന്റെ ചരിത്ര താളുകളിലേക്ക് ഒന്ന് പാളിനോക്കുകയാണിവിടെ. യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ നാല് ചുവരുകൾക്ക് പുറത്ത്.., ആലുവ എന്ന നാടിന്റെ ആത്മാവിലേക്ക് കലാലയത്തിന്റെ കണ്ണുകൾ "ഫോക്കസ്" ചെയ്യുകയാണിവിടെ. സിലബസിലൂടെ മാത്രമല്ല ലോകത്തെ നോക്കിക്കാണേണ്ടതെന്ന തിരിച്ചറിവിൽ നിന്ന്... ഒരു ദേശത്തിന്റെ പാരമ്പര്യത്തെ ആഴത്തിലറിയാനുള്ള അഭിവാഞ്ഛയിൽ നിന്ന് ഒക്കെയാണ് ഈ ഫീച്ചറിന്റെ തുടക്കം.

"ദക്ഷിണകാശി' എന്നറിയപ്പെടുന്ന ഈ നഗരത്തിലാണ് പ്രയാഗിലെ കുംഭമേളയെ അനുസ്മരിപ്പിക്കുന്ന "ശിവരാത്രി" കൊണ്ടാടുന്നത്. ഈ ധന്യതയ്ക്ക് സാക്ഷ്യം വഹിക്കുന്നത് പുരാണ നദിയായ പെരിയാറും...! മഹത്തായ ചരിത്ര പശ്ചാത്തലമുള്ള ആലുവയെക്കുറിച്ച്, മലയാളക്കരയുടെ ദേശീയോത്സവമായ ശിവരാത്രിയെക്കുറിച്ച്... ഒരു ചരിത്രപഠനം നടത്തുന്നതിനുള്ള ശ്രമമാണിത്.

ആലുവയുടെ ചരിത്രം സ്ഥലവാസികളുടെ ചരിത്രമാണ്. അവരുടെ അനുഭവങ്ങളുടെയും അറിവിന്റെയും ആകെത്തുകയാണ്. ഇന്ന് ഈ പ്രദേശത്തെ ഏറ്റവും പ്രായം ചെന്നവരായ കൈനിക്കുടിയിൽ അച്ചാരുണ്ണി, തങ്കപ്പൻസ്വാമി, മുഹമ്മദ് റാഫി എന്നിവരുടെ വാക്കുകൾ ഞങ്ങൾക്ക് പ്രചോദനമായിട്ടുണ്ട്.

## പൊതുവായ ചരിത്രം

ആദിമസംസ്ക്കാരങ്ങൾ എല്ലാം തന്നെ നദീതീരങ്ങളിൽ പിറവിയെടുത്തതാണെന്നും ഇതിന് കാരണം കൃഷിക്കനുയോജ്യമായ ഭൂപ്രദേശം നദീതടങ്ങളാണെന്നും ഒരു പൊതുവായ കണ്ടെത്തലാണ്. സാഹചര്യം വച്ച് നോക്കിയാൽ "പൂർണ്ണ" എന്നും "പൂർണ്ണി" എന്നുമൊക്കെ പുരാതനകാലത്ത് അറിയപ്പെട്ടിരുന്ന പെരിയാറിന്റെ തീരം ഫലഭൂയിഷ്ഠമായ കൃഷിഭൂമിയെന്ന നിലയിൽ അന്നും ജനവാസ കേന്ദ്രമായിരിക്കണം. ഈ പുഴയോരത്ത് ഉണ്ടായിരുന്ന ചെങ്കൽ കുന്നുകൾ ആദിമകാലങ്ങളിൽ ആവാസ കേന്ദ്രങ്ങൾ ആയിരുന്നു. വെള്ളപ്പൊക്കത്തിന് സാദ്ധ്യതയുള്ളപ്പോൾ ഇത്തരം കുന്നുകളുടെ ചരിവുകളിൽ ആയിരുന്നു ജനവാസം എന്നും പുരാവസ്തുപഠനം പറയുന്നു.

ഈ പ്രദേശം കേരളത്തിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഒന്നായിരുന്നെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പുഴയോരത്തുള്ള ചെങ്കൽ പറമ്പുകളിൽ നിന്നും കുന്നുകളിൽ നിന്നും ലഭിച്ചിട്ടുള്ള നന്നങ്ങാടികളും പലയിടങ്ങളിലും കണ്ടിട്ടുള്ള ഗുഹകളും ആദ്യകാല ജനവാസ കേന്ദ്രത്തിന്റെ തെളിവുകളാണ് നൽകുന്നത്. ഈ പ്രദേശത്തുനിന്ന് കിട്ടിയ നന്നങ്ങാടികളും അവയിൽ ഉണ്ടായിരുന്ന ഇരുമ്പ് ആയുധങ്ങളും മറ്റും ആലുവ യു.സി. കോളേജിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയെപറ്റിയും ഗുഹകളെപറ്റിയും ശാസ്ത്രീയ

പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള നന്നങ്ങാടികളിൽ ഒന്ന് ആലുവ യു.സി. കോളേജിലെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മഹാശിലായുഗം മുതൽ ഈ പ്രദേശം ജനവാസ കേന്ദ്രമായിരുന്നു. മഹാശിലായുഗത്തിൽ ഇരുമ്പ് ആയുധമായി ഉപയോഗിച്ച് ഇക്കൂട്ടർ ഭീമാകാരമായ സ്മാരക ശിലകൾ സ്ഥാപിച്ചു. അതിനാലാണ് ഈ കാലഘട്ടം മഹാശിലായുഗം എന്ന് അറിയപ്പെടുന്നത്. കുടക്കല്ലുകൾ, വിരകല്ലുകൾ, മുനിയറകൾ, കൽവൃത്തം തുടങ്ങിയവയും, മൺജാറുകളും ഈ സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങളായിരുന്നു. പുരാതന സംസ്ക്കാരത്തിന് സാക്ഷ്യം വഹിച്ച പെരിയാറിന്റെ തീരം പല ഐതീഹ്യങ്ങൾക്കും സ്ഥലനാമ കഥകൾക്കും ജീവൻ നൽകുന്നതിൽ പങ്ക് വഹിച്ചിട്ടുണ്ട്.
(വി.വി.കെ. വാലത്ത്, കേരളത്തിലെ സ്ഥല ചരിത്രങ്ങൾ,
എറണാകുളം ജില്ല, 1991, പേജ് 85)

**ആലുവാപ്പുഴ**

പെരിയാർ അതിന്റെ സർവ്വാർഭാടത്തോടും കൂടി ആലുവയിലെത്തുന്നതോടെ ആലുവാപ്പുഴയാകുന്നു. ദക്ഷിണേന്ത്യയിലെ പുണ്യനദിയായി കണക്കാക്കപ്പെടുന്ന പെരിയാറിന്റെ തീരം ഈ പ്രദേശവാസികൾക്ക് ജീവസന്ധാരണത്തിന് വഴിയൊരുക്കുന്നതിനാൽ ഇതിനെ ജീവനദിയായി കണക്കാക്കാവുന്നതാണ്. ആലുവാപ്പുഴയിലെ ജലത്തിന് ഉള്ളതായിപറയപ്പെടുന്ന അത്ഭുത സിദ്ധികളും അത് സംബന്ധിച്ചുള്ള കഥകളും പുണ്യനദീ സങ്കൽപ്പത്തിന് കാരണമായി. പ്രചാരത്തിലുണ്ടായിരുന്ന ഒരു വിശ്വാസം 92 കാരിയായ പള്ളിയുടെ വാക്കുകളിൽ..

"നീലക്കൊടുവേലി " എന്ന അത്ഭുത അപൂർവ്വ സസ്യത്തിന്റെ വേരിൽ തട്ടിയാണ് ഈ പുഴഒഴുകുന്നത്. രോഗശാന്തിനൽകുന്ന ഔഷധ ശക്തിയുള്ള ഈ നദിയുടെ സവിശേഷതയെപ്പറ്റി കേട്ടറിഞ്ഞ് ദൂരെദിക്കുകളിൽ നിന്നുപോലും ധാരാളം പേർ വന്നിരുന്നു. ഈ പുഴയുടെ പരിശുദ്ധിയും നൈർമ്മല്യവുംകൊണ്ട് തിരുവിതാംകൂറിലെ ഒരു പ്രമുഖ സുഖവാസ കേന്ദ്രമായി ആലുവ അറിയപ്പെട്ടു.സാധാരണജനങ്ങൾക്കും നാടുവാഴികൾക്കും തിരുവിതാംകൂർ രാജാക്കന്മാർക്കും യൂറോപ്യന്മാർക്കും ഈ പുണ്യനദീ തീരം ഇഷ്ട സുഖവാസ കേന്ദ്രമായിരുന്നു.

1789 ൽ തിരുവിതാംകൂർ മഹാരാജാവ് ആലുവായിൽ വന്നപ്പോൾ ഈ പുഴയിലെ സ്ഫടിക തുല്യമായ ജലത്തിൽ നീരാടുകയും ഏതാനും ദിവസം ഇവിടെ താമസിക്കുകയും ചെയ്തു. ഇതിനിടയിൽ അദ്ദേഹം ഒരു യാഗവും ഏർപ്പാട് ചെയ്തു. (ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ, വാല്യം 2, 1940, പേജ് 399). 16-ാം നൂറ്റാണ്ടിൽ കൊച്ചിയിൽ മേധാവിത്വം സ്ഥാപിച്ച പോർച്ചുഗീസുകാരും ഇവിടെ കുളിച്ച് താമസിച്ചതായും "ഫീറാ-ഡി- ആൽവ (Fera D. Alva)" എന്ന ഒരു സ്നാനഘട്ടം അവർക്കായി ഉണ്ടാക്കിയതായും, തുടർന്നുവന്ന ഡച്ചുകാർക്കും ബ്രിട്ടീഷുകാർക്കും ആലുവ പുഴയും തീരവും പ്രിയപ്പെട്ടതായിരുന്നു എന്നും 1819 ഒക്ടോബർ 3ന് പുഴ മാർഗ്ഗം ആലുവയിൽ എത്തിയ ബി.എസ്. വാർഡ് എന്ന ബ്രിട്ടീഷുകാരൻ തന്റെ ഡയറിയിൽ ഈ പുഴയുടെ പരിശുദ്ധിയെപ്പറ്റിയും, ഔഷധഗുണ വിശ്വാസത്തെപ്പറ്റിയും വിശദീകരിച്ച് എഴുതിയിട്ടുണ്ട്.
(BS Ward and Corner"" Geographical & Statistical Memoir" Volume 4, Page 1)

കൊച്ചി പട്ടണത്തിലെ സമുദ്ര വാണിജ്യ സ്ഥാപനമായിരുന്ന "സ്കോട്ട് ബ്രദേഴ്സ് ആന്റ് കമ്പനി" 1864 സെപ്തംബർ 21ന് ബ്രിട്ടീഷ് റസിഡന്റിന് അയച്ച കത്തിൽ അന്ന് ആലോചനാഘട്ടത്തിലിരുന്ന കൊച്ചി- ഷൊർണ്ണൂർ റെയിൽ പാതയിൽപ്പെടുന്ന ആലുവയുടെ പ്രാധാന്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഈ പുഴയിൽ ഔഷധമൂല്യമുള്ള ധാതു നിക്ഷേപമുള്ളതിനാൽ സകലവിധ ത്വക്ക് രോഗങ്ങൾക്കും ഈ നദീസ്നാനം പ്രതിവിധിയാണെന്ന് സൂചിപ്പിക്കുന്നുണ്ട്.
(Correspondence between residents and the Dewan of Cochin regarding Trichur-Shornur Railway 1862-1897)ഇതേ അഭിപ്രായം തന്നെ കൊച്ചി ദിവാനും ബ്രിട്ടീഷ് റസിഡന്റും തമ്മിലുള്ള കത്തിടപാടുകളിലും കാണപ്പെടുന്നു. ചരിത്രകാരന്മാരും പൂർവ്വികരും ഗ്രന്ഥങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു.

**ആലുവ ശിവക്ഷേത്രവും മഹാശിവരാത്രിയും**

പുഴയുടെ പരിശുദ്ധിയേക്കാൾ പ്രശസ്തി ലഭിച്ചത് ആണ്ടോടാണ്ട് കുംഭമാസത്തിൽ ആലുവ മണപ്പുറത്ത് നടന്നിരുന്ന ശിവരാത്രി മഹോത്സവത്തിനാണ്. പ്രയാഗിലെ കുംഭമേളയോട് സാമ്യമുള്ള ആലുവ ശിവരാത്രിക്ക് നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് ജനങ്ങൾ വന്നുചേരുന്നു. വടക്കേ ഇന്ത്യക്കാർക്ക് കാശി എന്ന പോലെയാണ് ദക്ഷിണേന്ത്യക്കാർക്ക് ആലുവ. ഇതുകൊണ്ടാണ് ആലുവ ഒരു തീർത്ഥാടന കേന്ദ്രമായതും

"ദക്ഷിണ കാശി" എന്ന അപരനാമം നേടിയതും.

ശിവരാത്രിയുടെ ഉൽപ്പത്തിയെക്കുറിച്ച് പല ഐതീഹ്യങ്ങളുമുണ്ട്. മണപ്പുറത്ത് ഭജനമിരിക്കുന്ന തങ്കപ്പൻ സ്വാമിയുടെ വാക്കുകൾ കടമെടുത്താൽ ഒരു ഐതീഹ്യപ്രകാരം രാവണൻ പുഷ്പകവിമാനത്തിലിരുന്ന് ജഡായുവിനെ വെട്ടി വീഴ്ത്തിയതറിഞ്ഞ് ശ്രീരാമൻ ആത്മമിത്രത്തിന് സമർപ്പിച്ച ബലിതർപ്പണമത്രെ ഇവിടുത്തെ ശിവലിംഗമായിത്തീർന്നത്.! ഇതിന്റെ മറ്റൊരു പാഠഭേദപ്രകാരം വെട്ടേറ്റ് വീണ ജഡായുവിന്റെ വായ്ഭാഗം ഭൂമിയിൽ സ്പർശിച്ചഭാഗം ആലുവായും, നടുഭാഗം സ്പർശിച്ചത് നടുങ്ങല്ലൂരും (ഇത് പിന്നീട് കടുങ്ങല്ലൂരായതുമാകാം) വാൽ ഭാഗം മുട്ടിയത് തിരുവാല്ലൂരും ആയി എന്നത്രേ..! പണ്ടിവിടെ "മുന്നേടം താഴ്ക" എന്നൊരു ഏർപ്പാട് നിലനിന്നിരുന്നതായി പറയപ്പെടുന്നു. തങ്കപ്പൻ സ്വാമിയുടെ വാക്കുകൾ തുടരുന്നത്" ശ്രീരാമാവതാരകാലത്ത് പ്രതിഷ്ഠിക്കപ്പെട്ട ശിവലിംഗം അനേകായിരം ശതവർഷം അജ്ഞാതമായി കിടന്നുവത്രേ.. പിന്നീട് വില്വമംഗലത്ത് സ്വാമിയാർ ആവഴി വന്നപ്പോൾ ഒരു തേജസ്സ് കണ്ട് ദിവ്യദൃഷ്ടിയിൽ ശിവലിംഗം തിരിച്ചറിഞ്ഞു. അദ്ദേഹം ആ സ്ഥലത്ത് പ്രമാണിമാരെ വിളിച്ച് വരുത്തി അവിടെ നിത്യപൂജ നടത്തുവാൻ ഏർപ്പാടാക്കി എന്നാണ് മറ്റൊരു ഐതീഹ്യം. (ഒരു ഭക്തകവിയും പണ്ഡിതനുമായ വില്വമംഗലത്ത് സ്വാമിയാർ

13-ാം നൂറ്റാണ്ടിൽ പുത്തൻചിറയിൽ വില്വമംഗലം ഇല്ലത്ത് ജനിച്ചതായി പറയപ്പെടുന്നു. ശ്രീകൃഷ്ണാമൃതം അദ്ദേഹത്തിന്റെ കൃതിയാണ്.) ഇത്തരത്തിൽ ഈ പുഴയിലെ ജലത്തിനും പരിസരത്തിനും അനേകം പുണ്യപുരാതന കഥകൾ പറയാനുണ്ട്.

ശിവരാത്രി ദിവസം ആലുവ മണപ്പുറത്ത് എത്തുന്ന തീർത്ഥാടകർ ഉറക്കമിളച്ചിരുന്ന് പുരാണ പാരായണം നടത്തി പ്രഭാതത്തിൽ പെരിയാറിൽ മുങ്ങിക്കുളിച്ച് പിതൃതർപ്പണം നടത്തുന്നു. ഈ ആചാരത്തെപ്പറ്റിയും ഏതാനും ഐതീഹ്യങ്ങളുണ്ട്.

പണ്ട് ഭഗീരഥൻ പിതൃക്കളുടെ നിത്യശാന്തിക്കായി ഗംഗാനദിയെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കാനയിച്ചപ്പോൾ അതിനെ ശിവന്റെ ജടയിൽ വഹിച്ചതായി ഒരു കഥയുണ്ട്.(വെട്ടം മാണി"പുരാണിക് എൻസൈക്ലോപീഡിയ" കോട്ടയം, പേജ് 856) ഇതിന് സമാനമായി കരുതാം വില്വമംഗലത്തു സ്വാമിയാരെപ്പറ്റിയുള്ള കഥ. ശിവതേജസ്സുകൊണ്ട് മണപ്പുറത്ത് എത്തിയ സ്വാമിയാർ അവിടെ ആകെ ശിവജടയാൽ മൂടപ്പെട്ടതായി കണ്ടത്രെ. ഇന്നും ഭക്തർ ശിവന്റെ ജഡയായി ആലുവ മണപ്പുറത്തെ കരുതുന്നു. ഏതായാലും ഉദകക്രിയ എന്ന ആചാരവുമായി ബന്ധപ്പെട്ടതാണ് മിക്ക ഐതീഹ്യങ്ങളും എന്ന് മനസ്സിലാക്കാൻ കഴിയും.

ആലുവ ശിവക്ഷേത്രം പുഴയുടെ തെക്കെ കൈവഴിയിൽ വടക്കുഭാഗത്തെ മണപ്പുറത്ത് നേരെ മുകളിലാണ്. എന്നാൽ ശിവരാത്രിക്ക് ഓലയും പനമ്പുംകൊണ്ട് ഒരു താൽക്കാലിക ശിവക്ഷേത്രം കെട്ടിയുണ്ടാക്കാറുണ്ട്. ഇവിടം കാലവർഷക്കാലത്ത് വെള്ളപ്പൊക്കത്തിൽ മുങ്ങിപോകാറുമുണ്ട്. ഈ താൽക്കാലിക ശിവക്ഷേത്രമാണ് ആദി ശിവപ്രതിഷ്ഠയുടെ മൂലസ്ഥാനം എന്ന് വിശ്വസിക്കപ്പെടുന്നു. 1341 A.D.യിൽ കൊച്ചി അഴിയുടെ വികാസത്തിനുകാരണമായ മഹാവെള്ളപ്പൊക്കത്തിന്റെ സൃഷ്ടിയാണ് ആലുവാപ്പുഴയുടെ തെക്കെ കൈവഴി എന്ന് വിശ്വസിക്കപ്പെടുന്നു. ആ വെള്ളപ്പൊക്കത്തിൽ ആദി പ്രതിഷ്ഠാസ്ഥാനത്തുണ്ടായിരുന്ന ക്ഷേത്രം നശിച്ചതിനുപകരം തൊട്ട് വടക്കുള്ള ഉയർന്ന കരയിൽ സ്ഥാപിച്ചതാണ് ഇന്ന് നിലനിൽക്കുന്ന ശിവക്ഷേത്രം. ഇത് " ബാലക്ഷേത്രം" എന്ന് വിളിക്കപ്പെടുന്നത് പിതൃസ്ഥാനത്തെ അഥവാ മൂലസ്ഥാനത്തെ ക്ഷേത്രത്തിനുശേഷം സ്ഥാപിക്കപ്പെട്ടതുകൊണ്ടാകണം. മൂലസ്ഥാനത്തിന്റെ ഓർമ്മ പുതുക്കുന്നതിന്റെ തെളിവായിട്ടുവേണം ശിവരാത്രികാലത്ത് താഴെമണപ്പുറത്ത് ഉയരുന്ന താൽക്കാലിക ക്ഷേത്രത്തെ കാണുവാൻ. ആലുവ ശിവക്ഷേത്രത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുക ദുഷ്ക്കരമാണ്. ആ ക്ഷേത്രത്തിന്റെ അടിത്തറമാത്രമേ പണിതിട്ടുള്ളൂ എന്നതിന്റെ ഐതീഹ്യം ഇപ്രകാരമാണ്. ശിവഭൂതങ്ങൾ ഈ അടിത്തറ പണിതീർത്തപ്പോഴേക്കും കടുങ്ങല്ലൂർ ദേവനായ വിഷ്ണു അസൂയാലുവായി എന്നും കോഴിയായി വന്ന് കൂവി നേരം വെളുത്തതായി ഭൂതങ്ങളെ തെറ്റിദ്ധരിപ്പിച്ചു എന്നും, ഭൂതങ്ങൾ പണി ഉപേക്ഷിച്ചുപോയി എന്നും പറയപ്പെടുന്നു. ഭൂതങ്ങൾക്കുപറ്റിയ അമളിയും, അപൂർണ്ണമായ ക്ഷേത്രനിർമ്മാണവും ആലുവയുടെ ചരിത്രത്തിൽ നിഴലുകൾ വീഴ്ത്തിയിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു. ഭൂതങ്ങളുടെ നിർമ്മാണ പ്രത്യേകതയാകാം, പുഴയുടെ ഒഴുക്കിനെയും, കാലപ്പഴക്കത്തെയും അതിജീവിക്കുന്ന ഈ അടിത്തറയുടെ രഹസ്യം എന്നും വിശ്വസിക്കപ്പെടുന്നു.

ഇന്ന് ദേവസ്വം ഭരണത്തിൻ കീഴിലുള്ള ഈ ക്ഷേത്രത്തിന്റെ ഊരാളന്മാർ കളത്തിൽ കർത്താക്കന്മാരും, പോട്ട, തോട്ട എന്നുപേരുള്ള

രണ്ട് നമ്പീശന്മാരും (നമ്പ്യാർ),കണയേലി, എടമനമുല്ലപ്പള്ളി നമ്പൂതിരിമാരും ആയിരുന്നു എന്ന് പറയപ്പെടുന്നു.

പിതൃബലി എന്നപോലെ പ്രാധാന്യമുള്ള മറ്റൊരു കാര്യവും ശിവരാത്രിയുമായി ബന്ധപ്പെട്ടതായുണ്ട്. പണ്ടും നാനാജാതി മതസ്ഥർ മതേതരകാരണങ്ങളാൽ ശിവരാത്രികാലത്ത് ഒന്നിച്ചു കൂടിയിരുന്നു എന്നതാണ്. ആലുവ മണപ്പുറത്തുള്ള ഈ ഒത്തുചേരൽ ഒരു സാധാരണ സംഭവമായിരുന്നു. ആ അനുഭവത്തിന്റെ സവിശേഷതയും, വ്യാപ്തിയും കൊണ്ടാകണം മലയാളത്തിൽ " ആലുവാമണപ്പുറത്തുവച്ചുകണ്ട പരിചയം" എന്ന പ്രയോഗമുണ്ടായത്. ശിവരാത്രിയുടെ ഈ പ്രസിദ്ധിക്കുകാരണം പുരാതനകാലം മുതൽ ശിവരാത്രിയോടനുബന്ധിച്ച് മണപ്പുറത്ത് നടക്കുന്ന വാർഷിക ചന്തയുടെ പ്രാധാന്യംകൊണ്ടുകൂടിയാണ്. ഇത്തരം ചന്തകൾ ധാന്യങ്ങളും, ഉൽപ്പന്നങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും ഇന്നുള്ള സംവിധാനങ്ങൾ ഇല്ലാതിരുന്ന കാലത്ത് എത്രയോ ഉപകാരപ്രദമായിരുന്നു. കാർഷിക വിത്തുകൾ, ഫലമൂലങ്ങൾ, പണിആയുധങ്ങൾ, ചട്ടി, കലം, പായ തുടങ്ങി ഗൃഹോപകരണങ്ങളായിരുന്നു ആദ്യകാലങ്ങളിലെ പ്രധാന വാണിജ്യവസ്തുക്കൾ. കാലക്രമേണ ഇവിടെ വസ്ത്ര ശാലകളും ആഢംബരവസ്തുക്കളും, വിശേഷ ഗൃഹോപകരണങ്ങളും, സ്ഥാനം പിടിച്ചു. ഈ വ്യാപാര പ്രാധാന്യമാകാം നാനാജാതി മതസ്ഥരെ ആലുവ മണപ്പുറത്ത് ശിവരാത്രി ദിവസം കൂട്ടിക്കൊണ്ടുവന്നത്.

**ആലുവ കൊട്ടാരം**

കുംഭമാസത്തിൽ ശിവരാത്രിക്ക് പങ്കെടുക്കുവാൻ വരുന്നവർ വേനലിന്റെ കാഠിന്യം മറന്ന് ഇവിടെ തങ്ങിയിരുന്നത് പുഴവെള്ളത്തിന്റെ പരിശുദ്ധിയും ഔഷധഗുണവും മൂലമായിരുന്നു. രാജാവ് പ്രജകളുടെ ഈ രീതി പിൻതുടർന്ന് മണപ്പുറത്തേക്ക് പുമുഖമായി ഒരു കൊട്ടാരവും, സ്നാനഘട്ടവും പണികഴിപ്പിച്ചു. തിരുവിതാംകൂർ രാജാക്കന്മാരുടെ വേനൽക്കാല വസതിയായി ഈ കൊട്ടാരം കണക്കാക്കിയിരുന്നു.

**സ്ഥലനാമ ചരിത്രം**

സ്ഥലനാമോൽപ്പത്തിയുമായി ബന്ധപ്പെട്ട് പലകഥകളുമുണ്ട്. പാലാഴി മഥനവുമായി ബന്ധമുള്ളതാണ് ഒന്ന്. ദേവലോകത്തിന് ഐശ്വര്യക്ഷയം വന്നകാലത്ത് അസുരന്മാരും ദേവന്മാരും സന്ധിചെയ്ത് പാലാഴിയിൽ അനേകതരം ഔഷധ ചെടികൾ കൊണ്ടുവന്നിട്ട് മന്ദരപർവ്വതം കടകോലും, വാസുകിയെ കയറുമാക്കി കടഞ്ഞ് അമൃത് ഉണ്ടാക്കി എന്നൊരു കഥയുണ്ട്. വാസുകിയുടെ വാൽഭാഗം ദേവഗണവും തലഭാഗത്ത് അസുരഗണവും നിലയുറപ്പിച്ചാണ് കടഞ്ഞത്. മഥനത്തിനിടയിൽ കാളകൂടം എന്ന ഉഗ്രവിഷം ഉണ്ടായി എന്നും അത് ഭൂമിയിൽ വീണാൽ ലോകനാശം സംഭവിക്കുമെന്നും കണ്ട് ശിവൻ സ്വയം ഈ വിഷം ലോകനന്മയെക്കണ്ട് വായിൽ ഒഴിച്ചുവെന്നും, ഭയന്ന പാർവ്വതി ശിവന്റെ കഴുത്തിൽ പിടിച്ച് വിഷം തൊണ്ടയിൽ തടഞ്ഞു നിർത്തി എന്നുമാണ് കഥ. തൊണ്ടയിൽ വിഷവുമായി ശിവനും അവിടെ ഉണ്ടായിരുന്ന ഭൂതഗണങ്ങളും ആ രാത്രി ഉറക്കമൊഴിച്ചുവെന്നും അതിന്റെ സ്മരണാർത്ഥമാണ് ആലുവ എന്ന സ്ഥലനാമവും, ശിവരാത്രിക്ക് ഉറക്കമൊഴിച്ചുള്ള പിതൃതർപ്പണവും എന്ന് വിശ്വസിക്കപ്പെടുന്നു. വെള്ളം എന്ന് അർത്ഥം വരുന്ന "ആലം" എന്ന വാക്കിൽ നിന്നാണത്രേ "ആലുവ" എന്ന സ്ഥലനാമം ഉണ്ടായത്.

വില്വമംഗലം സ്വാമിയാരുമായി ബന്ധപ്പെട്ടതാണ് മറ്റൊരുകഥ. ആലുവ ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറ് സ്വാമിയാർ നട്ടുവളർത്തിയ ആൽവൃക്ഷത്തിൽ നിന്നാണ് ആലുവ എന്ന പേര് ഉത്ഭവിച്ചതത്രെ!

അച്ചാരുണ്ണിപറയുന്നു: സ്ഥലനാമലബ്ധിക്ക് അടിസ്ഥാനകാരണം ശിവക്ഷേത്രം തന്നെയാണെന്ന മറ്റൊരു വാദഗതിയനുസരിച്ച്



പാണ്ഡ്യനാട്ടിലെ മധുര കേന്ദ്രീകരിച്ചുണ്ടായ ശൈവമത പ്രചാരത്തിന്റെ ആദ്യഫലമാണ് തൃക്കരിയൂർ ശിവക്ഷേത്രം. അതിനെ തുടർന്ന് ആലുവായിലും ശിവപ്രതിഷ്ഠ നടന്നതിന്റെ ഫലമായി മധുരയിലെ ശിവക്ഷേത്രത്തെ " ആലവായിൽ" എന്ന് വിളിച്ചതിനെ അനുകരിച്ച് ഈ പ്രതിഷ്ഠാസ്ഥാനത്തെയും ആലുവായിൽ എന്ന് വിളിച്ചു. ക്രമേണ " ആലവ" ആലുവയായി കുറുകി ഈ പരിണാമമുണ്ടായതായി പറയുന്നു.

"മടുവാർനെൻമതുരെനകർ ആലവായിൽ മറികടൽ ചൂഴ്പുനൽ വായിൽ പാടു നീടും" എന്ന് തിതനാഷ്ഠക്കരശരുടെ പാട്ടിൽ കാണുന്നു. തിരുജ്ഞാന സംബന്ധരുടെ ഒരു കീർത്തനത്തിലും ആലുവായ് സ്ഥാനം പിടിച്ചിട്ടുണ്ട്. "ന്താലും നിൻ പുഴൈകിക വേണ്ടും തെൻ ആലവയിൽ ഉറൈയും യെം ആനിയെ" എന്ന ഭാഗം കാണാൻ കഴിയും. അതുപോലെ ആർ. പി. സേതു പിള്ള തന്റെ കൃതിയിൽ " പാണ്ഡിനാടുത്തിലെ നകരാകിയെ മതുരെയിൽ അമൈമന്ത ആലയം. ആലുവയിൽയെന്റെ തേവരത്തിൽ കുറിക്ക്പെടുകിന്റെതു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള പരാമർശങ്ങൾ ആലുവ എന്ന പേരിന്റെ ഉല്പത്തി ശിവക്ഷേത്രവുമായി ബന്ധമുള്ളതാണെന്ന് സമർത്ഥിക്കുന്നു.

**ചരിത്രകാലം**

പ്രാചീന കേരളത്തിന്റെ തലസ്ഥാനമായി കരുതപ്പെടുന്ന കൊടുങ്ങല്ലൂരുമായുള്ള സാമീപ്യവും ആലുവ വഴിയുള്ള ബന്ധവും ഈ പ്രദേശത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. കിഴക്കൻ ലോകത്തിന്റെ വലിയ വാണിജ്യകേന്ദ്രമായി രൂപപ്പെട്ട കൊടുങ്ങല്ലൂർ - മുസ്സരീസ്സ്, മുചിരി, മചിരിക്കോട്, മഹാദേവപട്ടണം, കൊടുകോലൂർ എന്നും മറ്റുപേരുകളിലും അറിയപ്പെട്ടിരുന്ന തുറമുഖ പട്ടണത്തിലേക്ക് ആലുവപ്പുഴയും, ആലുവയും ഒരു പ്രധാന മാർഗ്ഗമായി വളർന്നിരിക്കണം. മദ്ധ്യകാലഘട്ടത്തിന്റെ ജന്മി- നാടുവാഴി സമ്പ്രദായങ്ങളുടെ കാലത്ത് ആലുവ ആലങ്ങാട് നാടുവാഴികളുടെ കീഴിലായിരിക്കാനാണ് സാദ്ധ്യത. " മങ്ങാട്ട് കൈമൾ മാരായിരുന്നു ആലങ്ങാട് രാജവംശക്കാർ. കറുത്ത താഴ്‌വഴി, വെളുത്തതായ് വഴി എന്നിങ്ങനെ രണ്ട് ശാഖകൾ ഇവർക്കുണ്ടായിരുന്നു. കറുത്തതായ് വഴിയുടെ ആസ്ഥാനം അങ്കമാലിക്കുവടക്കുള്ള കോതകുളങ്ങരയും, വെളുത്ത തായ്‌വഴിയുടെ ആസ്ഥാനം ആലങ്ങാട് കോട്ടപ്പുറവും ആയിരുന്നു. കേരളത്തിലെ ബഹുശതമാനം നാടുവാഴി പ്രദേശങ്ങളിലൊന്നായിരുന്നു ആലങ്ങാടിന്. 18-ാം നൂറ്റാണ്ടിൽ പുതിയ മേൽക്കോയ്മകൾ അംഗീകരിക്കേണ്ടിവന്നു.

18-ാംനൂറ്റാണ്ടിൽ കേരള രൂപീകരണത്തിലേക്ക് വഴിതെളിച്ചേക്കുമായിരുന്ന പടനീക്കങ്ങൾ നടത്തിയവരിൽ തിരുവിതാംകൂർ മാർത്താണ്ഡവർമ്മയും,കൊച്ചിയിലെ ശക്തൻതമ്പുരാനും, കോഴിക്കോട് സാമൂതിരിയും പ്രസിദ്ധരായിരുന്നു. ഇതിൽ കൊച്ചിയുടെ സമീപ പ്രദേശമെന്ന നിലയിൽ ആലുവ ഉൾപ്പെട്ട ആലങ്ങാടും, പറവൂരും കൊച്ചിയുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നുവെങ്കിലും 1756 ൽ കൊച്ചിയും തിരുവിതാംകൂറും പിടിച്ചടക്കാൻ തെക്കോട്ട് പടനീക്കം നടത്തിയ സാമൂതിരിയുടെ കൈപ്പിടിയിലായി. പക്ഷെ സാമൂതിരിക്ക് തിരുവിതാംകൂർ സംഘട്ടനത്തിൽ തോറ്റു പിൻവാങ്ങേണ്ടിവന്നു. പിൻവാങ്ങിയെങ്കിലും കൊച്ചിയുടെ മേൽക്കോയ്മയിലുണ്ടായിരുന്ന ആലങ്ങാടും, പറവൂരുമടക്കം പല പ്രദേശങ്ങളും സാമൂതിരി തന്റെ കൈവശം നിലനിർത്തി.

ഇതിനെതിരെ കൊച്ചിരാജാവ് തിരുവിതാംകൂറിന്റെ സഹായമഭ്യർത്ഥിക്കുകയും പ്രതിഫലമായി ആലങ്ങാട് പറവൂർ പ്രദേശങ്ങളുടെ മേൽക്കോയ്മ വാഗ്ദാനം ചെയ്യുകയും ചെയ്തു. കൊച്ചിയെ സഹായിക്കാൻ തിരുവിതാംകൂർ സൈന്യം അയ്യപ്പൻ മാർത്താണ്ഡവർമ്മപിള്ള ദളവയും വലിയകപ്പിത്താനായി ഉയർത്തപ്പെട്ട ഡച്ചു സൈനികൻ ദിലനോയിയുടെയും നേതൃത്വത്തിൽ സാമൂതിരിയുടെ സൈന്യത്തെ തോൽപ്പിച്ചോടിച്ചു. ആലങ്ങാട്, പറവൂർ നാടുവാഴികൾ അവരുടെ രാജ്യം തിരുവിതാംകൂറിന് വിട്ടുകൊടുത്തു തിരുവിതാംകൂറിൽ നിന്ന് പറ്റി പാർത്തു കൊള്ളാമെന്ന് സമ്മതിച്ചു. അതുകൊണ്ടാണ് 1949ൽ തിരുകൊച്ചി രൂപീകരണകാലത്തും,1956 ൽ ഐക്യകേരള രൂപീകരണം വരെയും ഈ പ്രദേശങ്ങൾ തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റ ഭാഗമായി നിലകൊണ്ടത്.

18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിക്കാൻ പുറപ്പെടുകയും, കൊച്ചി കീഴടക്കാനായി ആലുവായിൽ പെരിയാറിന്റെ വടക്കുതീരത്ത് തമ്പടിക്കുകയും ചെയ്തു. അതിനിടയിൽ പറവൂരും ആലങ്ങാടും അദ്ദേഹം കീഴടക്കിയിരുന്നു. എന്നാൽ തലസ്ഥാനം ബ്രട്ടീഷുകാരും, ഹൈദ്രാബാദ്നൈസാമും ചേർന്ന് വളഞ്ഞിരക്കുന്നു എന്നറിഞ്ഞ് കൊച്ചി ആക്രമണപരിപാടി ഉപേക്ഷിച്ച് അദ്ദേഹം തിരിച്ചുപോയി(പെരിയാറിലെ വെള്ളപൊക്കമാണ് ആലുവ തീരത്ത് തമ്പടിക്കാൻ കാരണമായത് എന്നും പറയപ്പെടുന്നു.) ടിപ്പുസുൽത്താൻ ബ്രട്ടീഷുകാരുമായുള്ള ഏറ്റുമുട്ടലിൽ വധിക്കപ്പെട്ടു. തുടർന്ന് കുറച്ചുകാലം പറവൂരും, ആലങ്ങാടും ബ്രട്ടീഷ് അധീനതയിലാ



യി. എന്നാൽ തിരുവിതാംകൂർ രാജാവ് തന്റേതായിരുന്ന ഈ പ്രദേശങ്ങൾ തിരിച്ചുകിട്ടണമെന്നാവശ്യപ്പെട്ടതനുസരിച്ച് അന്നത്തെ ഗവർണ്ണർ ജനറലായിരുന്ന കോൺവാലിസ് പ്രഭു ഒരു കമ്മീഷനെ നിയോഗിച്ച് അന്വേഷിച്ചു തുടർന്ന് ഈ പ്രദേശങ്ങളും കുന്നത്തുനാടും തിരുവിതാംകൂറിന് വിട്ടുകൊടുത്തു. അങ്ങനെയാണ് കൊച്ചിരാജ്യത്തിന്റെ മദ്ധ്യത്തിൽത്തന്നെ ഒരു വലിയ പ്രദേശം തിരുവിതാംകൂറിന്റേതായി വളരെക്കാലം നിലനിന്നത്. അക്കാലത്ത് ആലുവ ഉൾപ്പെട്ട ആലങ്ങാടും ആദ്യം ഒരു സർവ്വാധികാരിയുടെ ഭരണത്തിൻ കീഴിലായിരുന്നു. പിന്നീട് കോട്ടയം ഡിവിഷനിൽപ്പെട്ട ഒരു താലൂക്കായി മാറി.

**ആധുനിക കാലം**

കേരളത്തിന്റെ ഇതരഭാഗങ്ങൾക്കൊപ്പം ആലുവായും വൻമാറ്റങ്ങൾക്ക് വിധേയമാകുന്നത് ബ്രിട്ടീഷ് മേൽക്കോയ്മ നിലനിന്ന 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലുമാണ്. ഭൂമി കേന്ദ്രിതമായ മുതലാളിവ്യവസ്ഥയിലേക്കുള്ള മാറ്റമായിരുന്നു അത്. ഉപജീവനമാർഗ്ഗമായ കൃഷി എന്ന രീതി മാറി അങ്ങാടി ലക്ഷ്യമാക്കിയുള്ള കൃഷി ഉൽപ്പാദനരീതികളും, നാണ്യവിളകളും നിലവിൽ വന്നു. ആധുനിക വ്യവസായങ്ങളുടെ ആവിർഭാവമാണ് ഇത്തരം മാറ്റത്തേക്കാളേറെ ആലുവായിൽ ദൃശ്യമായത്. പിൽക്കാലത്ത് ആലുവായെ കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമാക്കി മാറ്റിയത് ഇത്തരം വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമാണ്. പണ്ട് ബാലകൃഷ്ണൻ കമ്പനി എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ സ്റ്റാന്റേർഡ് പോട്ടറിവർക്ക്സ് ആണ് ആലുവായിലെ ആദ്യഫാക്ടറിയായി അറിയപ്പെട്ടിരുന്നത്. രണ്ടാമത്തെ ഫാക്ടറി കുമാരനാശാൻ സ്ഥാപിച്ച ചെങ്ങമനാട്ടെ യൂണിയൻ ടൈൽവർക്സും, മൂന്നാമത്തെ ശ്രീചിത്തിര മിൽസും ആയിരുന്നു. കൊച്ചി തുറമുഖത്തിന്റ ആവിർഭാവം ആലുവായുടെ വ്യവസായ വൽക്കരണത്തിന് ഏറെ സഹായകമായിരുന്ന ഒരു ഘടകമാണ്.

വ്യവസായിക വൽക്കരണവുമായി ബന്ധപ്പെട്ട് 1898 ൽ മദ്രാസ് റെയിൽ കമ്പനി ഷൊർണൂരും എറണാകുളവും ബന്ധിപ്പിച്ചപ്പോൾ ആലുവ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്റ്റേഷനായി. വളരെക്കാലം ആലുവ തിരുവിതാംകൂറിലെ ഏക റെയിൽവെ സ്റ്റേഷൻ ആയിരുന്നു. 1902ൽ ഇത് മീറ്റർ ഗേജായി.1936 ൽ ബ്രോഡ്ഗേജുമായി. തിരുവിതാം കൂറിലെ രണ്ടു പ്രധാന ദേശീയപാതകൾ ആലുവയുമായി ബന്ധപ്പെട്ടവയായിരുന്നു. മെയിൻ സെട്രൽ റോഡ് (MC Road) എന്ന കോട്ടയം ആലുവ റോഡും മലഞ്ചരക്ക് പാതയായി അറിയപ്പെട്ടിരുന്ന മൂന്നാർ ആലുവ റോഡും ഗതാഗത വാർത്താവിനിമയ രംഗങ്ങളിൽ വലിയ മാറ്റത്തിന് സഹായിച്ച മാർത്താണ്ഡവർമ്മപാലവും(1940) ഈ നൂറ്റാണ്ടിന്റെ ആദ്യാർദ്ധത്തിലുള്ളതാണ്. പെരിയാറിന്റെ കൈവഴിയായ മുതിരപ്പുഴയിൽ പണികഴിപ്പിച്ച പള്ളിവാസൽ ജല വൈദ്യുത പദ്ധതിയും (1940) ആലുവയുടെ വ്യവസായ വികസനത്തിന് കാരണമായി.

പാരമ്പര്യ വ്യവസ്ഥിതിയിലും സാമൂഹിക ബന്ധങ്ങളിലും ഉണ്ടായ മാറ്റങ്ങൾ പുതിയ തൊഴിൽ സാഹചര്യങ്ങളും പുതിയ സാമൂഹിക വിഭാഗങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമായി വ്യത്യസ്ത ജീവിത സാഹചര്യങ്ങൾ പുതിയ സാമൂഹ്യ ആവശ്യങ്ങൾ സൃഷ്ടിച്ചു. പഴയ കീഴ്വഴക്കങ്ങൾ അപ്രസക്തമാവുകയും സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനങ്ങളും ഉടലെടുക്കുകയും ചെയ്തു. ആലുവ കേരളത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായിരുന്നു എന്നതും ഇവിടെ ലഭ്യമായിരുന്ന ഗതാഗത വാർത്താവിനിമയ സൗകര്യങ്ങളൊരുക്കിയ സാഹചര്യങ്ങളും മൂലം ഈ പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കാൻ ആലുവായ്ക്ക് കഴിഞ്ഞു.

**നവോത്ഥാന പ്രസ്ഥാനം**

കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന

ഈഴവ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനം, സവർണ്ണ മേധാവിത്വത്തിനും ജാതിവ്യവസ്ഥ യ്ക്കുമെതിരെ വമ്പിച്ച കൊടുങ്കാറ്റ് അഴിച്ചു വിട്ടി രുന്നു. ആരാധ്യനായ ശ്രീനാരായണഗുരു തന്റെ ജീവിതത്തിന്റെ നല്ലൊരുഭാഗം ആലുവായിൽ ചെലവഴിച്ചിരുന്നു.

ആലുവപ്പുഴയുടെ തെക്കേ ഓരത്തായി അദ്ദേഹം സ്ഥാപിച്ച അദ്വൈതാശ്രമം ആലുവയിലെ എണ്ണ പ്പെട്ട ചരിത്ര സ്മരണകളിൽ ഒന്നാണ്. അദ്ദേഹ ത്തിന്റെ ശ്രമഫലംകൊണ്ടുകൂടിയാണ് അദ്വൈത സാംസ്കൃത പാഠശാല ആലുവയിൽ സ്ഥാപിത മായത്. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി എന്ന നിലയിൽ മഹാകവി കുമാരനാശാനായി രുന്നു ഈ സംസ്കൃത പാഠശാലയുടെ സ്ഥാപ നത്തിന് അപേക്ഷിച്ചത്. കൊല്ലവർഷം 91 ലാണ് ഈ വിദ്യാലയത്തിന് അനുവാദം കിട്ടിയത്.അ ന്നുവരെ അബ്രാഹ്മണർക്ക് സംസകൃതം പഠി ക്കാൻ മറ്റൊരു പാഠശാലയും ഇല്ലാത്തതിനാൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഇവിടെ വന്ന് താമസിച്ച് പഠി ക്കുകയായിരുന്നു. വളരെ പ്രശസ്തരായിതീർന്ന പലരും ഇവിടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവരാണ്.

1924 ൽ ശ്രീനാരായണഗുരു ആലുവാ യിൽ ഒരു സർവ്വമത സമ്മേളനം വിളിച്ച്കൂട്ടി. വാദിക്കാനും ജയിക്കാനുമല്ല, അറിയുവാനും അറിയിക്കാനും ആയിരുന്നു ആ സമ്മേളനം. മതങ്ങൾ തമ്മിൽ സംവാദങ്ങളിലേർപ്പെട്ട് അടി സ്ഥാനപരമായി യോജിക്കാവുന്ന ഘടകങ്ങളു ണ്ടോയെന്ന് അറിയുക അതിന്റെ ലക്ഷ്യമായിരു ന്നു. ഈ സമ്മേളനത്തിന് ശേഷമാണ് മതങ്ങൾ തമ്മിലുള്ള സംവാദം എന്ന ആശയം സാർവ്വത്രി കമായത്.

### വിദ്യാഭ്യാസം

എല്ലാ ജാതി മത വിഭാഗങ്ങളിലുണ്ടായ നവീകരണ തരംഗം സരസ്വതി നിലയങ്ങളുടെ ആവിർഭാവത്തിന് കാരണമായ കേരളത്തിലെ ത്തന്നെ പഴക്കം ചെന്ന സ്കൂളുകളിലൊന്നായ സെന്റ് മേരീസ് ഹൈസ്ക്കൂൾ കെട്ടിടത്തിനെ 1904ൽ അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന പഴേപറമ്പിൽ അഭിവന്ദ്യ ലൂയീസ് മെത്രാൻ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. 1909ൽ ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. അദ്വൈതാ ശ്രമം, സംസ്കൃത പാഠശാല, ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ, 1921ൽ പ്രവർത്തനം ആരംഭിച്ച യൂണിയൻ ക്രിസ്ത്യൻ കോളേജ്, ഇന്ന് ഗവ: എച്ച്.എസ്. എൽ.പി.എസ്. എന്ന് പുനർനാമകരണം ചെയ്തിട്ടുള്ള അറബി സ്കൂൾ, 1964ൽ സ്ഥാപിതമായ വിശുദ്ധ ഫ്രാൻസീസ് സേവ്യറുടെ നാമധേയത്തിലുള്ള സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൺ തുടങ്ങിയ സ്ഥാപനങ്ങൾ ആലുവയുടെ ചരിത്ര പ്രാധാന്യമുള്ളവയാണ്.

### സെമിനാരികൾ

സെമിനാരികൾക്ക് ആലുവായുടെ ചരിത്ര ത്തിൽ അവിസ്മരണിയമായ സ്ഥാനമാണുള്ളത്. കേരളത്തിലെ പഴക്കം ചെന്ന സെമിനാരികളി ലൊന്നായ വരാപ്പുഴസെമിനാരി 1933ൽ മാറ്റി സ്ഥാപിച്ചതാണ്. സെന്റ് ജോസഫ് പൊന്തിഫി ക്കൽ സെമിനാരി ഇതിന്റെ സംസ്ഥാപനത്തിന് സ്പാനിഷ് കാർമ്മലെറ്റ് (ഒ.സി.ഡി.) വിഭാഗ മാണ് മുൻകൈ എടുത്തത്. ഇതിന് കേരള ത്തിലെ ആദ്യത്തെ Inter-Religious സെമിനാരി എന്ന നിലയിൽ പ്രത്യേക സ്ഥാനമുണ്ട്. ഈ പ്രദേശത്തേക്ക് ക്രൈസ്തവ സഭകളുടെ സമാന സ്ഥാപനങ്ങളുടെ വരവിനും,പ്രശസ്തമായി വന്ന ഈ സെമിനാരി കാരണമായി. പ്രശസ്ത മായ മറ്റൊന്നാണ് തൃക്കുന്നത്ത് സെമിനാരി. കോതമംഗലം ചെറിയപള്ളിയുടെ വകയായി ആലുവയിലുണ്ടായിരുന്ന "കടുവക്കാട്" എന്ന സ്ഥലത്താണ് ആലുവ സെന്റ് മേരീസ് യാക്കോ ബായ സുറിയാനിപള്ളിയും അതിനോടുചേർന്ന സെമിനാരിയും അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ ഭരണാധികാരിയും ദീർഘവീക്ഷണ ചതു രനുമായിരുന്ന അമ്പാട്ട് മാർകുറീലോസ്മെത്രാ പ്പോലീത്ത സ്ഥാപിച്ചത്.

### ദേശീയ പ്രസ്ഥാനം

ആലുവായിലും സാമുദായിക നവീക രണ പ്രസ്ഥാനത്തെ തുടർന്ന് ദേശീയ പ്രസ്ഥാനം ശക്തിപ്പെട്ടു. 1925ലെ മഹാത്മ ഗാന്ധിയുടെ ആലുവാ സന്ദർശനം അവിസ്മര ണീയമാണ്. ആലുവ മുനിസിപ്പാലിറ്റിയും,യു.സി. കോളേജും സംസ്കൃത പാഠശാലയും നൽകിയ സ്വീകരണങ്ങളിൽ അദ്ദേഹം പങ്കെടുത്തു. ഈ പരിപാടികൾക്ക് ദൃക്സാക്ഷിയും യു.സി. കോളേജ് അദ്ധ്യാപകനും, പിൽക്കാലത്ത് ലോക പ്രസിദ്ധ പത്രപ്രവർത്തകനും രാഷ്ട്രീയ വിമർശ കനുമൊക്കെയായ മാൽക്കംമഗറിഡ്ജ് തന്റെ ആത്മകഥയിൽ മഹാത്മാഗാന്ധിയുടെ ആലുവ സന്ദർശനത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. മഹാ ത്മാവിന്റെ ആലുവ സന്ദർശനം മഗറിഡ്ജി നേയും ഒരു ഗാന്ധി ശിഷ്യനാക്കിമാറ്റി. ആലുവ യിൽ ചലനം സൃഷ്ടിച്ച ഈ സന്ദർശനം നിര വധി പേരെ ഇന്ത്യൻ നാഷണൽ കോൺഗ്ര സ്സിന്റെ പ്രവർത്തകരാക്കിമാറ്റി. എല്ലാ ദേശസ്നേ ഹികളും ഖദർ നൂൽക്കുകയും ഖദർ വസ്ത്ര



ങ്ങൾ ധരിക്കുകയും ചയ്യണമെന്നാണ് അന്ന് അദ്ദേഹം പങ്കെടുത്ത പരിപാടികളിലെല്ലാം ആവശ്യപ്പെട്ടത്.

**അടിയന്തിരാവസ്ഥ**

അടിയന്തിരാവസ്ഥക്കാലത്ത് ആലുവയിലും പല ചലനങ്ങളും ഉണ്ടായി. ഇതിന്റെ ഫലമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും, ആർ.എസ്.എസ്.ന്റെയും പല പ്രവർത്തകരും ജയിലിലായി. പല അനിഷ്ട സംഭവങ്ങളും അന്നാളിൽ അരങ്ങേറിയെങ്കിലും അത് ആലുവയുടെ മനസ്സിനെ മുറിവേൽപ്പിക്കാതെ കടന്നുപോയി.

ആലുവയിലെ ആദ്യത്തെ പത്രമായ പൗരൻ പത്രം കെ.ജി. കൃഷ്ണൻകുട്ടിയുടെയും



ബേബി കരുവേലിയുടെയും നേതൃത്വത്തിൽ നിലവിൽ വന്നു. പിന്നീട് ആ പത്രം നിശ്ചലമായെങ്കിലും അത് ഇടയ്ക്കിടക്ക് ഇപ്പോഴും അച്ചടിക്കുന്നു. ഇ.എം. അബൂബക്കറിന്റെ നേതൃത്വത്തിൽ" ഇൻഡ്യൻ പൗരൻ" പത്രം അച്ചടിച്ചുവെങ്കിലും അത് കാലഘട്ടത്തിന്റെ നിഴലിൽ മരവിച്ചു പോയെങ്കിലും ഇപ്പോഴും ഇടയ്ക്കിടക്ക് തോട്ടയ്കാട്ടുകരയിലെ എസ്.എൻ.പ്രസ്സിൽ അച്ചടിക്കുന്നു.

**ജനങ്ങൾ**

നാനാജാതി മതസ്ഥരായ ജനങ്ങൾ ഇവിടെ പാർക്കുന്നുണ്ടെങ്കിലും അവരുടെയെല്ലാം ഉത്ഭവം കണ്ടുപിടിക്കുക പ്രയാസമുള്ള കാര്യമാണ്. ആലുവായിലെ ജനസംഖ്യയിൽ ഒരു ഗണനീയ ഭാഗമായ മുസ്ലീങ്ങളുടെ ഉത്ഭവം അറബികച്ചവടക്കാരിൽ നിന്നാണെന്നും, സാമൂതിരിയുടെ നാവികനായിരുന്ന കുഞ്ഞാലിമരയ്ക്കാർ വഴിയും ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധപ്പെടുത്തിയും കച്ചവടസംബന്ധമായ ആവ



ശ്യങ്ങളെതുടർന്ന് നാടുവാഴികൾ കൊണ്ടുവന്നു പാർപ്പിച്ചവരാണ് എന്നുംപറയപ്പെടുന്നു. ഈ പ്രദേശത്തെ പഴക്കം ചെന്ന മുസ്ലീം ദേവാലയങ്ങൾ മതസൗഹാർദ്ദത്തിന്റെയും പരസ്പരസൗഹാർദ്ദത്തിന്റെയും ഉത്തമ നിദർശനങ്ങളാണ്. 89 കാരനായ മുഹമ്മദ് റാഫിയുടെ വാക്കുകളിൽ, മംഗലപ്പുഴ സെമിനാരിക്കടുത്തുള്ള മുസ്ലീംപള്ളിയെ പറ്റിയുള്ള ഐതീഹ്യപ്രകാരം, ടിപ്പുസുൽത്താൻ തിരിച്ചുപോയ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ഒരു കുടുംബ പുരോഹിതന് അസുഖം ബാധിച്ച് അവശനാകുകയും യാത്ര ദുഷ്ക്കരമാവുകയും ചെയ്തു. യാത്ര മുടങ്ങിയ അദ്ദേഹം അവിടെവച്ച് മരിച്ചു. ശത്രുപക്ഷക്കാരനാണെങ്കിലും സാത്വികനായ ഈ മതപുരോഹിതന്റെ മൃതദേഹം ഉചിതമായ രീതിയിൽ മറവു ചെയ്യുന്നതിന് കൊടുങ്ങല്ലൂരിൽ നിന്ന് മുസ്ലീം പുരോഹിതരെ തിരുവിതാംകൂർ ദിവാൻ വരുത്തിയെന്നും മതാചാര വിധിപ്രകാരം മയ്യത്തു സംസ്ക്കരണം നടത്തിയെന്നും പറയപ്പെടുന്നു. ഇതേ തുടർന്ന് പള്ളി സ്ഥാപിക്കപ്പെട്ടതെന്നും



പറയപ്പെടുന്നു.

ആലുവായിലെ മറ്റൊരു പ്രധാന വിഭാഗമാണ് ക്രിസ്ത്യാനികൾ. ഇവരിൽ സുറിയാനിക്കാർ മുസ്ലീം വിഭാഗങ്ങളെപ്പോലെ കച്ചവട സംബന്ധമായ ആവശ്യങ്ങളുമായിട്ടാകണം വലിയതോതിൽ ഇവിടെ താമസമാക്കിയത്. സുറിയാനിക്കാരുടെ പിന്തുണയോടുകൂടി കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് തിരുവിതാംകൂറിലെയും കൊച്ചിയിലെയും അങ്ങാടികളുടെ വികാസം നടന്നിട്ടുണ്ട്. നാടുവാഴികൾ ഇവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തതായി തെളിവുകളുണ്ട്. ആലുവ ചന്തയുടെ ആവിർഭാവം ഇവരുടെ തൊഴിലുമായി ബന്ധപ്പെട്ടതാണെന്ന് പറയപ്പെടുന്നു.

ഇന്ന് ആലുവ നാനാജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു വലിയ നഗരമാണ്. അതിലേറെപേരും തൊഴിൽ തേടിയും സ്ഥലം മാറിയും,വിവാഹബന്ധത്തിലേർപ്പെട്ടും ആലുവക്കാരായവരാകണം.

**1099 ലെ വെള്ളപ്പൊക്കം**

ആലുവായുടെ ചരിത്രം കൊല്ല വർഷം1099(1924) വെള്ളപ്പൊക്കത്തിന്റെ കഥപറയുന്നു. ആ മലവെള്ളപ്പൊക്കത്തിൽ കേരളത്തിലെ ഒട്ടുമുക്കാലും ഭാഗം പ്രളയത്തിലാണ്ടു അന്ന് പെരിയാർ കരകവിഞ്ഞ് ഒഴുകിയപ്പോൾ ആലുവ പട്ടണത്തിന്റെ ഭൂരിഭാഗവും വെള്ളിത്തിനടിയിലായി. 99ലെ കർക്കടക മാസത്തിൽ വീടുകൾ നശിച്ചു. കുടുംബങ്ങൾ ഉയർന്ന സ്ഥലങ്ങളിൽ അഭയം തേടി.

ആലുവക്കാർക്ക് ആണ്ടോടാണ്ടുള്ള ശുദ്ധികലശമായി കണക്കാക്കിപ്പോന്ന വെള്ളപ്പൊക്കം കാണാൻ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ആളുകൾ വരാറുണ്ടായിരുന്നത്രെ. ഏതാണ്ടൊരു ഉത്സവച്ഛായയോടെ കൂട്ടം കൂട്ടമായി നാട്ടുകാർ ഭയാനകവും വിസ്മയവുമായ മലവെള്ളപ്പാച്ചിൽ കാണാനെത്തുമായിരുന്നു. ജലവിതാനം താഴുമ്പോൾ പുഴ തെളിഞ്ഞ നീലാകാശംപോലെ വീണ്ടും സ്വച്ഛമാവുമായിരുന്നു.

**ആലുവ മുനിസിപ്പാലിറ്റി**

1911ൽ തിരുവിതാംകൂർ പട്ടണമെന്ന നിലയിൽ ടൗൺ സാനിറ്ററി കൗൺസിലും പിന്നീട് ടൗൺ ഇംപ്രൂവ്മെന്റ് കമ്മറ്റിയും ഭരിക്കുന്ന ആലുവ 1921ലാണ് മുനിസിപ്പാലിറ്റിയായി പ്രഖ്യാപിക്കപ്പെട്ടത്. തുടക്കത്തിൽ കൗൺസിൽ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിരുന്നു. കാലക്രമേണ ജനാധിപത്യ രീതിയിലുള്ള തെരെഞ്ഞെടുപ്പ് നിലവിൽ വന്നു.

ആലുവ മുനിസിപ്പൽ കൗൺസിലിന്റെ പ്രഥമ ചെയർമാൻ ശ്രീ.എം.കെ.ഖാദർപിള്ളയായിരുന്നു. 1099(1924) ലെ വെള്ളപ്പൊക്കക്കെടുതിയിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ പ്രശംസനീയമായി നടത്തിയതിനെ തുടർന്ന് ബ്രട്ടീഷ് ഗവ: അദ്ദേഹത്തിന് " ഖാദർ സാഹിബ്" എന്ന പദവി നൽകി ആദരിച്ചു. ഇപ്പോൾ 17-ാമത്തെയും ആലുവായിലെ ആദ്യത്തേയും വനിതാ ചെയർപേഴ്സണായ സ്മിത ഗോപിയുടെ നേതൃത്വത്തിൽ നഗരസഭ മുന്നോട്ടുപോകുന്നു. ചരിത്രതാളുകളിൽ അച്ചടിച്ച ചില ഛായാചിത്രങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് എങ്കിലും ചരിത്രത്താളുകൾക്ക് ആവാഹിക്കാനാകാത്ത അനേകം സത്യങ്ങൾ ഇന്നും ആലുവായിലും ആലുവപ്പുഴയിലും മറഞ്ഞ് നിൽക്കുന്നു. അതിൽ ചിലതെങ്കിലും പകർന്ന് നൽകാൻ തയ്യാറായ അച്ചാറുണ്ണി, മുഹമ്മദ് റാഫി, തങ്കപ്പൻസ്വാമി എന്നിവരെയും ചരിത്രത്തേയും സാക്ഷിയാക്കി നിർത്തട്ടെ...



# ആലുവയുടെ പൊതുവർത്തമാനം

| | | | |
|---|---|---|---|
| 1. | വിസ്തീർണ്ണം | : | 7.17 ചതു. കിലോമീറ്റർ |
| 2. | ജനസംഖ്യ | : | 24110 |
| 3. | സാക്ഷരത ശതമാനം | : | 95% |
| 4. | ആദ്യത്തെ നഗരസഭാ ചെയർമാൻ | : | ഖാൻസാഹിബ് |
| 5. | കൂടുതൽ പ്രാവശ്യം നഗരസഭ ചെയർമാനായിരുന്ന വ്യക്തി | : | എം.ഒ. ജോൺ |
| 6. | ആദ്യത്തെ വനിത ചെയർമാൻ | : | സ്മിത ഗോപി |
| 7. | ആലുവയിലെ ആകെ വോട്ടർമാർ | : | 16036 |
| 8. | ഏറ്റവും പ്രായം കൂടിയ വോട്ടർ | : | കൈനികുടിയിൽ അച്ചാരുണ്ണി(96) |
| 9. | ഏറ്റവും പഴക്കം ചെന്ന ആലുവായിലെ സ്കൂൾ | : | സെന്റ് മേരീസ് സ്കൂൾ (1904) |
| 10. | കേരളത്തിലെആദ്യത്തെ വനിത സ്കൂൾ | : | ആലുവായിലെ മഹിളാലയം ഹൈസ്കൂൾ |
| 11. | ആദ്യത്തെ ബസ്സ് | : | പങ്കജം മോട്ടോർസ് (1928ൽ) |
| 12. | ആദ്യമായി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് തുടങ്ങുന്നത് | : | 1945ൽ |
| 13. | ആദ്യമായി ട്രെയിൻ സർവ്വീസ് ആരംഭിച്ചത് | : | 1898ൽ |
| 14. | മാർത്താണ്ഡവർമ്മ പാലം പണിതത് | : | 1946ൽ |
| 15. | വൈദ്യുതി വിതരണം തുടങ്ങിയവർഷം | : | 1940 |
| 16. | ആലുവ മുനിസിപ്പാലിറ്റിയായി അംഗീകരിച്ചത് | : | 1913ൽ |
| 17. | ആലുവയിലാണ് ഇന്ത്യയിൽ ആദ്യമായി മുനിസിപ്പൽ ഫുട്ബോൾ ക്ലബ്ബിന് രൂപം കൊണ്ടത് | | |
| 18. | ആദ്യത്തെ ഗ്രൗണ്ട് | : | ആലുവ റിക്രിയേഷൻ ഗ്രൗണ്ട് |
| 19. | ആദ്യമായി സഹകരണ സംഘം ഉണ്ടായത് (ആലുവ ദേശാഭിവർദ്ധിനി സഹകരണ സംഘം) | : | 1924ൽ |
| 20. | ഇന്ത്യയിൽ 2 കുരിശുപള്ളികൾ മുന്നിലുള്ള പോലീസ് സ്റ്റേഷൻ ആലുവയാണ്. | | |



# പ്രയാണം

ആതിര ടി.ആർ.
IInd B.A. മലയാളം

**തുടക്കം:-**

കൊഴിയുന്ന ഇലകളുടെ മൊഴിയാത്ത ഹൃദയവുമായ്
അടയുന്ന ജാലകത്തിൻ വിടവിലെ കാഴ്ചയുമായ്
ചന്ദനച്ചേറിൽ അമർന്ന പാദുകത്തിൻ പങ്കവുമായ്,
എന്റെ ആദ്യ പ്രയാണം...

എന്നിൽ നിന്നൊഴിയുമീ വഴിയോരച്ചിത്രങ്ങളും,
എന്നോടടുക്കുമീ പുതിയ നേർക്കാഴ്ചകളും,
എന്റെ യാനത്തിൻ മൗന ശബ്ദങ്ങളും പാഥേയമാക്കി
എന്റെ ആദ്യപ്രയാണം....

**വീണ്ടും:-**

യാനത്തിന്റെ ചില്ലുജാലകം നീക്കി
നേർത്ത ആഷാഢത്തിൻ നനുത്ത പക്ഷങ്ങളുമായി
എന്റെ ആദ്യ വ്യോമപ്രയാണം...
സ്വപ്നാടനത്തിൻ ഇരുൾപ്പൊത്തിൽ നിന്നും
നഷ്ട സ്വപ്നത്തിന്റെ വെളിച്ചത്തിലേക്ക്
അറിയാത്ത അനുഭവപത്രത്തിൽ നിന്നും
അറിവിന്റെ ബാക്കി പത്രങ്ങളിലേക്ക്
നീറ്റുന്ന അരുണവർണ്ണങ്ങളിൽ നിന്നും
അനന്തതയുടെ നീലിമയിലേക്ക്...
എന്നിൽ നിന്നും എന്നിലേക്ക്...
എന്റെ ആദ്യ പ്രയാണം

**ഒടുക്കം:-**

മെല്ലെ തണുപ്പിന്റെ പുതപ്പിലേക്ക്
മരവിച്ച വിരലുകളിൽ തൂങ്ങി
നേർത്ത മെഴുകുതിരി വെട്ടത്തിലൂടെ...
എന്റെ...മാത്രം.... പ്രയാണം.



# മതമൈത്രി രാജ്യപുരോഗതിക്ക്



എൽദോസ് കെ.തോമസ്
Ist BSc. Chemistry

ഭാരതം, നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ ആശയത്തിന്റെ അടിസ്ഥാന ശിലുകൾ ഉറങ്ങിക്കിടക്കുന്ന പുണ്യഭൂമി. വിഭിന്ന മതങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, സമീകൃതഘടനയിൽ ഒന്നായി ചേരുന്ന ആ മഹത്വം നമ്മുടെ ഭാരതത്തിന്റെ ആദർശമാണ്, തനതു സമ്പത്താണ്. വിവിധ മതങ്ങൾ അവയിൽ തന്നെ വിവിധ ജാതികൾ എന്നിങ്ങനെ വൈരുദ്ധ്യ പൂർണ്ണമായ ഒരു സമഗ്രത ഭാരതത്തിന്റെ മുന്നേറ്റയാത്രകളിൽ കാലങ്ങളായി നിലനിൽക്കുന്നു. മതങ്ങൾ തമ്മിലുള്ള കലഹം രാജ്യത്തിന്റെ ഒരേമനസ്സ് എന്ന പരമമായ വികാരത്തിനെതിരെയുള്ള മാരകമായ ആയുധമായി എന്നത് സർവ്വ മത സാഹോദര്യം എന്ന വാക്കിന്റെ വ്യാപ്തിയെ ഉയർത്തിക്കാട്ടുന്നു.

മത സൗഹാർദ്ദത്തിന് നൂറ്റാണ്ടുകളുടെ ചരിത്രം ഭാരതം കാഴ്ച വയ്ക്കുന്നു. അശോകനും അക്ബറും മനുഷ്യ സ്നേഹത്തിന്റെ ആശയങ്ങൾ ജീവിത സന്ദേശമായി നമുക്കു നൽകി ലോകമൊരു തറവാടാണെന്നും, ഭൂമി നമ്മുടെ കുടുംബമാണെന്നും ഉള്ള ചിന്തകൾ ഉദയം കൊണ്ടത് നമ്മുടെ ഈ ആർഷഭാരതത്തിൽ നിന്നാണ്.

**മത സൗഹാർദ്ദത്തിന് നൂറ്റാണ്ടുകളുടെ ചരിത്രം ഭാരതം കാഴ്ച വയ്ക്കുന്നു. അശോകനും അക്ബറും മനുഷ്യ സ്നേഹത്തിന്റെ ആശയങ്ങൾ ജീവിത സന്ദേശമായി നമുക്കു നൽകി ലോകമൊരു തറവാടാണെന്നും ഭൂമി നമ്മുടെ കുടുംബമാണെന്നും ഉള്ള ചിന്തകൾ ഉദയം കൊണ്ടത് നമ്മുടെ ഈ ആർഷഭാരതത്തിൽ നിന്നാണ്.**

മതവിദ്വേഷം രാജ്യപുരോഗതിയെ ആക്രമിക്കുന്ന ഏറ്റവും കാഠിന്യമേറിയ ആയുധമാണ്. നമ്മളിലുള്ള പൗരബോധത്തിന്റെ ഏറ്റവും മാരകമായ പ്രതികരണമാണിത്. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളെ തകർക്കുന്ന ആയുധമായി മതവൈരം ഉയർന്നു നിൽക്കുന്നു സ്നേഹം വെളിച്ചം പകരുന്നിടത്ത് വിദ്വേഷം, അന്ധകാരം പരത്തുവാൻ ശ്രമിക്കുന്നു. ഇത് ഒരിക്കലും സമാധാനം നൽകുന്നില്ല.

മതമെന്നാൽ അഭിപ്രായം എന്നാണർത്ഥം. എല്ലാ മതസങ്കൽപ്പങ്ങളും പ്രപഞ്ചം, ഈശ്വരൻ, സമാധാനം എന്നിവയെപ്പറ്റിയുള്ള വിവിധ അഭിപ്രായങ്ങളുടെ ഏകീകരണമാണ്. മതവിശ്വാസം ഏതൊരു വ്യക്തിയുടെയും സ്വകാര്യ വികാരം മാത്രമാണ്.

അന്യന്റെ വിശ്വാസത്തേയും സ്വാതന്ത്ര്യത്തേയും ആക്രമിക്കുന്നതിലല്ല മതത്തിന്റെ മഹത്വം ഉൾക്കൊള്ളുന്നത്. ഏതു മതത്തിന്റെയും വിശ്വാസ പ്രമാണത്തിൽ അന്ധത അല്പമെങ്കിലും കാണാതിരിക്കില്ല. അതുകൊണ്ട്തന്നെ, ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചമെന്ന് പറയുവാൻ നമുക്കു സാധിക്കുകയില്ല."മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ശ്രീനാരായണഗുരുവിന്റെ ആ മഹനീയ വാക്കുകൾ ഈ അവസരത്തിൽ ഉയർന്നു വരേണ്ടതാണ്.

"പലമതസാരാംശവും ഏകമാം" എന്ന ചിന്ത ഭാരതീയ മൈത്രിയുടെ അനശ്വരമായ അമൂല്യമായ സന്ദേശമാണ്. ഇന്ത്യ മതങ്ങളുടെ നാടാണ്. മനുഷ്യ നന്മയ്ക്കായി മതങ്ങൾ പ്രചരിപ്പിച്ചു. ആചാര്യന്മാർ സമാധാന നന്മയ്ക്കായി നമ്മുടെ ഭാരതത്തിൽ ഉണ്ടായിരുന്നു. അവർ രാജ്യ പുരോഗതിക്ക് മതവിശ്വാസം എന്ന ആശയം മുറുകെ പിടിക്കുകയായിരുന്നു. മതത്തിന്റെയും ജാതിയുടേയും പേരിലുള്ള ഭേദബുദ്ധി രാജ്യത്തിന്റെ സമാധാനം തകർക്കുമ്പോൾ വികസന പദ്ധതികൾ ജലരേഖകളായി മാറുന്നു.

ആഭ്യന്തര കലാപങ്ങൾ പൈശാചികമായ പക പുറത്തുകൊണ്ടുവരുന്നു. സ്വാർത്ഥമതികളെ കൊണ്ടുനിറഞ്ഞ ഒരു രാജ്യം അപകടത്തിന്റെ നടുക്കയത്തിൽ നിലകൊള്ളുന്നു.

ഒരു ശരീരത്തിന്റെ വിവിധ അവയവങ്ങൾ പോലെ ഭാരതീയ മതങ്ങൾ സഹവർത്തിത്വം പുലർത്തുമ്പോൾ എല്ലാ മേഖലകളിലും ഭാരതം പുരോഗതി ഉറപ്പാക്കുന്നു.

പരസ്പരം കൊന്നും തിന്നും തിമർക്കുന്നു മനുഷ്യന്റെ സാമൂഹിക ആസുരഭാവത്തെ ഒ.എൻ.വി. യെപ്പോലുള്ള കവികൾ അപലപിക്കുന്നു. മതവിദ്വേഷം ഒരു കാടൻ സംസ്ക്കാരം ഭാരതത്തിൽ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. അത് നഖശിഖാന്തം നാടിന്റെ പുരോഗതിയിൽ മാരകമായ രോഗം പോലെ പടർന്നു കയറും.

വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും വികസനം സുനിശ്ചിതമാകണമെങ്കിൽ ജനങ്ങൾ തമ്മിലുള്ള സാഹോദര്യവും സഹകരണവും വർദ്ധിക്കണം അവ ദൃഢമാകണം. അതുമാത്രമാണ് പുരോഗതിയിലേക്കുള്ള ഏക മാർഗ്ഗം. ഇതാണ് [illegible]കസനത്തിന്റെ മാർഗ്ഗം. ഇതാണ് മതമൈത്രി. ഉരിന്റെ പ്രസക്തിയും അന്തസത്തയും ഉൾക്കൊണ്ട് ആധുനിക സമൂഹം മുന്നോട്ടുപോവുക. അതെ ഇതുമാത്രമാണ് ഭാരതത്തിനു നേരെ തുറന്നുപിടിക്കുന്ന മഹത്തായ പ്രകാശത്തിന്റെ മാർഗ്ഗം.


യുവതലമുറയുടെ ഭാവിയ്ക്ക്
ശക്തമായൊരു ബാങ്ക് അക്കൗണ്ട്
Yuvamitra
A power-packed account for the youth
യോഗ്യത
15-35 പ്രായപരിധിയിലുള്ള ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, സംരംഭകർ..
ബാലൻസ് നിബന്ധന
വിദ്യാർത്ഥികൾക്ക് ലളിതമായ നടപടി ക്രമങ്ങൾ
അത്ഭുതകരമായ നേട്ടങ്ങൾ**
സൗജന്യ സേവനങ്ങൾ**
എ.ടി.എം./വിസ ഡെബിറ്റ് കാർഡ്
ചെക്ക് ബുക്ക്
ഇന്റർനെറ്റ് ബാങ്കിംഗ്
ക്യാഷ് റെമിറ്റൻസ്
ഫണ്ട് ട്രാൻസ്ഫർ
പ്രതിമാസ സ്റ്റേറ്റ്മെന്റ്
മൊബൈൽ ബാങ്കിംഗ്
ഇ-മെയിൽ അലർട്ട്സ്
FEDERAL BANK
YOUR PERFECT BANKING PARTNER
www.federalbank.co.in
*Students beyond matriculation level, including professional degree/diploma courses.
**Conditions apply
For more details, contact your nearest Federal Bank branch or call 1800 425 1199

# ഗുരുദക്ഷിണ

ജിഷ ബാബു പി.ബി.
Ist MSc ഫിസിക്സ്

ഗുരുവെന്ന വാക്കിൻ മധുരിക്കും അർത്ഥം
അനുഭവവേദ്യമാക്കീടും എൻ ഗുരുനാഥയ്ക്കായ്
മനസ്സിൽ മായാത്ത വർണ്ണങ്ങൾ ചാലിച്ച്
പൂവിട്ട് പൂജിച്ചാരാധിച്ചീടാൻ തെല്ലുമെ
മടി തോന്നിടാത്തൊരു തേജസ്സിനായ്...
പറയാതെ അറിയുന്നു എല്ലാം നമ്മളറിയാതെ
നമ്മെ അറിയും ഗുരു

അറിയാതെ പോകില്ലയെങ്കിലും മുഴുവനായ്
അറിയാൻ കഴിയില്ലൊരിക്കലും ഗുരുവിനെ
ലളിതമാം വാക്കുകളാലൊരു തരളമാം
സാഗരം തീർത്തീടും ഗുരു....
ചിപ്പിതൻ മുത്തുപോൽ നമ്മിലെ നന്മയെ
മിനുക്കിയെടുക്കുവാൻ ഗുരുവിന്റെ നന്മയെ
ദാനമായ് ഏകീടും എന്നും....

അറിയില്ല, ഏതൊരു വാക്കിനാൽ
പാടിപുകഴ്ത്തേണം എൻ ഗുരുനാഥയെ
ആദരിക്കേണം ഗുരുവിനെ സദാ, മടിയാതെ
ആദരിക്കുന്നു ഗുരു ശിഷ്യഗണങ്ങളെ..
നിസ്വാർത്ഥസേവനമിതൊന്നു മാത്രം
യാത്ര തുടരുക വിദ്യതൻ ദീപമേന്തി...
തിരികെ നൽകിടുവാൻ ഒന്നിമില്ലെങ്കിലും
ജ്വലിക്കുന്നു ദീപമായ്ഗുരു മനസ്സിലെന്നും
ദക്ഷിണയായ് നൽകി നമിക്കുന്നു ഞാനെൻ
മനസ്സിനെ നിൻ പാദങ്ങളിൽ...

(Dedicated to my respected Teacher)

# നൊസ്റ്റാൾജിയ



സമിയ വി.എസ്.
Ist MA Economics

ഞാനറിയാതെയെൻ മാനസാന്തരങ്ങളിൽ
ഈറനണിഞ്ഞ സ്വപ്നങ്ങളെ,
യുയർത്തെഴുന്നേൽപ്പിക്കുന്നയാ മാസ്മരികത
വീണ്ടും കൊതിക്കാൻ കൊതിപ്പിക്കുമ-
നുഭൂതിയുടെ ലഹരിയിൽ, നിമഗ്ന
യായിന്നെത്രവട്ടം?
ഏകാന്തതതൻ നീർച്ചുഴിയിലെറിയപ്പെടുമ്പോഴും
ഇന്നലകളെ,വർണ്ണാഭമാക്കിയാ-
കൊച്ചുനിമിഷങ്ങളെൻ, സിരയിലൂ
ടതിവേഗം പാഞ്ഞിടുന്നു.
ഇടറുന്ന വീഥിയിൽ പ്രതീക്ഷതൻ
പൂവിതൾകൊഴിഞ്ഞുവീഴുന്നു
അനുഭവങ്ങളാം അഭ്രപാളികളിൽ
സൂക്ഷിക്കുമാ തരളതയിലലിഞ്ഞ
നിർവൃതിയുടെ നിശ്ശബ്ദചിത്രങ്ങളെ-
ന്നോർമ്മയിൽ, വെട്ടിത്തിളങ്ങുന്നു.
നിനച്ചിരിക്കാതെ പെയ്തൊഴിഞ്ഞ
പേമാരിയിൽക്കുളിച്ച പുതുമണ്ണിൻഗന്ധവും
ഹൃത്തിൻ കോണിൽ പിടിവിട്ടൊഴിയാത്ത
യാർദ്രപ്രണയത്തിൻ കൊച്ചുനൊമ്പരങ്ങളും
വികലമായ വിഷയസാമ്രാജ്യത്തിന്നടയാളങ്ങൾ
കുത്തിനിറച്ച ഭാവിയുടെ നോട്ടുപുസ്തകങ്ങളും
സാന്ത്വനങ്ങളേറ്റുവാങ്ങിയ
പടുവൃക്ഷത്തണലുകളും............
കൊച്ചരുവിയായ്പ്പിന്നെപ്പുഴയായതു,
സമുദ്രമായും മാറിടുന്നു......
എനിക്കറിയില്ലെൻ മാനസം,
ത്രസിപ്പിക്കുമാ പുതുവികാരത്തിൻ
നൈർമല്യത്തെ
ഞാനെന്തുവിളിക്കുമിനിയുമന്ത്യ-
മില്ലാത്തയാ, യിന്ദ്രിയാനുഭൂതിയുടെ
പുനർജീവിതത്തെ...




ദിവ്യ പി.എസ്.
IInd BA Malayalam

എന്നെ സംബന്ധിച്ചിടത്തോളം പ്രണയം അഗ്നിയാണ്. കാണുവാൻ നല്ല ഭംഗിയുണ്ടായിരിക്കും പക്ഷെ..."പണ്ടെങ്ങോ ഡയറിയിൽ കുത്തിക്കുറിച്ച വാക്കുകൾ...ഞാനിന്ന് ആ അഗ്നിയിൽ വീണ് വെന്ത് ഇല്ലാതാവുകയാണ്..

എന്റെ മനസ്സിൽ നീയാണ്. എന്റെ ഹൃദയത്തിൽ നീയാണ്. എന്റെ ആത്മാവിന്റെ ഓരോ ഇരുളറയിലും നീയുണ്ട്. പക്ഷെ എനിക്ക് നിന്നെ കാണാൻ കഴിയില്ല. നീയൊരു നിഴലാണോ? എന്നെ പിന്തുടരുന്ന നിഴൽ.

ഇന്നെനിക്ക് ബോധ്യമായി നീ എന്റെ പുറകിലുണ്ട്. എന്റെ നിഴലായി, വേദനയായി ഓർക്കുന്തോറും എന്നെ പുണർന്നിരുന്ന കാറ്റായി..

"അലീന... നാളെ എന്റെ വിവാഹമാണ്. നീ നിൽക്കേണ്ട സ്ഥാനത്ത് വേറൊരു പെൺകുട്ടിയായിരിക്കും നിൽക്കുക" ഒരാഴ്ച മുമ്പ് നന്ദൻ പറഞ്ഞ വാക്കുകൾ മനസ്സിനെ കുത്തി നോവിക്കുകയാണ്. നീയെന്റെ വേദന അറിയുന്നില്ലല്ലോ നന്ദാ...

എന്തിന് നീയെന്നെ പ്രണയിക്കുന്നു. പ്രണയിക്കില്ലെന്നും കല്യാണ ജീവിതം എനിക്ക് വിധിച്ചിട്ടില്ലെന്നും എത്രയോ തവണ നിന്നോടു ഞാൻ പറഞ്ഞിരിക്കുന്നു. പക്ഷേ നീ കേട്ടില്ല. ഞാൻ എത്ര അകലാൻ ശ്രമിച്ചാലും അത്രയും വേഗത്തിൽ നീയെന്നടുക്കൽ ഓടിവന്നുകൊണ്ടേയിരുന്നു. ഒരു പക്ഷേ എന്റെ മനസ്സ് നിന്റെ സാമീപ്യത്തിനായി ആഗ്രഹിക്കുന്നുണ്ടായിരിക്കും.

'ആത്മാവ് തേങ്ങുന്നു. മനസ്സ് മരവിക്കുന്നു. ഹൃദയം പറയുന്നു. എനിക്ക് നിന്നെ ഇഷ്ടമാണെന്ന്.പക്ഷെ നീ കേൾക്കില്ല. എന്നിൽ നിന്നൊരുപാടുദൂരെയാണ് നീ. സത്യത്തിൽ നീ ദൂരെ നിൽക്കുന്നതാണെനിക്കിഷ്ടം.

നന്ദൻ എന്റെ മനസ്സിന്റെ വാതിലുകൾ തള്ളിത്തുറന്ന് നേർത്ത പുഞ്ചിരിതൂകി കടന്നുവരുമ്പോഴെല്ലാം എന്റെ ആത്മാവ് നിലവിളിച്ചു. അലീനാ.. നീ അപകടത്തിലാണ്. അവനിൽ നിന്ന് ദൂരെപ്പോവൂ...

പ്രണയം വലിയൊരു അപകടമാണെന്ന ധാരണ ഞാനന്നുവച്ചുപുലർത്തിയിരുന്നു.

"ആർക്കുവേണ്ടിയാണ് അലീന നീയീ ഏകാന്തവാസം അനുഭവിക്കുന്നത്. മരിച്ചുപോയ പപ്പയ്ക്കും അമ്മച്ചിക്കും വേണ്ടിയോ.. നിന്നെ വളർത്തിയ സിസ്റ്റേഴ്സ് എപ്പോഴെങ്കിലും നിന്നെ നിർബന്ധിച്ചിട്ടുണ്ടോ കർത്താവിന്റെ മണവാട്ടിയാകണമെന്ന്".

"ഇല്ല നന്ദൻ പിന്നെ നീ വിചാരിക്കുന്നതുപോലെ ഞാൻ കന്യാസ്ത്രീയൊന്നുമാവാൻ പോകുന്നില്ല. എനിയ്ക്കൊരുപാട് ലക്ഷ്യങ്ങളുണ്ട്. കർത്താവായ ദൈവം നമ്മളെ ഭൂമിയിലേക്കയച്ചതുതന്നെ ആ ഓരോ ലക്ഷ്യവും നിറവേറ്റാനാണ്. എന്റെ കടമകൾ.. അതെനിക്ക് ചെയ്തുതീർത്തേപറ്റൂ. അതിന് കല്യാണം തടസ്സമാണ്.

പുഞ്ചിരിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞതെങ്കിലും അവന് ദേഷ്യമാണ് വന്നത്. ഒന്നും

പറയാതെ എല്ലാം തകർന്നവനെപ്പോലെ നന്ദൻ പോകുന്നതും നോക്കി ഞാൻ നിന്നു.

മനസ്സിലെ പ്രണയത്തിന് വല്ലാത്ത ചൂടാണ് നന്ദൻ. അത് തിളച്ചു മറിഞ്ഞുകൊണ്ടിരിക്കും. അവിടെ വെന്തുരുകുകയാണ് ഞാൻ പക്ഷെ നിനക്കതറിയില്ലല്ലോ.

നന്ദന്റെ കല്യാണമുറപ്പിച്ചപ്പോൾ എന്റെ ഹൃദയത്തിലിരുന്ന് ഒരഗ്നി കുണ്ഡം ജ്വലിച്ചു. അതിന്റെ തീവ്രതയിൽ ഞാൻ വീണുപോയി. രണ്ടുദിവസം ഹോസ്പിറ്റലിൽ...

മരുഭൂമിയിൽ ഇഴഞ്ഞു നീങ്ങിയപ്പോൾ ഒരിറ്റുവെള്ളം തന്നവൻ. മരുപ്പച്ച സ്വപ്നം കാണിച്ച് മുമ്പോട്ട് നടത്തിയവൻ... പാതിവഴിയിൽ പൊള്ളുന്ന മണലാരണ്യത്തിൽ എന്നെ തനിച്ചാക്കിയപ്പോൾ ആദ്യം ഈർഷ്യതോന്നി. പിന്നെ മനസ്സിലായി എന്റെ തെറ്റാണെന്ന്. കണ്ണില്ലാത്തപ്പോഴെ കണ്ണിന്റെ വിലയറിയൂ എന്ന വാക്ക് അപ്പോൾ ഓർമ്മ വന്നു.

ഓർക്കാതിരിക്കാൻ ശ്രമിച്ചിട്ടും നന്ദന്റെ മുഖം എന്നിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. അപ്പോഴെല്ലാം ബൈബിൾ എടുത്തുവായിക്കുന്നത് ശീലമാക്കി. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും. എങ്കിലും ഒറ്റപ്പെട്ടു പോവുകയാണെന്ന തോന്നൽ തന്നെ വേട്ടയാടി.

പഴയതുപോലെ തന്റെ കടമകളിലേക്ക് തിരിഞ്ഞു. എല്ലാം മറന്ന് ജോലിക്ക് പോയി തുടങ്ങി. "ഭയപ്പെടേണ്ട കുഞ്ഞേ,ഞാൻ നിന്നോടുകൂടെയുണ്ട്. ദൈവം മനസ്സിൽ മന്ത്രിച്ചുകൊണ്ടിരുന്നു.

പക്ഷെ ഇന്ന്... വീണുകിട്ടിയ ശാന്തിയും സമാധാനവും ഇന്ന് തകർന്നടിയുകയാണുണ്ടായത്. കല്യാണം കഴിഞ്ഞ് ഒരാഴ്ചയ്ക്കുശേഷം നന്ദൻ വന്നപ്പോൾ സന്തോഷം തോന്നി. എന്നോടു ദേഷ്യമൊന്നുമില്ലല്ലോ. പക്ഷേ ഒറ്റയ്ക്കാണെന്നു മനസ്സിലാക്കിയപ്പോൾ മനസ്സിടിഞ്ഞു.

മുഖത്ത് പഴയ പ്രസരിപ്പൊന്നും കണ്ടില്ല. ഏതോ മഹാരോഗം പിടിച്ചവനെപ്പോലെ അവശനായി നന്ദൻ എന്റെ മുമ്പിൽ നിന്നു.

" അലീന ഞാൻ പരാജയമാണ്. ആദ്യം നീയെന്നെ തോൽപ്പിച്ചു. പിന്നെ അമ്മയുടെ നിർബന്ധത്തിൽ വിവാഹം കഴിച്ച പെണ്ണിന്റെ മുമ്പിലും ഞാൻ തികഞ്ഞ പരാജയമായി. നീയല്ലാതെ വേറൊരു പെണ്ണിന്റെ മുഖത്തു നോക്കാൻപോലും ശക്തിയില്ലാത്തവനായിപ്പോയി ഞാൻ".

തന്റെ കൈകൾ കൂട്ടിപ്പിടിച്ച് കരയുന്ന നന്ദനോട് എന്തുപറയണമെന്നറിയാതെ ഞാൻ നിന്നു.

# വിരഹം

എൻ കിനാക്കൾ വെറുതെ എന്നറിഞ്ഞിടും
എന്തിനു ഞാൻ നിന്നെ പ്രണയിച്ചു
അറിയില്ലെനിക്കതിൽ അരുതാത്തതെന്തെന്ന്
അറിയില്ല കണ്ടെത്താൻ കഴിഞ്ഞില്ല
അവളെന്റെ ദേവത അവളെന്റെ പ്രാർത്ഥന
അവളെന്റെ അനുപമചൈതന്യം.
സ്നേഹിച്ചുപോയി ഞാൻ അർഹതയില്ലാതെ
അവളെന്ന ആർദ്രമാം ഹിമകണത്തെ
അരുവിപോൽ, അവളെന്റെ ആത്മാവിൽ
ചാലിച്ച അമൃതവർഷമെന്നറിവൂ ഞാൻ
എന്തിനു സഖീ നീ വാക്കാലെന്നെ വെറുതെ
കുത്തിനോവിച്ചിടുന്നു...
മറക്കാൻ കഴിയാത്തൊരോർമ്മയായ് എന്തി-
നെൻ ഹൃദയത്തിന്നുൾത്തടം കീഴടക്കി.
ചിത്തത്തിനുള്ളിൽ ചിന്തിതമായൊരു
ചിത്രകലാശിൽപ്പം നീയല്ലോ...
സ്വപ്നത്തിലെങ്കിലും നീയെന്റെ മാറിലായ്
അമരുവാൻ കൊതിയോടെ കാത്തിരിപ്പൂ ഞാൻ
എന്തിനായ് നിന്നുടെ നെറുകിലെ കുങ്ക ം
മറ്റൊരാൾക്കായ് നീ മാറ്റിവച്ചു...
നിന്നോടു ചേരുവാൻ നിന്നിലലിയുവാൻ
എത്രയോ നാളുകൾ തപം ചെയ്തു ഞാൻ
ഇനിയെങ്കിലും നീയൊന്നറിയുമോ എന്ന-
ന്തരാത്മാവിലുണരുന്ന സ്നേഹഗീതം
നിനക്കായ് കുറിച്ചിട്ടതാം ആത്മഗീതം
നിന്നെക്കുറിച്ചുള്ള സ്വപ്നഗീതം...



മാർട്ടിന സണ്ണി
Ist BSc Mathematics

# Institute of communication and Information Technology

## Union Christian College

Accredited by the Dept. of Electronics, Govt of India
Regional Centre Mahatma Gandhi University
U.C.College P.O., Aluva- 683 102,Kerala
Ph: 0484-604613, E-mail:uccicit@md2.vsnl.net.in

**Courses**

**Full -Time**

| | | |
|---|---|---|
| B.C.A.(3year) | : | M.G. University |
| BLISc(1 year) | : | M.G. University |

PGDCA & A Level (1 Year) DOEACC,Govt. of india
DCA & O Level (1year) DOEACC, Govt of India

**Part Time**

CCC(6months)DOEACC
DCA & ADCA(1 Year) for College Students

CRI AKASH

സി. ആർ. ഐ.
ആകാശ്
പമ്പുകൾ

## കുറഞ്ഞ വോൾട്ടേജിൽ പോലും കൂടുതൽ കാര്യക്ഷമത



മോട്ടോർ



ബോർവെൽ
സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ



വെർട്ടിക്കൽ
ഓപ്പൺ വെൽ
സബ്മെഴ്സിബിൾ
മോണോബ്ലോക്ക്
പമ്പ്



ഹൊറിസോണ്ടൽ
ഓപ്പൺ വെൽ
സബ്മെഴ്സിബിൾ പമ്പ്

**അംഗീകൃത വ്യാപാരി**

| | | |
|---|---|---|
| HO: പെരിയാർ ട്രേഡിംഗ് കമ്പനി<br>ദേശം പി.ഒ., ആലുവ 683103<br>ഫോൺ: 2604240, 3240124 | Br: കൽക്കട്ട ടവേഴ്സ്<br>ബാങ്ക് ജംഗ്ഷൻ, ആലുവ 683101<br>ഫോൺ: 2632540 | Br: മണിക്കിരി റോഡ്,<br>വളഞ്ഞമ്പലം, എറണാകുളം<br>ഫോൺ: 3070001,3070002 |



# കുപ്പിവള



ദിവ്യ ജോർജ്ജ്
IInd BSc കെമിസ്ട്രി

പുറത്ത് മഴ തകർത്തുപെയ്യുകയാണ്. ഒപ്പം വീശുന്ന കാറ്റ് വരാന്തയെ മുഴുവനും നനയ്ക്കുന്നുണ്ട്. മഞ്ഞുകണങ്ങൾ പോലെ നേർത്ത മഴത്തുള്ളികൾ ദേഹത്തു വന്നു പതിച്ചപ്പോൾ ഭൂതകാലത്തിലെ ഏതോ സുന്ദര നിമിഷത്തിൽ ഒരിക്കൽ കൂടി എത്തിപ്പെട്ട അനുഭൂതി. ഏറെ നേരം മഴയുടെ താളം ശ്രദ്ധിച്ചുകൊണ്ട് അവളിരുന്നു.

ആകാശത്തിന്റെ അനന്തതയിലെവിടെയോ വച്ച് മഴത്തുള്ളിയായി രൂപാന്തരപ്പെട്ട് ഓരോ നിമിഷവും കൂടുതൽ കൂടുതൽ വേഗതയാർജ്ജിച്ച് താഴോട്ട് നിപതിക്കുന്ന ജല കണിക ചരിഞ്ഞ ഈ മേൽക്കൂരയിൽ വന്നു പതിച്ച് അനേകം തുള്ളികളുമായി കൂടിച്ചേർന്ന് നേർത്ത ധാരയായി വീണ്ടും താഴേക്ക് ഒഴുകി ഭൂമിയെ ചുംബിക്കുമ്പോൾ അവൾ ഏതോ സ്വപ്നത്തിലേക്ക് വഴുതി വീഴുകയായിരുന്നു."

ടീച്ചർ എന്താണ് ഇവിടെയിരിക്കുന്നത്? മഴചാറ്റൽ കൊണ്ട് പനിപിടിക്കില്ലേ? ആതിരയുടെ ചോദ്യം അവളെ ചിന്തയിൽ നിന്നുണർത്തി.

"ഏയ് വെറുതെ ഇരുന്നു എന്നേയുള്ളു. നീയിതു വരെ കിടന്നില്ലേ?"

"രാധിക മിസ് അസൈൻമെന്റ് തന്നിട്ടുണ്ട്. നാളെ ത്തന്നെ വച്ചില്ലെങ്കിൽ അരമാർക്കുപോലും തരില്ലെന്നാണ് പറഞ്ഞിരിക്കുന്നത് എന്തുചെയ്യാനാ? കുത്തിയിരുന്ന് എഴുതുകയല്ലേ നിവൃത്തിയുള്ളു!" അവൾ അറിയാതെ ചിരിച്ചുപോയി. രണ്ടാഴ്ച മുമ്പ് താൻ തന്നെ കൊടുത്ത അസൈൻമെന്റിനെക്കുറിച്ചാണ് ഇവൾ ഈ പറയുന്നത്. അതിശയമൊന്നും തോന്നിയില്ല. പഠിച്ചിരുന്നകാലത്ത് താനും ഇതുപോലെയായിരുന്നല്ലോ. അവൾ ഓർത്തു" അല്ലെങ്കിലും രാധിക മിസ് ഇങ്ങനെയാണല്ലേ. അസൈൻമെന്റ് തരും. പിറ്റേദിവസം എഴുതി

വയ്ക്കാൻ പറയും. നിങ്ങളുടെ കാര്യം മഹാകഷ്ട മാണല്ലോ!...ഉം..നടക്കട്ടെ."

